# ക്രൈസ്തവ കാഹളം

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'

DHARMARAM COLLEGE LIBRARY, BANGALORE.




★

1965
March--April
Vol. XXIV. No. 3-4.

വരിസംഖ്യ മുൻകൂർ 2ക. 50 സ.
വിദേശങ്ങളിൽ 3ക. 50 സ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

1. പത്രാധിപക്കുറിപ്പുകൾ 71
2. വൈദികാദ്ധ്യക്ഷസന്ദേശം 73
3. ആരാധനക്രമവും സ്വകാര്യഭക്തികൃത്യങ്ങളും (J. G.) 75
4. പരേതരായ വൈദികന്മാർ 77
5. അപ്പൊസ്തോലിക പിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും
(മോൺ. തോമസ് വടശ്ശേരി എൽ. ഡി.) 79
6. ക്രിസ്തുനാഥനും സമരായക്കാരിയും (J. G.) 81
7. വി. കന്യകമറിയാമിന്റെ ഇടക്കെട്ട് (ഷെവലിയർ റി. ഒ. എബ്രഹാം) 85
8. നക്ഷത്രദൂത് (കവിത) — എൻ. കെ. ജോൺ എം. എ. 88
9. കത്തോലിക്കാസഭയും ക്രിസ്തീയ പുനരൈക്യവും — (ഫാ. തോമസ് മണ്ണൂരഞ്ചേരി) 89
10. ജൂബിലേറിയനായ റവ. ഫാ. ഇഞ്ചെയ്ക്കലോടി — (ഫാ. ജേക്കബ് ഞായല്ലൂർ) 92
11. അനന്തസ്നേഹം (ഫ്രാൻസിസ് കൊച്ചുകല്ലിൽ) 95
12. മദർ തെരേസ- (ജി. പടികളം) 97
13. കൊച്ചച്ചന്റെ കത്ത് 100
14. ധ്യാനചിന്തകൾ (റവ. ടി. ഗീവറുഗീസ് കോറെപ്പിസ്കോപ്പ) 105
15. ദുഃഖവെള്ളിയാഴ്ച-ചില ശിഥില ചിന്തകൾ (The Rev. G. Palatty) 107
16 മന്ത്രകോടി (മിസ്സിസ് അന്നമ്മ മാമ്മൻ) 109
17. ഭദ്രാസനദൈവാലയപ്രതിഷ്ഠ (തോമസ് പടിയംകുളം) 112
18. ഭദ്രാസനപ്പള്ളിയിലെ ചുവർച്ചിത്രങ്ങൾ (കെ. പി. പത്മനാഭൻ തമ്പി) 116
19. 1964-ലെ മിഷ്യൻസൺഡേ പിരിവ് 126

STATEMENT ABOUT OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER "CHRISTHAVAKAHALAM"
FORM IV (*See Rule 8*)

| | |
|---|---|
| 1. Place of Publication: | Trivandrum. |
| 2. Periodicity of publication: | Monthly. |
| 3. Printer's Name: | Rt. Rev. Msgr. Philipose Remban. |
| Nationality: | Indian. |
| Address: | Archbishop's House, Trivandrum-4, Kerala State, S. India. |
| 4. Publisher's Name, Nationality, Address: | See 3 above |
| 5. Editor's Name, Nationality, Address: | See 3 above |
| 6. Name and address of Individuals who own the Newspaper and partners or shareholders holding more than one percent of the total capital: | Rt. Rev. Msgr. Philipose Remban. |

I, Msgr. Philipose Remban, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Msgr. Philipose Remban,
*Publisher.*

Dated 31st March, 1965.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 24. | മാർച്ച് ഏപ്രിൽ 1965. | ലക്കം 3-4. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### പരിഹാരം ചെയ്യുക.

അൻപതു നോമ്പ് അവസാനിക്കാറായി. ക്രിസ്തുനാഥന്റെ അവാച്യമായ, അനന്തമായ, സ്നേഹത്തെക്കുറിച്ച് കൂടുതൽ കൂടുതൽ ചിന്തിച്ച് നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ ഇനിയുള്ള ദിവസങ്ങളിൽ നാം ഒട്ടും അമാന്തിച്ചുകൂടാ. നമ്മുടെ പാപങ്ങൾക്കുവേണ്ടി മാത്രമുള്ള പരിഹാരപ്രവൃത്തികൾകൊണ്ടു നാം തൃപ്തിപ്പെട്ടുകൂടാ. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളെന്നുള്ള നിലയിൽ മററംഗങ്ങളുടേയും അംഗങ്ങളല്ലാത്തവരുടേയും പാപങ്ങൾക്കുകൂടി പരിഹാരം ചെയ്യുവാനുള്ള കടമ നമുക്കുണ്ടെന്നു വിസ്മരിക്കാതിരിക്കുക.

പാപപരിഹാരപ്രവൃത്തികളും പരസ്നേഹപ്രവൃത്തികളും കൂടാതെ ആചാരമെന്ന രീതിയിൽ ഭക്ഷണപാനീയങ്ങൾ വർജ്ജിക്കുന്നതുകൊണ്ടോ, ദൈവാലയ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതുകൊണ്ടോ കാര്യമായ എന്ത് ആധ്യാത്മികനേട്ടം ഉണ്ടാകാനാണ്? ഏശയ്യാ 58-ാം അധ്യായം മുഴുവനും ഒന്നു മനസ്സിരുത്തി വായിച്ചു നോക്കുക. പരസ്നേഹപ്രവൃത്തികളും പാപപരിഹാരപ്രവൃത്തികളും കൂടാതെയുള്ള ബാഹ്യാചരണങ്ങളുടെ വ്യർത്ഥതയെക്കുറിച്ചു പ്രവാചകൻ സ്പഷ്ടമായി പ്പറയുന്ന വാചകങ്ങൾ നമ്മെ ഒരു ആത്മപരിശോധനയ്ക്കു പ്രേരിപ്പിക്കട്ടെ.

കുരിശ് മഹത്വത്തിന്റെ മുന്നോടിയാണ്. കുരിശ് വിജയത്തിന്റെ അടയാളമാണ്; ദൈവത്തിലുള്ള പ്രത്യാശയുടെ പ്രതീകമാണ്; ദൈവസ്നേഹത്തിന്റെ സുഭഗദീപ്തി ഉതിരുന്ന പ്രകാശനിക്ഷേപമാണ്. പാപപരിഹാരം ചെയ്ത് ദൈവതിരുവിഷ്ടം നാം നിറവേററിയാൽ, ക്രിസ്തുവിനെപ്പോലെ കുരിശിനെ നാം സമാശ്ലേഷിച്ചാൽ, നാമും ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കാളികളാകും. ദുഃഖവെള്ളിയാഴ്ചയും ഉയർപ്പു ഞായറാഴ്ചയും പരസ്പരം ബന്ധിതങ്ങളാണ്.

## അനുമോദനങ്ങൾ.

"ക്രൈസ്തവകാഹള"ത്തിന്റെ പത്രാധിപസമിതിയംഗവും ചെങ്ങന്നൂർ സ്വദേശിയുമായ ശ്രീമാൻ ജോർജ്ജ് വറുഗീസ് കണ്ണന്താനത്തിന് പരിശുദ്ധ സിംഹാസനത്തിൽ നിന്നും "പ്രിവിചേമ്പർലയിൻ" എന്ന അസുലഭസ്ഥാനം ഈ അടുത്ത കാലത്തു ലഭിച്ച വിവരം ഇതിനകം എവരും അറിഞ്ഞിരിക്കുമല്ലോ. അക്കാര്യം ഒരു വാർത്തയായി ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഷെവലിയരുടെ സ്ഥാനവസ്ത്രങ്ങളോടുകൂടിയ ഒരു ഫോട്ടോസഹിതം ഒരു കുറിപ്പെഴുതണമെന്നു ഞങ്ങൾ വിചാരിച്ചതിനാലത്രേ ഈ അനുമോദനക്കുറിപ്പെഴുതുവാൻ ഇത്രയും താമസിച്ചതു്.

പേരെടുത്ത ഒരു അഭിഭാഷകനും സുപ്രസിദ്ധ വാഗ്മിയും ഒരുത്തമ കത്തോലിക്കായുവാവുമായ ഷെവലിയർ കണ്ണന്താനത്തെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുകയും മലങ്കര സിറിയൻ കത്തോലിക്കാസമുദായത്തെ ഈ വിധം ബഹുമാനിച്ചതിൽ പരി. സിംഹാസനത്തോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.



കേരളത്തിൽ പുനരൈക്യപ്രസ്ഥാനം സമാരംഭിക്കുന്നതിനു നാലു വർഷങ്ങൾക്കു മുൻപ് മാർത്തോമ്മാസഭയിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെങ്ങന്നൂരിലും പരിസരപ്രദേശങ്ങളിലും പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ദീർഘകാലം തീക്ഷ്ണതാപൂർവ്വം പ്രവർത്തിക്കുകയും ചെയ്ത പരേതനായ വറുഗീസ് കണ്ണന്താനത്തിന്റെ പുത്രനാണ് നമ്മുടെ ഷെവലിയർ.

എറണാകുളത്തു് ഇപ്പോൾ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്ന ഷെവലിയരുടെ ഭാവിജീവിതം കേരളകത്തോലിക്കാസഭക്കും സമുദായത്തിനും പുനരൈക്യപ്രസ്ഥാനത്തിനും നിരവധി പ്രയോജനങ്ങൾക്കു ഹേതുകമാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഷെവലിയർക്കു സകലവിധ മംഗളങ്ങളും ഞങ്ങൾ നേരുന്നു.

## സ്വന്തം കാര്യം.

'ക്രൈസ്തവകാഹള'ത്തിന്റെ മൂലധനം ബഹു. വൈദികരുടെയും വരിക്കാരുടേയും സൗമനസ്യവും സഹായങ്ങളും മാത്രമാണു. സാമ്പത്തികമായ ക്ലേശങ്ങളിൽ കൂടിയാണ് മാസിക ഞങ്ങൾ നടത്തിക്കൊണ്ടുപോകുന്നതു്. സഹായവും പ്രോത്സാഹനവും നൽകി ഞങ്ങളെ അനുഗ്രഹിക്കുന്നവരോടു ഞങ്ങൾ അതീവകൃതജ്ഞതയുള്ളവരാണ്. അതേസമയം തന്നെ പ്രത്യേകമായ സഹായങ്ങളോ പോകട്ടെ, കൃത്യമായി വരിസംഖ്യ തരാൻ കഴിവുണ്ടായിട്ടും തങ്ങൾക്കതിനു കടപ്പാടൊന്നുമില്ലെന്നുള്ള മട്ടിൽ മാസിക തുടർന്നു വരുത്തുകയും വരിസംഖ്യ നൽകാതിരിക്കുകയും ചെയ്യുന്ന അനേകരെക്കുറിച്ചോർക്കുമ്പോൾ ഞങ്ങൾക്കു മനഃപ്രയാസം തോന്നുകയും ചെയ്യുന്നുണ്ട്. ഒരു നല്ല മാസികയുടെ പാരായണം പത്തു പ്രസംഗങ്ങളെങ്കിലും കേൾക്കുന്ന ഫലം ചെയ്യുമെന്നുള്ളതു തീർച്ച. പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ആവുംവിധം പരിശ്രമിച്ചുപോരുന്ന ബഹുമാനപ്പെട്ട വൈദികന്മാർ ഇക്കാര്യം പ്രത്യേകമൊന്നു ഓർമ്മിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. നമ്മുടെയിടവകകളിൽ കത്തോലിക്കാമതചൈതന്യം വളരുന്നതിനു 'ക്രൈസ്തവകാഹള'ത്തിന്റെ പ്രചാരം സഹായക

# വൈദികാദ്ധ്യക്ഷ സന്ദേശം

കർത്താവിൽ പ്രിയരെ,

I

അന്തർദ്ദേശീയ മരിയൻകോൺഗ്രസ് ദൈവമാതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനുള്ള ഒരു സമ്മേളനമാണ്. ഈ കോൺഗ്രസ്സിന്റെ സ്ഥിരംകമ്മററിയിലേക്ക് പരിശുദ്ധ സിംഹാസനത്തിൽനിന്നും നമ്മെ നിയമിച്ചിരിക്കുന്ന വിവരം നിങ്ങൾക്ക് എല്ലാം അറിവുള്ളതാണല്ലോ. പ്രസ്തുത കോൺഗ്രസിന്റെ അടുത്ത സമ്മേളനം മദ്ധ്യഅമേരിക്കയിൽ Dominican Republic എന്ന രാജ്യത്ത് സാൻഡൊമിംഗോ എന്ന പട്ടണത്തിൽ വച്ച് ഈ മാർച്ച് 18 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ നടക്കുകയാണ്. ചില്ലി രാജ്യത്ത് സാൻറിയാഗോയിലെ ആർച്ചുബിഷപ്പായ കർദ്ദിനാൾ റാവൂം സിൽവായാണ് സമ്മേളനത്തിൽ പരിശുദ്ധ പിതാവിന്റെ പ്രത്യേക പ്രതിനിധി.

കോൺഗ്രസ്സിന് പ്രധാനമായി രണ്ടു പരിപാടികളാണുള്ളത്. ആദ്യത്തെ മൂന്നു ദിവസങ്ങളിൽ ഒരു പഠനക്കളരി നടക്കുന്നതായിരിക്കും. പ്രസിദ്ധന്മാരായ ദൈവശാസ്ത്രജ്ഞന്മാർ ഒരുമിച്ചു കൂടി ഈ പഠനക്കളരിക്ക് നേതൃത്വം നൽകും. "Mary in Sacred Scripture" 'മറിയം വിശുദ്ധഗ്രന്ഥത്തിൽ' എന്നതായിരിക്കും പഠനത്തിനുള്ള വിഷയം. പഴയനിയമത്തിലും പുതിയനിയമത്തിലും പരിശുദ്ധ ദൈവമാതാവിനെപ്പററി പ്രതിപാദിക്കുന്ന ഭാഗങ്ങളിൽ പ്രധാനമായവയെപ്പററിയുള്ള ഒരു ഗൗരവമായ പഠനമായിരിക്കും ഇത്. അറിവു കൂടാതെ സ്നേഹമില്ല. മാതാവിനെ വേണ്ടവണ്ണം ബഹുമാനിക്കുന്നതിന് മാതാവിനെപ്പററിയുള്ള അറിവ് വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണ്. അതിനുള്ള പ്രധാന അടിസ്ഥാനം ദൈവവചനമായ വിശുദ്ധ ഗ്രന്ഥമാണല്ലോ ക്രിസ്തീയഐക്യം സംബന്ധിച്ച് ഇന്നു സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ വളരെ സഹായിക്കുന്നതായിരിക്കും വിശുദ്ധ ഗ്രന്ഥത്തിൽനിന്നുതന്നെ മാതാവിനെപ്പററി കൂടുതലായി അറിയുവാൻ ശ്രമിക്കുന്നതു്. ദൈവവചനത്തെ വിലമതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അകത്തോലിക്കാ വിശ്വാസികൾക്കും ഈ പഠനം സ്വീകാര്യവും പ്രയോജനകരവുമായിരിക്കും.



ആത്മാവിൽ ഈ പഠനക്കളരിയിൽ നമുക്കും പങ്കെടുക്കാം. മാതാവിനെപ്പററി കൂടുതലായി അറിയുന്നതിന് നമുക്കു ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. സർവ്വോപരി വിശുദ്ധ ഗ്രന്ഥം ഭക്തിയോടും ശ്രദ്ധയോടും വായിച്ചുകൊണ്ടു് നമുക്കു ഇതിനായി ഒരുങ്ങാം.

---

മായിത്തീരുമെന്നുള്ളതിൽ സംശയമില്ല. വരിസംഖ്യ കുടിശ്ശികയുള്ളവർ ഉടനെതന്നെ അതു നൽകി സഹായിക്കണമെന്നപേക്ഷ.

കടലാസിന്റെ വിലയും അച്ചടിക്കൂലിയും വളരെ വർദ്ധിച്ചിട്ടും ഇതേവരെ വരിസംഖ്യ ഞങ്ങൾ കൂട്ടാതെ കഴിക്കുകയായിരുന്നു. ഭരിച്ച നഷ്ടമാണു് അതുമൂലമുണ്ടായതു്. വൈമനസ്യത്തോടെയെങ്കിലും വരിസംഖ്യ പ്രതിവർഷം അൻപതു പൈസ കൂടെ വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. അതിനാൽ 1965 മേയ് മാസം മുതൽ 'ക്രൈസ്തവകാഹളം' ത്തിന്റെ വാർഷികവരിസംഖ്യ മൂന്നു രൂപയായിരിക്കും. തുച്ഛമായ ഈ വർദ്ധനവ് മാന്യ വരിക്കാർ സസന്തോഷം അംഗീകരിച്ച് ഈ മാസികയെ അനുഗ്രഹിക്കണമെന്നപേക്ഷ.

കോൺഗ്രസ്സിന്റെ അവസാനത്തെ മൂന്നു ദിവസങ്ങൾ മാതാവിനോടുള്ള ഭക്തി ബാഹ്യമായി പ്രകടിപ്പിക്കുന്നതിനുള്ള ദിവസങ്ങളാണു്. "മനുഷ്യവർഗ്ഗത്തിന്റെ ആത്മീയമാതാവായ മറിയം" എന്നതാണു് കോൺഗ്രസ്സിന്റെ മുദ്രാവാക്യം. ആഘോഷമായ വിശുദ്ധ കുർബാന, പ്രസംഗങ്ങൾ, മാതാവിനോടുള്ള പ്രതിഷ്ഠ, ദീപം വഹിച്ചുകൊണ്ടുള്ള പ്രദിക്ഷണം, എന്നീ ഭക്തകൃത്യങ്ങളും കൂടാതെ "നസ്രത്തുഗ്രാമം" എന്ന പേരിൽ പാവങ്ങൾക്കു വേണ്ടിയുള്ള കോളനിയുടെ ഉൽഘാടനവും ഇതിൽ ഉൾപ്പെടുന്നു.

കോൺഗ്രസ്സിന്റെ എല്ലാ പരിപാടികളിലും വിശ്വാസികളെല്ലാവരും ആത്മീയമായി പങ്കെടുക്കണമെന്നു് നാം ആഗ്രഹിക്കുന്നു. നാമും ഒരുത്തമായ പ്രതിനിധിയും നിങ്ങൾക്കെല്ലാവർക്കുമായി ഈ ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി ഇന്നു് ഇവിടെനിന്നും പുറപ്പെടുകയാണു്. മാതാവിനെപ്പററിയുള്ള അറിവു്, മാതാവിനോടുള്ള ഭക്തി, പരസ്നേഹം വഴിയായി മാതാവിനെ അനുകരിക്കുക, ഇവകളാണു് കോൺഗ്രസ്സുമൂലം പ്രതീക്ഷിക്കുന്ന സൽഫലങ്ങൾ.

## II

April മാസം 25-ാം തീയതി മുതൽ May മാസം രണ്ടാം തീയതി വരെ "വൊക്കേഷൻ വീക്കു്" (vocation week) (ദൈവവിളിവാരം) ആയി ആഘോഷിക്കുന്നതിനു് തിരുസിംഹാസനത്തിൽ നിന്നും നിർദ്ദേശിച്ചിരിക്കുകയാണു്. "കൊയ്ത്തു വളരെ; വേലക്കാരോ ചുരുക്കം. അതുകൊണ്ടു് തന്റെ കൊയ്ത്തിനു് വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിന്റെ ഉടമസ്ഥനോടു് നിങ്ങൾ പ്രാർത്ഥിക്കുവിൻ". (മത്തായി. 9. 37-38) വേറൊരവസരത്തിൽ സമരിയായിൽക്കൂടി കടന്നു പോകുമ്പോൾ നമ്മുടെ കർത്താവു് ശിഷ്യന്മാരോടായിട്ടു പറയുകയുണ്ടായി: "നാലു മാസങ്ങളുടെ ശേഷം കൊയ്ത്തുകാലം വരും എന്നു് പറയുന്നില്ലേ? ഇതാ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ കണ്ണുകൾ ഉയർത്തി നിലങ്ങൾ പണ്ടേതന്നെ വെളുത്തു് കൊയ്ത്തിനടുത്തിരിക്കുന്നതു് കാണുവിൻ". (യോഹ. 4, 35) ദൈവവചനം പ്രസംഗിക്കുന്നതിനും, ദൈവത്തിന്റെ വേല ചെയ്യുന്നതിനും അന്നത്തെപ്പോലെതന്നെ ഇന്നും വേലക്കാരുടെ കുറവു് ഏററം സങ്കടകരമാണു്. പഠനം, പ്രാർത്ഥന ഇവവഴിയായും തിരുസഭ നിർദ്ദേശിക്കുന്ന മററു മാർഗ്ഗങ്ങളിൽക്കൂടിയും ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതു് ഇന്നു് അത്യന്താപേക്ഷിതമാണു്. അതിനാണു് ഇപ്രകാരം ഒരാഴ്ച പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നതു്. ഇന്നു് ലോകത്തിൽ അഞ്ചിൽ നാലുഭാഗവും ദൈവവചനം സ്വീകരിച്ചിട്ടില്ല. ക്രിസ്തീയരാജ്യങ്ങളെന്നു് അറിയപ്പെടുന്ന അനേക പ്രദേശങ്ങളിൽ പതിനായിരം വിശ്വാസികൾക്കു് ഒന്നു് എന്ന കണക്കിൽപ്പോലും വൈദികർ ഇല്ലാതിരിക്കുന്ന ലോകത്തിൽ ആകമാനം ദൈവവിളി വർദ്ധിക്കുന്നതിനായി നാം പ്രത്യേകം പ്രാർത്ഥിക്കണം. വിശേഷവിധിയായി ഭാരതത്തിലും, അതിലും പ്രത്യേകിച്ചു് നമ്മുടെ അതിരൂപതയിലും ദൈവവിളി വർദ്ധിക്കുന്നതിനായി നാം പ്രാർത്ഥിക്കുകയും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

നമ്മുടെ അതിരൂപതയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ചു് ദൈവവിളിക്കായിട്ടുള്ള ധ്യാനം നടത്തുന്നതായിരിക്കും.

സെൻറു് അലോഷ്യസ് സെമിനാരി, പട്ടം: ഏപ്രിൽ 20-ാം തീയതി വൈകുന്നേരം മുതൽ 23-ാം തീയതി രാവിലെവരെ.

ബഥനിആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ കററാണത്തുവച്ചു് ഏപ്രിൽ 7-ാം തീയതി മുതൽ 10-ാം തീയതി വരെ.

ബഥനി സന്യാസിനീസമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ മഠത്തിൽ വച്ചു് ഏപ്രിൽ 30-ാം തീയതി മുതൽ മേയ് 4-ാം തീയതി വരെ.

മേരിമക്കൾ സന്യാസിനീസമൂഹത്തിന്റെ ആഭിമുഖ്യത്തിൽ അടൂർ വച്ചു് ഏപ്രിൽ 28-ാം തീയതി മുതൽ മേയ് 1-ാം തീയതി വരെ.

# ആരാധനക്രമവും സ്വകാര്യഭക്തകൃത്യങ്ങളും

(J. G.)

രണ്ടാം വത്തിക്കാൻ സൂനഹദോസ് പാസ്സാക്കിയിട്ടുള്ള ഘടനകളെല്ലാം തന്നെ കത്തോലിക്കാസഭയിൽ വിദൂരവ്യാപകങ്ങളായ ഫലങ്ങളുളവാക്കുവാൻ പോരുന്നവയാണല്ലോ. ആരാധനക്രമത്തെക്കുറിച്ചുള്ള ഘടനയാണ് സൂനഹദോസ് പിതാക്കന്മാർ ആദ്യം പാസ്സാക്കിയത്. ആരാധനക്രമത്തിന്റെ നവീകരണം വഴി വിശ്വാസികളുടെ ക്രിസ്തീയ ജീവിതത്തിനു കൂടുതൽ ഓജസ്സും ശക്തിയും ലഭിക്കണമെന്നും ആരാധനക്രമവുമായി താദാത്മ്യംതന്നെ പ്രാപിച്ച ഒരു ജീവിതനവീകരണം വിശ്വാസികൾക്കുണ്ടാകണമെന്നും സഭാപിതാക്കന്മാർ ആഗ്രഹിച്ചിരുന്നു; ആരാധനക്രമത്തിൽ കൂടി സഭാംഗങ്ങൾ ദൈവിക സംസർഗ്ഗത്തിൽ വർത്തിക്കണമെന്ന് അവർ അഭിലഷിച്ചിരുന്നു.

കത്തോലിക്കാസഭയിൽ വിശ്വാസികളിൽ ഭക്തിചൈതന്യവും വിശ്വാസപുഷ്കലതയും ഉളവാക്കുന്ന അനേകമനേകം സ്വകാര്യഭക്ത്യാഭ്യാസങ്ങളുണ്ടല്ലോ. കന്യകമറിയത്തോടും വിശുദ്ധന്മാരോടുമുള്ള പ്രാർത്ഥനകൾ ഉദാഹരണമായെടുക്കാം. സഭയുടെ ഔദ്യോഗികമായ ആരാധനയിൽ സജീവമായി പങ്കെടുക്കാതെയോ അതിനു വ്യക്തിപരമായ ജീവിതത്തിൽ പ്രമുഖമായ സ്ഥാനം നൽകാതെയോ സ്വകാര്യഭക്ത്യാഭ്യാസങ്ങളനുഷ്ഠിക്കുന്നതിൽ നിഷ്ഠ വസ്തുകരൂപത്തെ വിട്ടു നിഴലിനെതേടിപ്പോകയാണ്. ആരാധനക്രമത്തിന്റെ നവീകരണത്തിൽ സ്വകാര്യഭക്ത്യാഭ്യാസങ്ങൾ (Private devotions)ക്കു എന്തു സ്ഥാനമുണ്ടായിരിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സാധാരണ വിശ്വാസികൾക്കും ചില വൈദികന്മാർക്കു തന്നെയും സന്ദേഹമാണുള്ളതെന്നു ഈ ലേഖകനു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു.

സീറോമലങ്കരറീത്തിനെ സംബന്ധിച്ചിടത്തോളം ആരാധനക്രമനവീകരണം എന്നൊരു പ്രശ്നമേയില്ല. പാശ്ചാത്യറീത്തുകളെയാണ്, പ്രത്യേകിച്ചു ലത്തീൻറീത്തിനെയാണ് നവീകരണം കാര്യമായി സ്പർശിച്ചി

---

ലിററിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് (യേശുവിന്റെ ചെറുസഹോദരികൾ) എന്ന പേരിൽ ആരംഭിക്കപ്പെട്ട സന്യാസസമൂഹത്തിന്റെ നമ്മുടെ റീത്തിലെ ഒരു ശാഖാമന്ദിരം കുറേ വർഷങ്ങളായി ഇവിടെ നടത്തി വരുന്നുണ്ട്. ഈ സന്യാസിനികൾ പ്രത്യേകമായി ഏതെങ്കിലും ഒരു ജോലി ഏററു നടത്താതെ പ്രാർത്ഥനയിലും പ്രവൃത്തിയിലും നസ്രത്തിലെ തിരുക്കുടുംബത്തെ അനുകരിക്കുന്നതിനു ശ്രമിക്കുന്നു. ഇവരെ കൂടാതെ കർമ്മലീത്താ, ഈശോസഭ എന്നീ സന്യാസസമൂഹത്തിലെ അംഗങ്ങളും, ഫ്രാൻസിസ്കൻ ബ്രദേഴ്സും നമ്മുടെ അതിരൂപതയിൽ പ്രേഷിതവേല നടത്തുന്നുണ്ട്. നമ്മുടെ അതിരൂപതയിൽനിന്നും പതിമൂന്നു യുവതികൾ ജർമ്മനിയിലെ സിസ്റ്റേഴ്സ് ഓഫ് ചാരിററി ഓഫ് സെൻറ് വിൻസെൻറ് ഡി പോൾ എന്ന സന്യാസസഭയിൽ ചേർന്ന് പരിശീലനം നടത്തുന്നുണ്ട്. നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഇതു ഒരു പുതിയ കാൽവെയ്പ്പാണ്. സ്തുത്യർഹമായ ഈ പ്രേഷിതവേലയ്ക്കായും ഇനിയും വളരെപേരെ ആവശ്യമുണ്ട്. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ വൈദികർക്ക് പ്രത്യേക ഉത്തരവാദിത്വമുണ്ട്. ക്രിസ്തീയ അന്തരീക്ഷവും നല്ല പ്രാർത്ഥനാ ജീവിതവും ഉള്ള കുടുംബങ്ങളിൽ നിന്നാണ് ദൈവം തന്റെ വേലയ്ക്കായി ആളുകളെ വിളിക്കുന്നത് എന്ന് മാതാപിതാക്കന്മാർ പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. ദൈവം തങ്ങളെ തന്റെ വേലയ്ക്കായി വിളിക്കുന്നു എന്ന് ഗ്രഹിക്കുന്ന യുവതീയുവാക്കന്മാർ ഔദാര്യത്തോടും ദൈവാശ്രയത്തോടും കൂടി അതിനായി തങ്ങളെതന്നെ ഒരുക്കേണ്ടതാണ്. ഈയാണ്ടത്തെ "വൊക്കേഷൻ വീക്ക്" നേരത്തെക്കൂട്ടി തയ്യാറാക്കി പ്രത്യേക പ്രാർത്ഥനയോടും പരിപാടികളോടും കൂടി നടത്തണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു.

എന്ന്,

✠ ബനഡിക്ട് മാർ ഗ്രിഗോറിയോസ്,
തിരുവനന്തപുരം മെത്രാപ്പോലീത്താ.

തിരുവനന്തപുരം,
13-3-1965.

ട്ടുള്ളതു്. ലത്തീൻ റീത്തു "സുറിയാനീകരിച്ചതിൻെറ" ഫലമായിട്ടുണ്ടായ കേരളത്തിലെ കൽദായറീത്തു് (സീറോമലബാർറീത്തു്) ഇന്നു് പഴയ രീതിയിലേക്കു മടങ്ങിപ്പോയിക്കൊണ്ടിരിക്കുകയാണല്ലോ. ഒരു കാര്യം ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. പൗരസ്ത്യറീത്തുകളെ "രണ്ടാംകിട" റീത്തുകളായി കരുതിപ്പോന്ന അനേകരുടെ തെററായ ധാരണകൾ നീങ്ങാൻ പര്യാപ്തമായിട്ടുണ്ടു്, വത്തിക്കാൻ സൂനഹദോസു് ആരാധനക്രമത്തെക്കുറിച്ചു് പാസ്സാക്കിയ ഘടനയും ആ ഘടന നടപ്പിൽ വരുത്തുന്നതു സംബന്ധിച്ചു ലിററർജിക്കൽ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങളും ഘടനയുടേയും നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ പല റീത്തുകളിലും നടക്കുന്ന നവീകരണസംഭവങ്ങളും. പൗരസ്ത്യറീത്തുകളുടെ മഹത്തായ പാരമ്പര്യവും നിർമ്മലതയും ദൈവശാസ്ത്രപരമായ അടിയുറപ്പും ഇന്ന് പാശ്ചാത്യറീത്തുകാർക്കും ആ റീത്തുകളിൽ മേന്മ കാണുന്നവർക്കും ബോധപ്പെട്ടുവരികയാണു്. പാശ്ചാത്യറീത്തുകൾ ഇന്നു പൗരസ്ത്യറീത്തുകളിലെ ആചാരങ്ങളോടു കൂടുതൽ സാത്മ്യം പ്രാപിച്ചുകൊണ്ടിരിക്കയാണെന്നും ഒരർത്ഥത്തിൽ പറയാം. ലത്തീൻ റീത്തിലും മററു പാശ്ചാത്യ റീത്തുകളിലും ജനങ്ങളുപയോഗിക്കുന്ന ഭാഷകൾ ആരാധനക്രമത്തിൽ സ്വീകരിച്ചുവരുന്നതു് ഒരു ഉദാഹരണം മാത്രമാണു്. റീത്തും ആരാധനക്രമവും ജനങ്ങൾക്കുവേണ്ടിയാണല്ലോ. ഒരിക്കൽ കേരളത്തിലെ സുപ്രസിദ്ധനായ ഒരു വൈദികൻ (അദ്ദേഹം സിറോമലങ്കരറീത്തിലല്ല) ഈ ലേഖകനോടു പ്രസ്താവിച്ചു. "വി. കുർബാനയിൽ മലയാളം ഉപയോഗിച്ചാൽ അതിൻെറ Mystery നഷ്ടപ്പെട്ടുപോകും" എന്നു്. ലേഖകൻ ചിരിച്ചുകൊണ്ടു ചോദിച്ചു, "അച്ചോ, ഈ മിസ്റ്ററി, മിസ്റ്ററി എന്നു പറഞ്ഞാലെന്താണു്" എന്നു്. കാര്യത്തിൻെറ മർമ്മം ഗ്രഹിച്ച അദ്ദേഹം അതിനു മറുപടി പറഞ്ഞില്ല. ഇന്നു് അദ്ദേഹം എന്തു പറയുമെന്നു് ഞാൻ അത്ഭുതപ്പെടുകയാണു്.

നാം വിഷയത്തിൻെറ മർമ്മഭാഗത്തുനിന്നു അല്പം വ്യതിചലിച്ചുപോയി. ഇനിയും വിഷയത്തിൻെറ മർമ്മഭാഗത്തേക്കു കടക്കാം. ആരാധനക്രമനവീകരണം സിറോമലങ്കരറീത്തിനു ബാധകമല്ലെങ്കിലും സൂനഹദോസു് പാസ്സാക്കിയ ഘടനയിലെ പൊതുനിർദ്ദേശങ്ങൾ നമ്മുടെ റീത്തിനും ബാധകമാണു്. ഘടനയുടെ പന്ത്രണ്ടാം ആർട്ടിക്കിളിൽ നാം വായിക്കുന്നു. "ആരാധനക്രമത്തിലുള്ള ഭാഗഭാഗിത്വത്തിൽ മാത്രം പരിമിതപ്പെട്ടതാവുന്ന ഒന്നല്ല ആദ്ധ്യാത്മികജീവിതം. ഓരോ ക്രിസ്ത്യാനിയും തൻെറ സഹോദരങ്ങളോടു ചേർന്നു പ്രാർത്ഥിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, സ്വർഗ്ഗസ്ഥനായ പിതാവിനോടു രഹസ്യത്തിൽ പ്രാർത്ഥിക്കുവാനും അവൻ തൻെറ മുറിയിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു. മാത്രമല്ലാ വി. അപ്പോസ്തലൻ പഠിപ്പിക്കുന്നതുപോലെ അവൻ അനുസ്യൂതം പ്രാർത്ഥിക്കയും വേണം" ഇതുപോലെയും ഇതിനോടനുരൂപമായ രീതിയിലും അനേകം ഭാഗങ്ങൾ എല്ലാ റീത്തുകാർക്കും ബാധകമായ നിലയിൽ പ്രസ്തുത ഘടനയിലുണ്ടു്. ചുരുക്കിപ്പറയാം, പ്രസ്തുത ഘടനയിലെ മിക്ക ഭാഗങ്ങളും നമുക്കും ബാധകമാണു്.

സ്വകാര്യഭക്താഭ്യാസങ്ങളെ സംബന്ധിച്ചു ഘടനയിലെ 13-ാം ആർട്ടിക്കിൾ പറയുന്നു: "ക്രൈസ്തവജനതയുടെയിടയിലുള്ള ഭക്താനുഷ്ഠാനങ്ങൾ, തിരുസഭയുടെ നിയമങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമാണെങ്കിൽ, പ്രത്യേകിച്ചു പരിശുദ്ധ സിംഹാസനം കല്പിച്ചിട്ടുള്ളവയാണെങ്കിൽ വളരെയധികം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണു്. ഓരോരോ സഭയ്ക്കും സ്വന്തമായുള്ള പ്രത്യേക ഭക്താഭ്യാസങ്ങളും അവ മെത്രാന്മാർ നൽകുന്ന നിർദ്ദേശാനുസരണം ദേശാചാരങ്ങൾക്കോ നിയമാനുസൃതം അംഗീകൃതമായ രേഖകൾക്കോ അനുസൃതമാകുമ്പോൾ പ്രത്യേക വൈശിഷ്ട്യമുള്ളവയായിരിക്കും. എന്നാൽ ഈ ഭക്താഭ്യാസങ്ങൾ ആരാധനക്രമത്തിൻെറ ആണ്ടുവട്ടത്തോടു് യോജിപ്പുള്ള രീതിയിൽ സംവിധാനം ചെയ്യപ്പെട്ടവയായിരിക്കണം, ആരാധനക്രമത്തിനു അനുയോജ്യമായവയായിരിക്കണം, ഏതെങ്കിലും നിലയിൽ അതിൽനിന്നു് ഉത്ഭവിക്കുന്നതായിരിക്കണം. കാരണം, ആരാധനക്രമം അതിൻെറ സ്വഭാവത്താലെതന്നെ അവയെയെല്ലാം അതിശയിക്കുന്നുണ്ടു്."

ഇതിൽനിന്നും നാം ഗ്രഹിക്കുന്നതു് സ്വകാര്യഭക്താഭ്യാസങ്ങളെ ഘടന നിരുത്സാഹപ്പെടുത്തുകയല്ലാ, പ്രത്യുത പ്രോത്സാഹിപ്പിക്കേണ്ട രീതിയനുസരിച്ചു് പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നാണു്. സഭയിൽ നിലവിലിരിക്കുന്ന ഭക്താഭ്യാസങ്ങൾ, ആരാധനക്രമത്തിനനുയോജ്യമായ നിലയിൽ സംരക്ഷിക്കാമോ

# പരേതരായ വൈദികന്മാർ

## റവ. ഫാദർ തോമസ് ആന്വപശ്ശേരി
### പുത്തൻപീടിക

ബ. ആനവശ്ശേരിലച്ചൻ 1914 ജൂലായ് 22-ന ഭൂജാതനായി. 1939 നവംബർ 12-ാം തീയതി യാക്കോബായ സഭയിലെ ഒരു വൈ



ദികനായിത്തീന്ന അച്ചൻ 1948 ഒക്ടോബർ 27-ാം തീയതി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു തിരുവനന്തപുരം അതിരൂപതയിൽപെട്ട പൂകാവ്, വലഞ്ചുഴി, വള്ളിക്കോട്ട് കോട്ടയം, പുത്തൻപീടിക, ചീക്കനാൽ, തോട്ടപ്പുറം, നല്ലാനിക്കുന്ന്, ഏറത്തുമ്പമൺ, മാമ്പിലാലി, രാമഞ്ചിറ, പമ്പുമല, ആററരികം, പ്രക്കാനം എന്നീ പള്ളികൾ അച്ചൻ നടത്തിയിട്ടുണ്ട്. ശാന്തനും സൗമ്യനും വിനയശീലനുമായിരുന്ന ബ. അച്ചൻെറ ആകസ്മിക ചരമം പുനരൈക്യപ്രസ്ഥാനത്തിന് വലിയൊരു നഷ്ടമാണുളവാക്കിയിട്ടുള്ളത്. തിരുവനന്തപുരത്തുവച്ച് പെട്ടെന്നുണ്ടായ രോഗം മൂലം ഏതാനും ദിവസങ്ങൾ മെഡിക്കൽ കോളേജാശുപത്രിയിൽ വിദഗ്ദ്ധഡോക്ടറന്മാരുടെ ചികിത്സയിൽ അദ്ദേഹം കഴിച്ചുകൂട്ടി. രോഗശയ്യയിൽ പോലും അദ്ദേഹം തികഞ്ഞ ശാന്തതയും സൗമ്യതയും സഹനശക്തിയും കൈവെടിഞ്ഞില്ല. ഫെബ്രുവരി ഏഴാം തീയതി അദ്ദേഹം ദിവംഗതനായി. എട്ടാം തീയതി അനേകം വൈദികരുടെ സഹകരണത്തിലും ശതക്കണക്കിനാളുകളുടെ സാന്നിദ്ധ്യത്തിലും അഭിവന്ദ്യ ആച്ചുബിഷപ്പ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മൃതദേഹം പുത്തൻപീടിക പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഈ വന്ദ്യ വൈദികൻെറ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിക്കണമെന്നപേക്ഷ.

**R. I. P.**

## റവ. ഫാ. അംബ്രോസ്
### സി. എം. ഐ.

പുനരൈക്യ പ്രസ്ഥാനത്തിൻെറ ആരംഭകാലത്ത് തിരുവല്ലാ ബഥനി ആശ്രമത്തിൻെറ സുപ്പീരിയറായി രണ്ടുവർഷവും തിരുവനന്തപുരം അതിരൂപതയിൽ സേവനം ചെയ്തിരുന്ന ബ. കർമ്മലീത്താ വൈദികരുടെ സുപ്പീരിയർ ആയി 1936 മുതൽ 1946 വരെ പത്തുവർഷവും സ്വതസിദ്ധമായ ഗുണഗണങ്ങളോടുകൂടി പുനരൈക്യ പ്രസ്ഥാനത്തെ വളരെയധികം അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ള പാലാക്കുന്നേൽ ബ. അംബ്രോസച്ചൻ മാർച്ചു മാസം 21-ാം തീയതി തൻെറ സ്വർഗ്ഗീയഭവനത്തിലേക്കു വിളിക്കപ്പെട്ടു. രണ്ടുമൂന്നു കൊല്ലങ്ങളായി വാർദ്ധക്യസഹജമായ അസുഖം നിമിത്തം മാന്നാനം ആശ്രമത്തിൽ

---

ണ് സഭ ആഗ്രഹിക്കുന്നതു്. സൂനഹദോസു് പിതാക്കന്മാർ തന്നെ അതിനു മാതൃക കാട്ടിയിട്ടുമുണ്ടു്. പരിശുദ്ധകന്യകാമാതാവിൻെറ നേർക്കുള്ള ഭക്തി സൂനഹദോസു് പ്രകടമാക്കിയിട്ടുണ്ടു്.

വലിയ നൊയമ്പു് സമാപിക്കാറായിരിക്കുന്ന ഈ സന്ദർഭത്തിൽ 'കുരിശിൻെറ വഴി' കഴിക്കുക എത്രയും പ്രയോജനപ്രദമായ ഒരു ഭക്തകൃത്യമാണു്. ദൈവസ്നേഹത്തെക്കുറിച്ചു ധ്യാനിക്കുകയും നമ്മുടെ പാപങ്ങളെക്കുറിച്ചു അനുതപിക്കുകയും ചെയ്യുന്നതിനു് ഈ ഭക്തകൃത്യം നമുക്കു സഹായകമാകും.

ആധ്യാത്മികമായ അലസതയും മന്ദതയും പരിത്യജിച്ചു് ദൈവസ്നേഹത്തിലും പുണ്യജീവിതത്തിലും പുരോഗമിക്കുവാനുതകുന്ന സ്വകാര്യഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള താല്പര്യം നമ്മിൽ അനുദിനം വളന്നുവരേണ്ടിയിരിക്കുന്നു.

—ശുഭം—

അദ്ദേഹം വിശ്രമിക്കുകയായിരുന്നു. 1891-ൽ ജനിച്ച അദ്ദേഹം 1911-ൽ കർമ്മലീത്താ സമൂഹത്തിൽ ചേർന്നു. 1919-ൽ വൈദികനായി.



തിരുവനന്തപുരം അതിരൂപതയിൽ ബാലരാമപുരം, വെണ്ണിയൂർ, എരുത്താവൂർ എന്നീ സ്ഥലങ്ങളിൽ അനേകം കുടുംബങ്ങളെ അദ്ദേഹം കത്തോലിക്കാ സഭയിലേക്കു നയിച്ചിട്ടുണ്ട്. ദിവംഗതനായ മാർ ഇവാനിയോസ് തിരുമേനിയുടെ ആത്മസുഹൃത്തായിരുന്നു പരേതൻ. അച്ചന്റെ ഒടുവിലത്തെ പ്രേഷിത രംഗം തിരുവല്ലാ രൂപതയിലുള്ള പുല്ലുപ്പള്ളിയായിരുന്നു തിരുവല്ലാ രൂപതയുടെ മേലദ്ധ്യക്ഷനായ അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു ബ. അച്ചനിൽ നിന്നുലഭിച്ച സഹായസഹകരണങ്ങൾ തിരുമേനി ചരമപ്രസംഗത്തിൽ അനുസ്മരിക്കുകയുണ്ടായി. മാന്നാനം ആശ്രമത്തിൽ വച്ചു നടന്ന സംസ്കാരശുശ്രൂഷകളിൽ റൈററ് റവ മോൺ സി. ററി. കുരുവിള സംബന്ധിച്ച് തിരുവനന്തപുരം അതിരൂപതയ്ക്കു ബ. അംബ്രോസച്ചനോടുള്ള കടപ്പാട് പ്രകടിപ്പിക്കുകയുണ്ടായി.

ബ. അച്ചനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കണമെന്നപേക്ഷ.

**R. I. P.**

## സ്കൂൾ അദ്ധ്യാപകർക്ക് ഏകാന്തധ്യാനം

തിരുവനന്തപുരം അതിരൂപതയിലെ ട്രെയിനിംഗ് സ്കൂളുകൾ, ഹൈസ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ പുരുഷന്മാരായ അദ്ധ്യാപകരെയും മിഡിൽസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെയും ഉദ്ദേശിച്ച് വാർഷിക ഏകാന്തധ്യാനം ഈ വരുന്ന കഷ്ടാനുഭവ ആഴ്ച തിരുവനന്തപുരത്ത് പട്ടം സെൻറ് മേരീസ് ഹൈസ്കൂളിൽവച്ച് നടത്തുന്നതാണെന്ന് സ്കൂളുകളുടെ കറസ്പോണ്ടൻറ് അറിയിക്കുന്നു.

ധ്യാനം പെസഹാ വ്യാഴാഴ്ചയുടെ തലേദിവസം (ബുധനാഴ്ച) വൈകിട്ട് 8 മണിക്ക് തുടങ്ങി ദുഃഖശനിയാഴ്ച വൈകിട്ട് അവസാനിപ്പിക്കുന്നതാണ്.

മററുള്ള അദ്ധ്യാപകന്മാരുടെയും അദ്ധ്യാപികമാരുടെയും ധ്യാനവിവരം പിന്നാലെ അറിയിക്കുന്നതാണ്.

# അപ്പൊസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ് വടശ്ശേരി. എൽ. ഡി.)

(തുടർച്ച)

## 1. ദിദാക്കേ അഥവാ പന്ത്രണ്ടു അപ്പൊസ്തോലന്മാരുടെ ഉപദേശം

ഈ ഗ്രന്ഥത്തിന്റെ സാക്ഷാൽ നാമം "പന്ത്രണ്ടു അപ്പൊസ്തോലന്മാർ മുഖേന കർത്താവു ജനങ്ങളെ പഠിപ്പിച്ച ഉപദേശം" എന്നാണ്. കർത്താവിന്റെ ഉപദേശം തന്നെയാണു അപ്പൊസ്തോലന്മാർ ജനങ്ങളെ പഠിപ്പിച്ചിരുന്നതെങ്കിലും "കർത്താവു പഠിപ്പിച്ച ഉപദേശം" എന്നും, 'പന്ത്രണ്ടു അപ്പൊസ്തോലന്മാരുടെ ഉപദേശം" അഥവാ അപ്പൊസ്തോലന്മാരുടെ ഉപദേശം" എന്നിങ്ങനെ ഗ്രന്ഥകാരന്മാർ ഈ കൃതിയെ വിളിച്ചുവരുന്നതു ശരിയല്ല.

പുതിയ നിയമഗ്രന്ഥങ്ങൾ കഴിഞ്ഞാൽ പിന്നെ ഏററവും പുരാതനമായ ക്രൈസ്തവഗ്രന്ഥമാണു ഇതു്. ഒരു പക്ഷേ വി. യോഹന്നാന്റെ സുവിശേഷം എഴുതപ്പെട്ട കാലത്തിനു—ക്രിസ്ത്വബ്ദം 96–നു മുമ്പുതന്നെ ഇതു എഴുതപ്പെട്ടു. പുരാതനകാലത്തെ പല ഗ്രന്ഥകാരന്മാരും ഈ കൃതി അറിയുകയും ഉപയോഗിക്കയും ചെയ്തിരുന്നതായി ലക്ഷ്യമുണ്ടു്. ബർണബാസിന്റെ ലേഖനം (അദ്ധ്യായം 18-20), രക്തസാക്ഷിയായ വി. ജസ്റ്റിന്റെ വിശ്വാസ സാധൂകരണം(Apol. 1, 15—18), അലക്സാന്ത്രിയായിലെ ക്ലീമ്മീസ് (Strom. 1, 20, 100. Adv. Aleatores, 4), ഒറിജൻ (De princip. III, 2, 7) സഭാചരിത്രകാരനായ എവുസേബിയസ്(H. E. III, 25, വി. അത്താനാസ്യോസ് (Ep. Fest 39), അപ്പൊസ്തോലിക നിബന്ധനകൾ VII, 1-32) എന്നീ പുരാതനഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും ദിദാക്കേയെ സംബന്ധിച്ചു പറയുകയോ അതിൽനിന്നു ഉദ്ധരണികൾ നൽകുകയോ ചെയ്യുന്നു. അലക്സാന്ത്രിയായിലെ ക്ലീമ്മീസ് വേദപുസ്തകമായി പരിഗണിച്ചു ഇതിനെ ഉദ്ധരിക്കുന്നു. വി. അത്താനാസ്യോസ് വേദപഠനത്തിനു ഈ ഗ്രന്ഥം നല്ലതാണെന്നു് അഭിപ്രായപ്പെടുന്നു. അതിപുരാതനകാലത്തുതന്നെ ഇതു ലത്തീൻഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടു. കോൺസ്റ്റൻറിനോപ്പിളിലെ ഗ്രീക്കു ഓർത്തഡോക്സ് മെത്രാപ്പോലീത്തായായിരുന്ന ഫീലോത്തെയൂസ് ബ്രിയെന്നിയൂസ് 1875–ൽ കണ്ടുപിടിച്ചു. റോമായിലെ വി. ക്ലീമ്മീസിന്റെ ലേഖനത്തിന്റെ ഗ്രീക്കു കൈയെഴുത്തു പ്രതിയിൽനിന്നെടുത്തു് 1883–ൽ മുഴുവനായി ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. 1900–ൽ ഡോക്ടർ സ്ളെക്റ്റ് (Schlecht) ഈ പുസ്തകത്തിന്റെ ആദ്യത്തെ ആറു അദ്ധ്യായങ്ങളുടെ (ജീവന്റെയും മരണത്തിന്റെയും വഴി വിവരിക്കുന്ന ഭാഗം) ലത്തീൻപരിഭാഷ കണ്ടുപിടിച്ചു. പുരുങ്ങിയ കാലത്തിനിടയിൽ മററൊരു ഗ്രന്ഥത്തെപ്പററിയും ഇത്രയധികം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടില്ല. അതിനു കാരണങ്ങളും ഇല്ലാതില്ല. പുരാതനസഭയുടെ പല വിശ്വാസവിഷയങ്ങളും ആചാരങ്ങളും സ്പഷ്ടമായി ഈ ഗ്രന്ഥത്തിൽനിന്നു നമുക്കു മനസ്സിലാക്കാം

ഗ്രന്ഥത്തിന്റെ കാലം. ഒന്നാം ശതാബ്ദം അവസാനിക്കുന്നതിനു മുമ്പാണു ഈ ഗ്രന്ഥം എഴുതപ്പെട്ടതെന്നു തീർച്ചയത്രെ. കപടഭക്തന്മാരെയും വ്യാജപ്രവാചകന്മാരെയും, വ്യാജോപദേഷ്ടാക്കളെയുംപററി സുവിശേഷത്തിൽ എന്നപോലെ ഈ പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും ഒന്നാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടി വി. യോഹന്നാൻ ശ്ലീഹായുടെ ജീവിതത്തിന്റെ അന്തിമഘട്ടത്തിലും, രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിലും ഉണ്ടായിരുന്ന യഹൂദക്രിസ്ത്യാനികളുടെയും ഗ്നോസ്റ്റിക്കുകാരുടെയും അബദ്ധോപദേശങ്ങളിൽ ഒന്നിനെ സംബന്ധിച്ചും ഈ ഗ്രന്ഥത്തിൽ സൂചനയില്ല. നേരേമ

റിച്ചു, അക്കാലത്തു ജീവിച്ചിരുന്ന വി. യോഹന്നാൻ, അന്ത്യോകുായിലെ വി. ഇഗ്നാത്തിയോസ്, വി. പോളികാപ്പ് എന്നിവരെല്ലാം ഇവയെ സംബന്ധിച്ചു അവരുടെ ലേഖനങ്ങളിൽ പറയുന്നുണ്ട്. വി. യോഹന്നാൻശ്ലീഹാ മരിച്ചതു 100-ാം ആണ്ടാണ്. ആകയാൽ ദിദാക്കേ എഴുതപ്പെട്ടതു ഈ അബദ്ധോപദേശങ്ങൾ ഉത്ഭവിക്കുന്നതിനു മുമ്പു ഒന്നാം ശതാബ്ദം അവസാനിക്കുന്നതിനു മുമ്പുതന്നെ ആയിരിക്കണം.

ദിദാക്കേയിൽ വിവരിക്കുന്ന വി. കുർബാനയുടെ ക്രമവും വളരെ ഹ്രസ്വവും ലളിതവുമാണ്. പാപങ്ങൾ ഏററുപറയുകയും രമ്യപ്പെടുകയും ചെയ്തശേഷം "അപ്പം മുറിക്കുക", ഭക്ഷിക്കുക, കൃതജ്ഞത പ്രകാശിപ്പിക്കുക മുതലായ ചടങ്ങുകളെ സംബന്ധിച്ചേ അതിൽ പറയുന്നുള്ളു. എന്നാൽ 150-നും 155-നും ഇടയ്ക്കു വി. ജസ്റ്റിൻ വി. കുർബാനയെപ്പററി എഴുതുകയിൽ വി. കുർബാനയുടെ ഇടയ്ക്കു പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നുമുള്ള വായനകൾ, അവ വിശദീകരിച്ചുള്ള പ്രസംഗം, സമാധാനംകൊടുക്കുക, ശുശ്രൂഷകന്മാർ വി. കുർബാന കൊടുത്തയയ്ക്കുക മുതലായ ചടങ്ങുകൾ ഉള്ളതായി പറയുന്നു. ആകയാൽ ദിദാക്കേ എഴുതപ്പെട്ടതു ആരാധനക്രമം അധികം വികസിക്കാതിരുന്ന ഒന്നാം ശതാബ്ദത്തിൽതന്നെയാണ്.

ദിദാക്കേയുടെ 8-ാം അദ്ധ്യായം 2-ാം വാക്യത്തിൽ "കത്താവു തൻെറ സുവിശേഷത്തിൽ ആജ്ഞാപിച്ചിരിക്കുന്നതുപോലെ നിങ്ങൾ പ്രാത്ഥിക്കുവിൻ" എന്നു പറഞ്ഞിട്ടു മത്തായി 6, 9-13-ലെപ്പോലെ "ആകാശത്തിലുള്ള ബാവാ" എന്ന പ്രാത്ഥന ഉദ്ധരിക്കുന്നു. ലൂക്കാ. 11, 2-4-ലും "ആകാശത്തിലുള്ള ബാവാ"യുണ്ടെങ്കിലും വി. മത്തായിയുടെ സുവിശേഷത്തിലെപോലെയാണു ദിദാക്കേയിൽ ആ പ്രാത്ഥന കാണുന്നതു്. ആകയാൽ 42-ൽ എഴുതപ്പെട്ട മത്തായിയുടെ സുവിശേഷത്തിനു ശേഷമാണു ദിദാക്കേ എഴുതപ്പെട്ടതെന്നും തെളിയുന്നു. ദിദാക്കേയിൽ പറയുന്ന "ബലിചെയ്യപ്പെട്ട അശുദ്ധിയിൽനിന്നും" മററും അകന്നിരിക്കണം എന്നുള്ള നിയമം 50-ൽ ജറുസലമിൽ നടന്ന സൂന്നഹദോസിനെയും അതിനെ വിവരിച്ചു 63-ൽ എഴുതിയിട്ടുള്ള അപ്പൊസ്തോലന്മാരുടെ നടപടിപുസ്തകത്തെയും (15, 6-35) അനുസരിച്ചിരിക്കുന്നു: തന്നിമിത്തം 63നു ശേഷമാണു ദിദാക്കേ എഴുതപ്പെട്ടതു് എന്നു വിചാരിക്കാം.

ദിദാക്കേയുടെ ആദ്യത്തെ ആറു അദ്ധ്യായങ്ങളിൽ വിവരിക്കുന്ന ജീവൻെറയും മരണത്തിൻെറയും വഴിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ 96നും 98നും മദ്ധ്യേ എഴുതപ്പെട്ട ബർന്നബാസിന്റെ ലേഖനത്തിൽ മുഴുവനായി ഉദ്ധരിച്ചിരിക്കകൊണ്ടു ബർന്നബായുടെ ലേഖനം എഴുതുന്നതിനു മുമ്പാണു ഏതായാലും ദിദാക്കേ എഴുതപ്പെട്ടതെന്നു് അനുമാനിക്കാം. ക്രിസ്തുവർഷം 80-90-നും ഇടയ്ക്കു ഈ ഗ്രന്ഥം എഴുതപ്പെട്ടു എന്നാണു മിക്ക പണ്ഡിതന്മാരുടെയും അഭിപ്രായം.

## ഗ്രന്ഥത്തിൻെറ നിമ്മാണസ്ഥലം

ഈജിപ്തിൽ, പ്രത്യേകിച്ചു അലക്സാന്ത്രിയായിൽ ഈ ഗ്രന്ഥം പുരാതനകാലം മുതങ്ങി പ്രചരിച്ചിരുന്നതുകൊണ്ടു അലക്സാന്ത്രിയായാണു ഇതിൻെറ ഉത്ഭവസ്ഥലം എന്നു പറയുന്ന ഗ്രന്ഥകാരന്മാരുണ്ടു്. എന്നാൽ സിറിയായിലും പ്രത്യേകിച്ചു പലസ്തീനായിലും ഈ ഗ്രന്ഥം പുരാതനകാലംമുതങ്ങി പ്രചരിച്ചിരുന്നതിനാൽ പലസ്തീനായിൽ ഇതെഴുതപ്പെട്ടുവെന്നു ഭൂരിപക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ദിദാക്കേ 9, 4-ൽ വി. കുർബാനയുടെ അപ്പത്തെ സംബന്ധിച്ചു പറയുകയിൽ, "വിഭജിക്കപ്പെട്ട ഈ അപ്പം (ഗോതമ്പുമണികളായി) മലമുകളിൽ ചിന്നിച്ചിതറിയിരുന്നതു കൂട്ടിച്ചേക്കപ്പെട്ടു ഒന്നായിത്തീന്നതുപോലെ നിൻെറ സഭയും ലോകത്തിൻെറ അതിത്തികളിൽനിന്നു നിൻെറ രാജ്യത്തിലേക്കു കൂട്ടിച്ചേക്കപ്പെടണമേ" എന്നു പ്രാത്ഥിക്കുന്നു. ഈജിപ്തിലും അലക്സാന്ത്രിയായിലും ചില സസ്യങ്ങൾ വളരുന്ന മണൽക്കുന്നുകളും മൊട്ടക്കുന്നുകളും അല്ലാതെ ഗോതമ്പുകൾ വിളയുന്ന മലകളില്ല. ആകയാൽ ഗോതമ്പുകൾ ധാരാളമായി വിളയുന്ന മലകളുള്ള പലസ്തീനാ

# ക്രിസ്തുനാഥനും സമറായക്കാരിയും

**(J. G.)**

സുവിശേഷങ്ങളിലെ അനവദ്യസുന്ദരങ്ങളായ ഭാഗങ്ങളിലൊന്നാണു് ക്രിസ്തുനാഥനും സമറായക്കാരിയുമായുള്ള കൂടിക്കാഴ്ചയും അവർ തമ്മിൽനടന്ന സംഭാഷണവും. നിത്യബന്ധുരങ്ങളായ പല വിശിഷ്ടോപദേശങ്ങളും ക്രിസ്തുനാഥന്റെ സംഭാഷണത്തിൽനിന്നു നമുക്കു ലഭിക്കുന്നുണ്ടു്. ഇന്നും നമ്മെ സ്പർശിക്കുന്ന, നമുക്കു ബോധികമായ, അമൂല്യോപദേശങ്ങൾ ഈ സംഭാഷണം നമുക്കു നൽകുന്നുണ്ടു്. ഈ കൂടിക്കാഴ്ചയുടെ ഏകദേശചിത്രം നാമൊന്നു കാണുക.

അങ്ങയുടെ പരസ്യജീവിതത്തിന്റെ ആരംഭഘട്ടം അങ്ങു് ഏതാനും ശിഷ്യന്മാരൊന്നിച്ചു യൂദായിൽനിന്നു് ഗലീലയിലേക്കു യാത്രചെയ്യുകയാണു്. ഗലീലയിലേക്കു യൂദായിൽനിന്നും രണ്ടു മാർഗ്ഗത്തിലെത്താം പലസ്തീനായുടെ മദ്ധ്യത്തിൽക്കൂടി പോകുന്ന ആ നെടുങ്കൻപാതവഴിയും കിഴക്കോട്ടുകടന്നു് ജോർദ്ദാൻനദിയുടെ പാർശ്വത്തിൽക്കൂടി പോകുന്ന പാതവഴിയും. ആദ്യത്തെ പാതയാണു് ക്രിസ്തു യാത്രയ്ക്കുപയോഗിച്ചതു്. അതു സമറിയായിൽക്കൂടിയാണു് പോകുന്നതും. വടക്കു ഹെബാൽപർവ്വതവും തെക്കു ഗാരിസിം പർവ്വതവുംകൂടി നിർമ്മിച്ച ഒരു താഴ്വാരത്തിൽ ക്രിസ്തുവും ശിഷ്യന്മാരും പ്രവേശിച്ചു. വേനൽക്കാലത്തെ മദ്ധ്യാഹ്നസമയം. താപനാതപം പഥികരെ ക്ഷീണിതരാക്കി വിശപ്പും ദാഹവും കലശലായി. ഭക്ഷണം കൊണ്ടുവരുന്നതിനു ശിഷ്യന്മാർ സിഖാർ എന്ന ഗ്രാമത്തിലേക്കു യാത്രയായി. നടന്നുനടന്നു ക്ഷീണിച്ചു് അല്പമൊന്നു വിശ്രമിക്കുന്നതിനുള്ള സന്ദർഭം ലഭിച്ച ക്രിസ്തു പ്രാക്തനപ്രകീർത്തിതമായ യാക്കോബിന്റെ കിണററിനരികെ ചെന്നിരുന്നു.

വലിയ ദാഹം പക്ഷേ, അഗാധമായ കിണററിൽനിന്നു എങ്ങനെ വെള്ളംകോരും, കയറും പാളയുമില്ലാതെ? ഏതായാലും അവിടെ ഇരിക്കുകതന്നെ. വല്ലവരും ഒരു പക്ഷേ, വെള്ളം കോരുവാൻ വരുമെങ്കിൽ!

സമറായക്കാരുടെ കേന്ദ്രമാണിതു്. യഹൂദന്മാരുടെ കൊടിയ എതിരാളികളുടെ സങ്കേതം!

---

യിലാണു ഈ ഗ്രന്ഥം എഴുതപ്പെട്ടതെന്നുള്ള അഭിപ്രായമാണു സ്വീകാര്യയോഗ്യമായി തോന്നുന്നതു്.

## ഗ്രന്ഥകർത്താവു്

യഹൂദമതത്തിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ഒരാളാണു ഈ ഗ്രന്ഥം നിർമ്മിച്ചതെന്നു ഇതിന്റെ പലഭാഗങ്ങളും തെളിയിക്കുന്നു. 1) ആഴ്ചയിലെ ദിവസങ്ങൾ കണക്കാക്കുന്നതു യഹൂദരീതിഅനുസരിച്ചാണു്. 2) ഗ്രന്ഥത്തിൽ പല ഭാഗങ്ങളിലും എബ്രായ പദങ്ങളും ശൈലികളും ഉപയോഗിക്കുന്നു. 3) ആഹാരത്തെ സംബന്ധിച്ചു യഹൂദന്മാരുടെ പല നിയമങ്ങളും നല്കുന്നു. 4) യഹൂദന്മാരുടെ നിയമമനുസരിച്ചു ദശാംശം കൊടുക്കണമെന്നു പറയുന്നു. 5) പതിയനിയമത്തിലെ ദീർഘദർശിമാരെ പ്രധാനാചാര്യന്മാരെപോലെ പരിഗണിക്കണമെന്നു പറയുന്നു പ്രധാനാചാര്യൻ യഹൂദരേക്കയുള്ള

## ഗ്രന്ഥത്തിന്റെ ഉള്ളടക്കം

മൂന്നുഭാഗമായി ഈ ഗ്രന്ഥത്തെ വിഭജിക്കാം. 1) ജീവന്റെയും മരണത്തിന്റെയും മാർഗ്ഗത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ അടങ്ങിയ ഭാഗം 2) ആരാധനക്രമം—പ്രാർത്ഥന, ഉപവാസം, കൂദാശകൾ എന്നിവ സംബന്ധിച്ചുള്ള വിഭാഗം 3) ആചാരങ്ങൾ, സഭയുടെ ഭരണഘടന മുതലായവ സംബന്ധിച്ചുള്ള ഭാഗം.

ഉപസംഹാരമായി കർത്താവിന്റെ വരവിനു ഒരുങ്ങിയിരിക്കുവാനുള്ള ഉപദേശങ്ങൾ. ഇവ ഓരോന്നിനെപററിയും പ്രതിപാദിക്കാം.

അവിടെ ഏകനായിരുന്നപ്പോൾ ആ സ്ഥലത്തിന്റെ അതീതകാലങ്ങളുടെ ചൂട്ടുണ്ടാക്കുന്ന സ്മരണകൾ ഓരോന്നായി അങ്ങയുടെ മനസ്സിൽ നിരന്നുനിന്നിരിക്കാം.

അങ്ങകലെ ശാപങ്ങളുടെ ഹെബാൽ പർവ്വതവും അനുഗ്രഹങ്ങളുടെ ഗാരിസിം പർവ്വതവും തലയുയർത്തിനില്ക്കുന്നു. മറെറാരുഭാഗത്ത് മോറേ പർവ്വതം. ആ പർവ്വതശിഖരങ്ങളിലെ ഓക്കുമരങ്ങളാണ് അബ്രഹാമിന്റെ കൂടാരത്തിനും യാഗപീഠത്തിനും നിഴൽ വിരിച്ചത്. (ഉല്പത്തി 12.7 ഈ സ്ഥലം കാനായക്കാരിൽനിന്നും നൂറാടുകളെ വിലയായികൊടുത്ത് യാക്കോബു വാങ്ങിയാണ് ഈ കിണർ കുഴിച്ചത്. ഇവിടെയാണ് യഹോവയ്ക്കു അബ്രഹാം നിർമ്മിച്ചിടത്തുതന്നെ യാക്കോബും ഒരു യാഗപീഠം നിർമ്മിച്ചത്. ഈ താഴ്വാരത്തിൽവച്ചാണ് യാക്കോബിന്റെ പുത്രന്മാർ തങ്ങളുടെ സഹോദരിയായ ദീനായുടെ ബഹുമാനസംരക്ഷണത്തിനു പ്രതിക്രിയചെയ്തത്. ഈജിപ്തിൽനിന്ന് കൊണ്ടുവന്ന യൗസേഫിന്റെ അസ്ഥികൾ സംസ്കാരത്തിനായി എഫ്രേം കൊണ്ടുവന്നതു ഈ താഴ്വരയിലാണ്. നൂററാണ്ടുകളായി സിഖേമായിരുന്നു പലസ്തീനായുടെ ഫലഭൂയിഷ്ഠമായ കേന്ദ്രം. ഇവിടെ ഇസ്രായേലിലെ ഗോത്രങ്ങൾ മൂശയുടെ അനുശാസനപ്രകാരം സമ്മേളിക്കുകയും തങ്ങളുടെ കാര്യാലോചനകൾ നിർവ്വഹിക്കുകയും നിയമങ്ങൾ രൂപീകരിക്കുകയും ചെയ്തുപോന്നു.

ഇപ്രകാരം ക്രിസ്തു സംഭവപരമ്പരകളുടെ സന്നിപാതങ്ങൾ മനസാ ദർശിച്ചിരുന്ന വേളയിൽ ഇതാ, സ്വപ്നങ്ങളുടെ ലോകത്തുനിന്നെന്നപോലെ ഒരു സ്ത്രീ ഒരു കുടം തലയിൽ വഹിച്ചും കൈയിൽ കയറും പാളയുമായി കിണറിനെ സമീപിക്കുന്നു.

സാധാരണയായി ഗ്രാമത്തിൽനിന്നു സ്ത്രീകൾ വെള്ളം കോരുവാൻ വരിക പ്രഭാത പ്രദോഷങ്ങളിലാണ്. അതും കൂട്ടമായിട്ടുമാത്രം. കുട്ടികളുടെ ആർപ്പുകളും സ്ത്രീകളുടെ സംഭാഷണങ്ങളും ശബ്ദായമാനമായ ഒരന്തരീക്ഷം അവിടെ സംജാതമാക്കും. എന്നാൽ, ഈ സ്ത്രീയാകട്ടെ ഏകാകിനിയായി ഗ്രാമത്തിൽനിന്നും അല്പമകലെയുള്ള കിണററിൻകരയിലേക്കു, പതിവില്ലാത്ത നേരത്താണുവരുന്നതു്. ഒരുപക്ഷേ അക്കാര്യംതന്നെ അവളുടെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും വല്ലാത്ത ഒരു പ്രത്യേകത സൂചിപ്പിക്കുന്നുണ്ടാവാം. അന്യപുരുഷന്മാരുമായി സ്ത്രീകൾ അന്നാട്ടിൽ പരസ്യമായി സംസാരിക്കാറില്ല. അതിനാൽ അവൾ കിണററിനുരികെയിരുന്ന ആളോടു സംസാരിക്കുവാൻ മുതിർന്നതില്ല. കൂടാതെ ആ ആൾ ഒരു യഹൂദനെന്ന് ഒററനോട്ടത്തിൽതന്നെ അവൾ ഗ്രഹിച്ചുമിരുന്നു. സ്ത്രീസഹജമായ ഉദാസീനത നടിച്ചിട്ട് അവൾ കിണററിലേക്കു പാളയിറക്കി. വിജനമായ സ്ഥാനത്തു അപരിചിതനായ ഒരു പുരുഷന്റെ സന്നിധിയിൽ, ഏകാകിനിയായിനിന്നു വെള്ളംകോരുന്ന അവളിൽ സ്ത്രൈണങ്ങളായ അടക്കമൊതുക്കവും ശാലീനതയും തെളിഞ്ഞുകണ്ടില്ലതന്നെ. ചിന്തയിലാണ്ടവളെപ്പോലെ അവൾ സാവധാനത്തിൽ വെള്ളം കോരി കുടം നിറച്ചിട്ടു കാര്യമായ ധൃതഗതിയൊന്നും പ്രകടമാക്കാതെ പോകുവാൻ മുതിർന്നു. അപ്പോഴാണ് ഹൃദയാന്തരാളത്തിൽ അള്ളിപ്പിടിക്കുന്ന രീതിയിൽ അവൾ ഒരു സ്വരം കേട്ടതു്.

"എനിക്കു കുടിക്കുവാൻ ജലം നൽകുക".

ശബ്ദംകേട്ട് അവൾ ആ പഥികനെ ഒന്നു സൂക്ഷിച്ചുനോക്കി. യാത്രയുടെ ക്ലേശം, ചൂടിന്റെ ഉഗ്രത, ക്ഷീണത്തിന്റെ കാഠിന്യം—ഇവയൊക്കെ ആ യാത്രക്കാരന്റെ മുഖം പ്രകടമാക്കിയെങ്കിലും യഹൂദന്റെ അഭ്യർത്ഥന കേട്ടപ്പോൾ അവളിലുള്ള സമറായക്കാരി ഉണർന്നെഴുന്നേററു.

"നീ യഹൂദനായിരിക്കെ സമറായക്കാരിയായ എന്നോടു കുടിക്കുവാൻ ചോദിക്കുന്നതു് എങ്ങനെ?"

അവൾ ക്രിസ്തുവിനു കുടിക്കുവാൻ കൊടുത്തതായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും വെള്ളം നൽകിയതിനുശേഷം, ക്രിസ്തു കുടിച്ചുകൊണ്ടിരുന്നപ്പോൾ അവൾ ഈ ചോദ്യം എടുത്തിട്ടതാണെന്നുവേണം അനുമാനിക്കുവാൻ. നട്ടുച്ചയ്ക്കു വല്ലാത്തുദാഹിച്ചു വെള്ളം

ചോദിക്കുന്ന ഒരുവനെ അവൾ നിരാശനാക്കിയെന്നു വിചാരിക്കുവാൻ മാർഗ്ഗമൊന്നുമില്ല. സുവിശേഷകന്റെ വാക്കിയുള്ള വാചകങ്ങൾ വായിച്ചാലും ക്രിസ്തുനാഥൻ ആ കിണററിൽനിന്നു് വെള്ളം കുടിച്ചില്ല, എന്നുള്ള നിഗമനത്തിൽ എത്തിച്ചേരുവാനുള്ള യാതൊരു ഭാഗവുമില്ല. അവളുമായുള്ള തുടർന്നുള്ള സംഭാഷണത്തിൽ അങ്ങു ദാഹം തീർത്തുവനായി എന്നു ചിലർ പറഞ്ഞേക്കാം. അല്ലെങ്കിൽ അങ്ങു വെള്ളം ചോദിച്ചതു് തന്റെ ശാരീരികദാഹം ശമിപ്പിക്കുവാനല്ലാ പ്രത്യുത ആദ്ധ്യാത്മികമായ ദാഹത്തിന്റെ ഭാവങ്ങൾ പ്രകടമാക്കുവാനാണു് എന്നും ചിലർ ചിന്തിച്ചേക്കാം. ഏതായാലും ജലം നൽകുവാനുള്ള ക്രിസ്തുവിന്റെ അഭ്യർത്ഥന വാച്യാർത്ഥത്തിൽതന്നെ ഗ്രഹിച്ച ആ സ്ത്രീ അങ്ങൊരു പ്രവാചകനാണെന്നു് ഏററുപറഞ്ഞതിനുശേഷമെങ്കിലും അങ്ങേയ്ക്കു കിണററിലെ വെള്ളം നൽകിക്കാണണമെന്നുള്ളതു തീർച്ചതന്നെ. ആ സമയം വിവിധവികാരഭരിതയായ അവൾ ആ കാര്യം വിട്ടുപോയിരിക്കാമെന്നുവരണമെങ്കിൽ ഒരു വാദം ഉന്നയിക്കാവുന്നതാണു്. എന്നാൽ സൂക്ഷ്മമാലോചിച്ചാൽ അതിനും നിലനില്ക്കാവുന്നാത്ത അടിസ്ഥാനമില്ലെന്നു ഗ്രഹിക്കാം.

അവളുടെ ചോദ്യത്തിനു് അതിന്റേതായ പ്രത്യുത്തരം നൽകാതെ അവളുടെ ചിന്താഗതിയെ ആമുഷ്മികമായ മണ്ഡലത്തിലേക്കു തിരിച്ചുവിടുവാൻ അങ്ങു തുനിഞ്ഞു: "നീ ദൈവദാനവും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോടു ചോദിച്ചവൻ ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ തന്നെ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം നൽകുകയും ചെയ്യുമായിരുന്നു."

ജീവജലമോ! അതവളുടെ ഭാവനയെ ഊതിവീർപ്പിച്ചു. സ്ഫടികസമാനം മിന്നിത്തിളങ്ങി, കൊച്ചോളങ്ങൾ ഉളവാക്കുന്ന ജലത്തിനു് അന്നാട്ടുകാർ ജീവജലമെന്നു പറഞ്ഞുപോന്ന ആ അർത്ഥമാണു് അവൾ ഗ്രഹിച്ചതു്. ക്രിസ്തുവാകട്ടെ തന്റെ രക്ഷാകരവ്യാപാരങ്ങളാൽ സമുദ്ഘാടിതമായ നവീന നിയമത്തെയാണു് സൂചിപ്പിച്ചതും. അവൾ സംശയഗ്രസ്തയായി ചോദിച്ചു. "ഗുരോ അങ്ങേയ്ക്കു പാളയില്ല: കിണറോ ആഴമുള്ളതും. ജീവജലം അങ്ങു് എങ്ങനെ കോരിയെടുക്കും?"

അല്പം ചരിത്രംകൂടി പഠിച്ചവളായിരുന്നു ആ സ്ത്രീ. തന്റെ മുമ്പിൽ നിൽക്കുന്ന വ്യക്തി ബഹുമാന്യനാണെന്നു് ഇതിനകം അവൾക്കു വ്യക്തമായിക്കഴിഞ്ഞു. അവൾ കാലങ്ങളുടെ ഈട്ടുവെയ്പിൽനിന്നു് ഒരു ചോദ്യത്തിനുള്ള വക എടുത്തിട്ടു. 'ഈ കിണർ ഞങ്ങൾക്കു നല്കിയ ഞങ്ങളുടെ പിതാവു് യാക്കോബിനേക്കാൾ അങ്ങു വലിയവനാണോ? അവനും അവന്റെ മക്കളും കന്നുകാലികളും ഇതിൽനിന്നു കുടിച്ചു'.

അവൾ തന്റെ വാചാവിലാസത്തിലും ചരിത്രജ്ഞാനത്തിലും അഭിമാനംകൊള്ളുകയാണു്. അതേ സമയത്തു്, മനുഷ്യവംശത്തിന്റെ ഉദഗ്രമായ ആദ്ധ്യാത്മിക പിപാസ ശമിപ്പിക്കുന്നതിൽ ആകാംക്ഷയുള്ള ക്രിസ്തു, അവളുടെ ലൗകികചിന്തകൾക്കു് ഒരുതിവരുത്തി അരുളിച്ചെയ്തു:

"ഈ ജലം പാനംചെയ്യുന്ന ഏവനും വീണ്ടും ദാഹിക്കുന്നു; എന്നാൽ ഞാൻ നൽകുന്ന ജലം പാനംചെയ്യുന്ന ഒരുത്തനും ഒരിക്കലും ദാഹിക്കുകയില്ല. പ്രത്യുത, ഞാൻ അവനു നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു് നിർഗ്ഗളിക്കുന്ന ജലത്തിന്റെ ഉറവയായി ഭവിക്കും".

ആത്മാവിൽ ജീവന്റെ സ്പന്ദനങ്ങൾ ഉളവാക്കുന്ന ഒരുറവ, സുകൃതപുഷ്പങ്ങൾക്കു കാരണമായിത്തീരുന്ന ഒരുറവ, അവൾക്കു് വിഭാവനം ചെയ്യുക ശക്യമല്ല. അവളുടെ ആത്മാവു് പ്രസാദവരമാകുന്ന ഉറവയില്ലാതെ വിണ്ടുവരണ്ടു് ഫലശൂന്യമായിക്കിടക്കുകയാണു്. ക്രിസ്തുനാഥന്റെ ആശ്വാസസംദായകമായ വചസ്സുകൾ അവൾക്കു ഗ്രാഹ്യവുമല്ല. നിത്യജീവനോ? ഐഹികജീവിതത്തിന്റെ പരിശുദ്ധമാനദണ്ഡംതന്നെ അവൾക്കു നഷ്ടമായിക്കഴിഞ്ഞിരിക്കയാണു്. പിന്നെയെങ്ങനെ അഭൗമകമായ ജീവിതത്തിന്റെ നീർച്ചാലുകളിൽ അവൾ ദാഹശമനം വരുത്തും? എങ്കിലും പ്രത്യേകമായ എന്തോ ഒന്നു് ആ വാക്കുകളിൽ അന്തർഭവിച്ചിട്ടുണ്ടെന്നു് അവൾക്കു തീർച്ചയാണു്.

"ഗുരോ എനിക്കു വീണ്ടും ദാഹിക്കാതിരിക്കുന്നതിനും ഇവിടെ വെള്ളം കോരുവാൻ വരാതിരിക്കേണ്ടതിനും ഈ ജലം എനിക്കു നൽകുക" എന്നവൾ അപേക്ഷിക്കുകയായി.

സജീവമായ വിശ്വാസത്തിന്റെ കവാടം അവൾക്കായി തുറന്നുകിടക്കുകയാണു്. അതിലേക്കുള്ള വഴിത്താരയിൽ അവൾ എത്തിക്കഴിഞ്ഞു. എങ്കിലും മാനസികമായ അന്ധതയുടെ പൂർണ്ണശമനം വന്നിട്ടുവേണം അവൾക്കു മുന്നോട്ടുപോകുവാൻ. അവളുടെ മാനസികമായ തിമിരപടലങ്ങളെ, ജീവിതപരമായ ദുഷ്കൃതനിഴലുകളെ, നിർമ്മാർജ്ജനം ചെയ്യേണ്ടതു് അത്യാവശ്യം. അവൾക്കു സ്വന്തം അസാന്മാർഗ്ഗികതയുടെ ഉൾക്കാഴ്ചമങ്ങിപ്പോയി. അവൾക്കതു തിരികെ ലഭിക്കേണ്ടിയിരിക്കുന്നു. അതിനവളെ സഹായിക്കുന്നതിനു ക്രിസ്തുനാഥൻനിശ്ചയിച്ചു.

"നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു് ഇവിടെ വരിക" എന്നു് അങ്ങു് അവളോടു് ആവശ്യപ്പെട്ടു.

ഈ വാക്കുകൾ ഉന്മേഷത്തിന്റെ ഊഞ്ഞാലിൽനിന്നു് അവളെ തട്ടിവീഴ്ത്തി. ഊഹിക്കാത്ത ഒരു കാര്യം. ലജ്ജയുടെ നിഴൽപാടുകൾ, ശോകത്തിന്റെ നേരിയ വീചികൾ, പരിഭ്രമത്തിന്റെ കനത്ത കാറിൻകഷണങ്ങൾ, അവളുടെമുഖത്തു ദൃശ്യമായി. ക്രിസ്തുനാഥൻ ഉപയോഗിച്ചപദം ഭർത്താവെന്നും പുരുഷനെന്നും രണ്ടർത്ഥംവരുന്ന അറമായ പദമായിരുന്നു.

അങ്ങയുടെ ശാന്തഗംഭീരമായ നയനങ്ങളിലേക്കു നിസ്സഹായതയോടെ അവൾ നോക്കി. ആ പദത്തിനു ഭർത്താവെന്നുള്ള അർത്ഥം സ്വമേധയാ ആശ്വസിക്കുന്നതിനു സ്വീകരിച്ചിട്ടു അവൾ മറുപടിപറഞ്ഞു.

"എനിക്കു ഭർത്താവില്ല". അവൾ സമാശ്വസിച്ചു നില്ക്കുകയാണു്. എന്തേ ഇങ്ങനെ പറയുവാൻ തന്നെ പ്രേരിപ്പിച്ച ചേതോവികാരം എന്നവൾ തന്നെ സന്ദേഹിക്കുകയാണു്. അർദ്ധസത്യംകൊണ്ടു് തന്റെ ലൈംഗികജീവിതത്തെ ചുററിനിന്ന മാറാലകൾ മറയ്ക്കുവാനുള്ള ഒരു ശ്രമമാണവൾ നടത്തിയതു്. ഭോഗലിപ്സാപൂരണത്തിനുവേണ്ടി താൻ ചെയ്ത കൊടിയ അകൃത്യങ്ങൾ അവളെ തുറിച്ചുനോക്കുകയാണു്.

പ്രശാന്തനായി, യാതൊരു ഭാവഭേദവുമില്ലാതെ, സൗമ്യത ഒഴുകുന്നവിധം ക്രിസ്തുനാഥൻ അരുളിച്ചെയ്തു:

"എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. എന്തെന്നാൽ അഞ്ചുഭർത്താക്കന്മാർ നിനക്കുണ്ടായിട്ടുണ്ടു്. ഇപ്പോൾ നിനക്കുള്ളവൻ നിന്റെ ഭർത്താവല്ല. നീ പറഞ്ഞതു സത്യം തന്നെ".

മററു വല്ലവരിൽനിന്നും ഈ വാക്കുകൾ പുറപ്പെട്ടിരുന്നെങ്കിൽ അവൾ വല്ലതുമൊക്കെ വിളിച്ചു പറഞ്ഞേനേ. പക്ഷേ, തന്റെ മുമ്പിൽ നിൽക്കുന്നയാൾ മാനുഷികദൗർബല്യങ്ങളുള്ള ഒരു സാധാരണ വ്യക്തിയല്ലെന്നു് അവൾ നേരത്തെതന്നെ ഗ്രഹിച്ചുപോയി. ആശ്ചര്യാത്ഭുതങ്ങളുടെ സമ്മേളനരംഗമായിത്തീർന്നു, അവളുടെ മനസ്സ്. തന്റെ ഭൂതകാലചെയ്തികളെ ഈ അപരിചിതൻ വ്യക്തമായിക്കാണുന്നു. അദ്ദേഹം തീർച്ചയായും ഒരു ദൈവികപുരുഷൻതന്നെ. കൂടുതൽ ബഹുമാനവിനയങ്ങളോടുകൂടി അവൾ പ്രസ്താവിക്കുകയായി.

"കർത്താവേ, അങ്ങൊരു പ്രവാചകനാണെന്നു ഞാൻ കാണുന്നു"

ഉടനെ മടങ്ങിപ്പോകുവാൻ സ്ത്രീസഹജമായ അവളുടെ ജിജ്ഞാസ അവളെ അനുവദിക്കുന്നില്ല. ഈ യഹൂദപ്രവാചകനു്, സമറായക്കാരും യഹൂദന്മാരും തമ്മിൽ തലമുറകൾ തലമുറകൾക്കുമുമ്പെതുടങ്ങിയ തീവ്രവൈരത്തിന്റെ കാരണങ്ങളെക്കുറിച്ചു് എന്തെങ്കിലും പ്രത്യേകമായി പ്രസ്താവിക്കുവാൻകാണും. കൂടാതെ തന്റെ ലജ്ജാപൂർണ്ണമായ ജീവിതത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഒഴിക്കാമല്ലോ. കാര്യങ്ങൾ അറിവാനുള്ള ആകാംക്ഷ സ്ഫുരിക്കുന്ന മുഖഭാവത്തോടെ അവൾ ചരിത്രത്തിന്റെ ഏടുകളിലേക്കു കടന്നു. (തുടരും)

# വി. കന്യകമറിയാമിന്റെ ഇടക്കെട്ട്

(ഷെവലിയർ വി. ഒ. ഏബ്രഹാം)

[ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള ഓർത്തഡോക്സ് സഭാപാരമ്പര്യത്തിലേക്കു വെളിച്ചം വീശുന്ന ഈ ലേഖനം 'മലയാളമനോരമ'യിൽ പ്രസിദ്ധം ചെയ്തിരുന്നതാണ്.]

1959 ഒക്ടോബർ മാസത്തിൽ ഞാൻ പ. പാത്രിയർക്കീസ്ബാവാ തിരുമേനിയെ സന്ദർശിക്കുകയും ഹോംസിലെ അരമനയിൽ താമസിക്കുകയും ചെയ്ത അവസരത്തിൽ വി. കന്യകമറിയാമിന്റെ ഇടക്കെട്ട് (സൂനോറൊ) അരമനയോടു ചേർന്ന പള്ളിയിൽ ഒരു വലിയ വെള്ളി അരളിക്കായിൽ സൂക്ഷിച്ചു വച്ചിരിക്കുന്നതു് തിരുമേനി എന്നെ കാണിച്ചു. അതിന്റെ ചരിത്രം പ. പാത്രിയർക്കീസ്ബാവാ തിരുമേനി വിവരിച്ചുതന്നപ്പോൾ ഒരുപക്ഷേ ഇടക്കെട്ട് (സൂനോറൊ) ഇന്ത്യയിൽനിന്നു ക്നായിത്തൊമ്മൻ ഉറഹായിലേക്കു കൊണ്ടുപോന്നതോ കൊടുത്തയച്ചതോ ആയിരിക്കണം എന്നു പറയുകയുണ്ടായി. ഇടക്കെട്ടു കണ്ടുകിട്ടിയതിനെപ്പറ്റി പ. പാത്രിയർക്കീസ്ബാവാ തിരുമനസ്സുകൊണ്ട് ശീമയിലുള്ള പള്ളികൾക്ക് അയച്ചിട്ടുള്ളതും തിരുമനസ്സിലെ മുദ്ര പതിച്ചിട്ടുള്ളതുമായ കല്പനയുടെ ഒരു പ്രതി എനിക്കു തരികയുണ്ടായി. പ്രസ്തുത കല്പനയിൽ ഇപ്രകാരം പറയുന്നു.

"പാശ്ചാത്യപൗരസ്ത്യ സഭാപിതാക്കളെല്ലാം ഏകകണ്ഠമായി ഇപ്രകാരം അഭിപ്രായപ്പെടുന്നു. വി. മാതാവിന്റെ വാങ്ങിപ്പിന്റെ സമയത്തു വി. റൂഹാ എല്ലാ ശ്ലീഹന്മാരെയും പ്രസ്തുത വിവരം അറിയിക്കുകയും അവർ വായുവേഗത്തിൽ മേഘങ്ങളിൽ ഊർശ്ലേമിലെത്തി അവളുടെ ബഹുമാന്യശരീരത്തിനു് ചുറ്റുമായി നിൽക്കുകയും സ്വർഗ്ഗീയ മാലാഖമാരും ദീർഘദർശിമാരുടെ ആത്മാക്കളും കൂടി അവളുടെ ആത്മാവിനെ ഉയരത്തിലേക്ക് ആനയിക്കുകയും അവളുടെ ശരീരത്തെ വി. ശ്ലീഹന്മാർ ഗദ്സീമാനിൽ കബറിൽ സംസ്കരിക്കുകയും ചെയ്തു. മൂന്നാം ദിവസം അവളുടെ പുത്രൻ ഉന്നതത്തിലെ മാലാഖമാരോടു കല്പിക്കുകയും അവർ അവളുടെ ശരീരത്തെ മഹത്വപ്രാപ്തിക്കായി പറുദീസായിലേക്കു കൊണ്ടുപോകുകയും ചെയ്തു. തദവസരത്തിൽ ഇന്ത്യയിൽനിന്നും മാർത്തോമ്മാശ്ലീഹാ വരികയും മാതാവിന്റെ ശരീരം കാണുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിനായി അവർ കബർ തുറന്നു നോക്കിയപ്പോൾ പുറമേ ചുറ്റിയിരുന്ന ശീലയും വസ്ത്രാംശങ്ങളും മാത്രം കാണപ്പെട്ടു. അപ്പോൾ ശ്ലീഹന്മാർ ദൈവമാതാവ് ആത്മാവിലും ശരീരത്തിലും സ്വർഗ്ഗത്തിലേയ്ക്കെടുത്തുകൊള്ളപ്പെട്ടുവെന്നു വിശ്വസിച്ചു. സുറിയാനിക്കാരും യൗനായക്കാരും ഈജിപ്തായക്കാരും എത്തിയോപ്യക്കാരും അർമ്മനായക്കാരുമായ സർവ്വ പൗരസ്ത്യരുടെയും മൂലഗ്രന്ഥങ്ങൾ, മാർ തോമ്മാശ്ലീഹാ ഇന്ത്യയിൽനിന്നും പുറപ്പെട്ടു ഊർശ്ലേമിൽ എത്തുന്നതിനുമുമ്പ് വിസ്മയനീയമായ ഈ വാങ്ങിപ്പ് ദർശിക്കുകയുണ്ടായെന്നു സാക്ഷിക്കുന്നു. അദ്ദേഹം വി. മാതാവിനെ മാലാഖമാർ വെള്ളത്തുപ്പട്ടിയിൽ വഹിച്ചുകൊണ്ടു പറന്നു പോകുന്നതു കാണുകയും തോമായേ നീ വന്നു നിന്റെ നാഥന്റെ മാതാവിൽ നിന്നും അനുഗ്രഹം പ്രാപിച്ചുകൊൾകയെന്നുള്ള അശരീരി ശ്രവിക്കയും വിസ്മയഭരിതനായി സംശയിച്ച് അനുഗ്രഹനിക്ഷേപത്തിനായി പ്രാർത്ഥിക്കുകയും അപ്പോൾ ഉയരത്തിൽനിന്നും പരിശുദ്ധമായ അവളുടെ സൂനോറൊ അവന്റെ കൈകളിൽ വന്നു വീഴുകയും അപ്പോൾ സംശയനിദ്രയിൽനിന്നുമുണർന്ന് ഭക്തിപുരസ്സരം അതു സ്വീകരിച്ചു തന്റെ സഹോദരന്മാരായ ശ്ലീഹന്മാരുടെ അടുക്കലേയ്ക്കു് ദൈവമാതാവ് ആത്മാവിലും

ശരീരത്തിലും സ്വർഗ്ഗാരോപണം ചെയ്തുവെന്നുള്ളതിന്റെ പ്രത്യക്ഷലക്ഷ്യമായി കൊണ്ടുപോകുകയും അനന്തരം ഇന്ത്യയിലേയ്ക്കു മടങ്ങിയപ്പോൾ അതും കൂടെ കൊണ്ടുപോരുകയും അതിനാൽ വിവിധ രോഗബാധിതരെ സുഖപ്പെടുത്തുകയും വിശ്വാസികളെ അനുഗ്രഹിക്കുകയും ചെയ്തു. അനുഗ്രഹീതമായ ഈ സൂനോറൊയ്ക്കു വി. ശ്ലീഹായുടെ തിരുശേഷിപ്പുകളുമായി അഭേദ്യമായ ബന്ധമുണ്ട്. ക്രി. വ. 394-ൽ ഉറഹായിലെ സിറിയൻ മെത്രാപ്പോലീത്തായായ വി. കോറായുടെ കാലത്ത് ഇന്ത്യയിൽനിന്നും ഉറഹായിലേയ്ക്കു കൊണ്ടുപോകപ്പെട്ട വി. തിരുശേഷിപ്പുകളുമൊരുമിച്ച് ഇതും ഉണ്ടായിരുന്നു.

## സൂനോറൊ പെരുനാൾ

ക്രി. വ 478 വരെ ഈ സൂനോറൊ ഉറഹായിൽ സൂക്ഷിക്കപ്പെട്ടു. ക്രി. വ. 478-ൽ അതു ഹോംസിലുള്ള വി. ദൈവമാതാവിന്റെ ദേവാലയത്തിലേയ്ക്കു കൊണ്ടുപോകപ്പെടുകയും അവിടത്തെ വിശ്വാസികൾക്ക് വിലയേറിയ നിക്ഷേപമായി പരിണമിക്കുകയും ചെയ്തു. പൗരസ്ത്യസഭ ഓഗസ്റ്റ് മാസം 31-ാം തീയതി സൂനോറൊ പെരുനാൾ ആഘോഷിക്കുന്നു. പെരുനാളുകളുടെ പതിമ്മൂന്നു പട്ടികകളിൽ ഈ സൂനോറൊപ്പെരുനാൾ അനുസ്മരിച്ചിട്ടുണ്ട്. ക്രിസ്താബ്ദം 708-ൽ കാലം ചെയ്ത ഉറഹായക്കാരനായ വി. യാക്കോബിന്റെ കലണ്ടറിലും ഈ പെരുനാൾ കാണുന്നുണ്ട്. ശൂനോയൊ പെരുനാളിന്റെ മാസത്തിൽ തന്നെ ഈ സൂനോറൊ പെരുനാളും വരുന്നതുകൊണ്ട് വിശ്വാസികൾക്ക് പെരുനാളാഘോഷത്തിന്റെ ഭാരം കുറയ്ക്കുവാനായി പിൽക്കാലത്ത് ഈ രണ്ടു പെരുനാളും കൂടി ഓഗസ്റ്റ് 15-ാം തീയതി തന്നെ കൊണ്ടാടുവാൻ തുടങ്ങി

വി. കന്യക അവശേഷിപ്പിച്ചിട്ടുള്ള ഏക നിധിയായ ഈ അനുഗ്രഹീത സൂനോറൊ അവൾ സ്വകരങ്ങളാൽ തന്നെ നെയ്തതാണ്. അവൾക്കും അവളുടെ പുത്രനും ആവശ്യമുള്ള വസ്ത്രങ്ങൾക്കു പുറമേ ദേവാലയത്തിൽ പുരോഹിതന്മാർക്കുവേണ്ടി വസ്ത്രങ്ങളും ദേവാലയത്തിന് ആവശ്യമായ ശീലത്തരങ്ങളും സ്വകരങ്ങളാൽ അവൾ നെയ്തിരുന്നു. ഈ സൂനോറൊ പ്രസ്തുത മർത്തമറിയം പള്ളിയ്ക്കു, സൂനോറൊ പള്ളി അഥവാ സൂനോറൊ മാതാവിന്റെ പള്ളിയെന്നു പേരു കൈവരുത്തുകയും ചെയ്തു. സഭയുടെ പീഡനങ്ങളെ അതിജീവിച്ച്, 16-ാം ശതകാവസാനത്തിലും 17-ാം ശതകാരംഭത്തിലുമുള്ള പുരാണചരിത്രരേഖകളെല്ലാംതന്നെ, ഈ സൂനോറൊ പ്രസ്തുത ദേവാലയത്തിൽ നിക്ഷേപിക്കപ്പെട്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## മറ്റൊരു രേഖ

1953 ഏപ്രിൽ മാസം 15-ാം തീയതി ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി, സിറിയായിലെ സുറിയാനി ഇടവകക്കാർ 185-ൽ പാത്രിയർക്കാ സിംഹാസനാരൂഢനായിരുന്ന മർദീനിലെ കർക്കമ ദയറായുടെ സമീപസ്ഥരായ നഗരപ്രധാനികൾക്ക് അയച്ചതായ ഒരെഴുത്ത് കണ്ടെടുത്തു. അതിൽ ഇപ്രകാരം പറയുന്നു:

“ഹോംസിലെ സൂനോറൊ മാതാവിന്റേതെന്നു പറയപ്പെടുന്ന നമ്മുടെ മർത്തമറിയം പള്ളി വിസ്തൃതമായി പണിയുന്നതിനുവേണ്ടി പൊളിച്ചപ്പോൾ കന്യകമർത്തമറിയാമിന്റെ സൂനോറൊ ഒരു പാത്രത്തിൽ മദ്ബഹായിൽ ത്രോണോസിന്റെ അടിയിൽനിന്നും കണ്ടുകിട്ടി. അതിൽനിന്നും അനുഗ്രഹം പ്രാപിച്ചശേഷം മധ്യത്തിലുള്ള ഹൈക്കലായിൽ സ്ഥാപിച്ചു.

1918-ൽ നിര്യാതനായ ഹോംസുകാരൻ ജോസഫ് ആസക്കറിന്റെ ഡയറിയിൽനിന്നു അപ്പോൾ പാത്രിയർക്കീസുബാവാ ഈ സംഗതി വായിച്ചറിഞ്ഞു. ജൂലൈ മാസം 0-ാം തീയതി പുരോഹിതന്മാരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ വി. ത്രോണോസിന്റെ വിരികൾ മാറ്റിയപ്പോൾ ഗർശൂനി ഭാഷയിലുള്ള ഒരു ശിലാലിഖിതം പ്രത്യക്ഷപ്പെട്ടു. അതിൽ പ്രസ്തുത ദേവാലയസ്ഥാപനം അറിയിപ്പുകാരനായ ഏലിയാ (മെചാരായായുടെ കാലത്ത് ക്രിസ്താബ്ദം 59-ൽ എന്നും അതിന്റെ പുതുക്കിപ്പണി 185-ൽ എന്നും രേഖപ്പെടുത്തിയിരുന്നു. ആ കല്ലിന്റെ അടിയിൽ ചെമ്പുതകിടുകൊണ്ടു മൂടിയിരുന്ന ഒരു കൽഭരണി കാണപ്പെട്ടു. അതു തുറന്നപ്പോൾ അതിനുള്ളിലുണ്ടായിരുന്ന പാത്രം കാലപ്പഴക്കം കൊണ്ടു പൊട്ടിപ്പോയി. സൂനോറൊ തെറുത്തു വച്ചിരിക്കുന്നതായി കാണപ്പെട്ടു. ഒരു ചെമ്പുകുഴൽ പൊട്ടിപ്പോയ പാത്രത്തിന്റെ മുകൾഭാഗത്തായി ചേർത്തു വച്ചിരുന്നു. അതിനുള്ളിൽ ഒരു മനുഷ്യന്റെ കൈത്തണ്ടിന്റെ അസ്ഥിയും ഉണ്ടായിരുന്നു. അതിന്റെ കൂടെ തന്നെ തുകലിൽ എഴുതപ്പെട്ട ഒരു കുറിപ്പും ഉണ്ടായിരുന്നു.

അനുഗ്രഹീതമായ ഈ സൂനോറൊയും അതോടൊരുമിച്ച് ഉള്ളവയും പരിശോധിക്കുന്ന

തിനായി തലസ്ഥാനനഗരിയായ ഡമസ്കോസിൽ നിന്നും ഹോംസിലേക്ക് പുരാണവസ്തുഗവേഷണസംഘം നിയോഗിക്കപ്പെട്ടു. അവർ 1953 ആഗസ്റ്റ് 16-ാം തീയതി അവരുടെ റിപ്പോർട്ടു സമർപ്പിച്ചു. അതിന്റെ സംഗ്രഹം താഴെപ്പറയും പ്രകാരമാണ്.

“ബക്കാനി” കല്ലുകൊണ്ടുള്ള ഒരു ഭരണി. ഏക കേന്ദ്രത്തെ ആലംബമാക്കിയുള്ള വൃത്തങ്ങളാൽ അലംകൃതമായ ഒരു പരന്ന ചെമ്പുതട്ടം. ഇവ ബൈസാൻഷിയൻ ഭരണകാലത്ത് നിർമ്മിക്കപ്പെട്ടവയാണ്. സുനോറൊ സൂക്ഷിക്കപ്പെട്ടിരുന്ന ലോഹനിർമ്മിതമായ കുഴൽ കാലപ്പഴക്കംകൊണ്ടു സർവ്വലോഹാംശങ്ങളും നശിച്ചു ക്ലാവു മാത്രം ശേഷിക്കുകയും അടിഭാഗം കൽഭരണിയുടെ അടിത്തട്ടിനോടു പററിച്ചേരുകയും ചെയ്തിരിക്കുന്നു. അതിനുള്ളിൽ തെറുത്തു വച്ചിരിക്കുന്ന സുനോറൊയ്ക്ക് 74 സെൻറിമീററർ നീളവും 5 സെൻറിമീററർ വീതിയും 2 മില്ലിമീററർ ഘനവുമുണ്ട്. അതിന്റെ നിറം ഇളം തവിട്ടുനിറമാണ്. അതിന്റെ അകത്ത് ‘തൊലാനിയാ’ രോമംകൊണ്ടുള്ള നൂലും, പുറത്തു പട്ടുനൂലും സ്വർണ്ണക്കസവുകൊണ്ടുള്ള ചിത്രത്തയ്യലും ഉണ്ട്. അതിൽ അവിടവിടെയായി കാലപ്പഴക്കംകൊണ്ടുള്ള ദ്രവത്വവും, പുറമെയുണ്ടായിരുന്ന ലോഹത്തിന്റെ ക്ലാവും ഏററിരുന്നു. ഈ സുനോറൊ റോമൻ സംസ്കാരകാലം സൂചിപ്പിക്കുന്നു. ദ്രവിച്ചുപോയ ലോഹക്കുഴൽ മുൻപ്രസ്താവിച്ച പ്രഥമ ദേവാലയത്തിൽ ദീർഘകാലം മുമ്പെതന്നെ വയ്ക്കപ്പെട്ടിരുന്നു. ഒരുപക്ഷേ പുരാതനദേവാലയത്തിൽതന്നെ ഇതു വയ്ക്കപ്പെട്ടിരുന്നതായിരിക്കാം. ദീർഘകാലം ഈർപ്പമുള്ള മണ്ണിൽ സ്ഥിതിചെയ്തിരുന്നതുകൊണ്ടു ലോഹാംശങ്ങൾ ശക്തിയായ (Oxidization) ജാരണംമൂലം ദ്രവിച്ച് അതിനുള്ളിൽ സ്ഥിതിചെയ്തിരുന്ന കാലത്തുതന്നെ അവിടവിടെയായി സുനോറൊയ്ക്കു ദ്രവത്വം സംഭവിക്കുകയും അതോടുകൂടെയുണ്ടായിരുന്ന അസ്ഥിയും അതിനുള്ളിലുണ്ടായിരുന്ന ചർമ്മലിഖിതവും ദ്രവിക്കുകയും ചെയ്തിരുന്നതു് അവയുടെ സുദീർഘമായ പുരാതനത്വത്തെ പ്രസ്പഷ്ടമാക്കുന്നു”.

**For favours received. Inserted by**





Thomas P. J.
Jabalpur.
Excuse delay

# കവിത

## നക്ഷത്രദൂത്

എൻ. കെ. ജോൺ എം. എ.

—അന്നനട—

നവീന താരമൊന്നുദിച്ചുയർന്നു
സ്വർണ്ണ ദീപ്തിയാൽ വിളങ്ങിവിണ്‍തലം
ഇരുട്ടകററിട്ടു[1]ഉഡു[2]പതിയെക്കാൾ
വിരിഞ്ഞുനിന്നള്ളു വിരാജിച്ചുവാനിൽ.
മനസ്സുരസ്സുകൾ പലതുമുല്ലസി-
ച്ചനന്തതേജസ്സു പരത്തിയെങ്ങുമേ.
ചരാചരമാകെപ്പരിതോഷമോടെ
പരാപരരൂപം സ്മരിച്ചുനിന്നപോയ്.
സമസ്തജ്യോതിഷ വിദഗ്ദ്ധന്മാരെയും
സമാകർഷിച്ചുറെത്തിളങ്ങിയത്താരം.

പുരോഗമിക്കുവാൻ വഴിതെളിച്ചുഡു
വിരുതെഴുന്നൊരു വിശുദ്ധദൂതനായ്.
ഗണിതവിദ്യയിലപാര പണ്ഡിതർ
ഗുണികൾ പൗരസ്ത്യൻ നരപാലർ മൂവർ
മഹത്തമമാകുമതുല്യസംഭവ-
മിഹത്തിലായതിൻ പ്രതീകമായെണ്ണി
അനുഗമിച്ചവരുഡുതെളിച്ചിട്ട-
മനുപമമാർഗ്ഗമടിയിടറാതെ
യഹൂദനാട്ടിനന്നാധീശനായിട്ടും
ഹെരോദസിൻമുന്നിൽ ജെറൂസലെംതന്നിൽ
വരുകയായവർ, [3]സരഭസം താരം
[4]തിരോഭവിച്ചഹോ! വിചിത്രമോർക്കുകിൽ.

"യഹൂദരാജനായ് പിറന്നൊരാശിശു
എവിടെയാമെന്നാരുണർത്തിടേണമേ
കിഴക്കുദിക്കിലായരിയൊരു താരം
മിഴിയ്ക്കുലക്ഷ്യമായതും നിരീക്ഷിച്ചു
വരുന്നിതാ! ഞങ്ങൾ [5]സമീക്ഷിച്ചുണ്ണിയെ
വണങ്ങിടാൻ തന്നെ", ശ്രവിച്ചേവം മന്നൻ

ജെറൂസലെംപുരമിളകി സംഭ്രാന്തി
കലർന്നു മന്നവനമർഷംപൂണ്ടുടൻ
തനിക്കുചേർന്നതാം പദംഹരിക്കുവാൻ
ജനിച്ചിതോശിശു? വരട്ടെ, കണ്ടിടാം.
ക്ഷണിക്കയായങ്ങു മഹാപുരോഹിത-
രുപാദ്ധ്യായമുഖ പ്രബുദ്ധസംഘത്തെ
നിയമഗ്രന്ഥങ്ങൾ സമാദരിച്ചവർ
നിരങ്കുശമോതി മിശിഹാതൻജന്മം.
യഹൂദരാജനായ് ജനിച്ചിട്ടുംശിശു
യഹൂദ്യയിൽ ബെത്ത്‌ലേംപുരവരമതിൽ
പ്രവാചകഗീരിൻ പൊരുൾതിരിച്ചന്നു
പ്രകാശനംചെയ്താർ തെളിവായിക്കാര്യം,

തദാഹെരോദസും രഹസ്യമായ്ത്താര-
മുദിച്ചുയർന്നൊരു സമയം സൂക്ഷ്മമായ്
ധരിച്ചഥ ചൊല്ലിയയച്ചു ഭൂപരെ
തിരിഞ്ഞിടാനുണ്ണി പിറന്നിടമുടൻ
'സമീക്ഷിച്ചുണ്ണിയെ വിവരമൊക്കെയും
തിരിച്ചുവന്നുടനുരക്കണം നിങ്ങൾ
എനിക്കുമാഗ്രഹ[6]മുപാസന ചെയ്‌വാൻ
യഹൂദരാജനായ് പിറന്നൊരുണ്ണിയെ'-
തിരിച്ചവരെയും വരുത്തുവാനല്ലീ
[7]വദിച്ചതുമേവം ഹെരോദസ് കശ്മലൻ.

മറഞ്ഞൊരുതാരം തിളങ്ങിവന്നിതാ!
തെളിഞ്ഞുരാജക്കൾ തുടർന്നുയാത്രയും
നയിച്ചവരെയുമണച്ചു നക്ഷത്ര-
മവതരിച്ചൊരു മശിഹാതന്നിടം,
അനന്ദമാനന്ദമനുഭവിച്ചവ—
രനന്തനീശനെയൊരുനോക്കു കാൺകേ.

---

1. ഉഡു—നക്ഷത്രം. 2. ഉഡുപതി—ചന്ദ്രൻ. 3. സരഭസം—വേഗം. 4. തിരോഭവിച്ചു—മറഞ്ഞു.
5. സമീക്ഷിക്ക—കാണുക. 6. ഉപാസന—ആരാധന. 7. വദിച്ചു—പറഞ്ഞു. 8. മുകുന്ദ —കുന്തുരുക്കം.

# കത്തോലിക്കാസഭയും ക്രിസ്തീയ പുനരൈക്യവും

(ഫാദർ തോമസ് മണ്ണഞ്ചേരി)

കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടവയാകകൊണ്ടു് വിശ്വാസസത്യങ്ങൾക്കു് സഭ വലിയ പ്രാധാന്യമാണു് കല്പിച്ചുകൊണ്ടിരിക്കുന്നതു്. കത്തോലിക്കാസഭ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്ന സത്യങ്ങളിൽ ഒന്നുപോലും സഭയുടെ കണ്ടുപിടിത്തമോ നിർമ്മാണമോ അല്ലെന്നും അവയെല്ലാം ദൈവ വെളിപാടുമൂലം സിദ്ധിച്ചിട്ടുള്ളവയാണെന്നും സഭ എല്ലാകാലങ്ങളിലും അവകാശപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. വിശ്വാസസത്യങ്ങളെല്ലാം ക്രിസ്തുവിനാൽ സഭയുടെ സൂക്ഷത്തിനു് ഏൽപ്പിക്കപ്പെട്ടിരിക്കുകയാൽ സഭ വിശ്വാസസത്യങ്ങളെ ഒരു അമൂല്യനിക്ഷേപം പോലെയാണു് കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്നതു്. വിശ്വാസസത്യങ്ങളിൽ നിന്നും ഒന്നുപോലും മാറ്റുന്നതിനോ തള്ളിക്കളയുന്നതിനോ പുതിയതിനെ കൂട്ടിച്ചേർക്കുന്നതിനോ സഭയ്ക്കു് അധികാരമില്ല.

തന്റെ സഭാംഗങ്ങളുടെ ഇടയിൽ ഐക്യം ഉണ്ടായിരിക്കണമെന്നും തന്നിൽ വിശ്വസിക്കുന്നവർ എല്ലാവരും ഏകമായിരിക്കണമെന്നും ക്രിസ്തുനാഥൻ അഭിലഷിക്കുമ്പോൾ അവിടുന്നു് പ്രഥമമായും പ്രധാനമായും ആവശ്യപ്പെടുന്നതു് തന്നിൽ വിശ്വസിക്കുന്നവർ എല്ലാവരും വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങളെയെല്ലാം പൂർണ്ണമായി സ്വീകരിച്ചു് അനുസരിച്ചുകൊള്ളണമെന്നാണു്. ദൈവം മനുഷ്യന്റെ രക്ഷക്കുവേണ്ടി സകലരും വിശ്വസിക്കേണ്ട സത്യങ്ങൾ വെളിപ്പെടുത്തി തന്റെ സഭയുടെ സൂക്ഷത്തിനു് ഏല്പിച്ചിരിക്കുകയാൽ ആ വിശ്വാസസത്യങ്ങളെ ഒന്നുപോലും നിഷേധിക്കാതെ സഭയിൽ നിന്നും അവയെ പൂർണ്ണമായി സ്വീകരിച്ചു് വിശ്വസിക്കേണ്ടതു് ക്രിസ്ത്യാനികൾ ഏവരുടെയും കടമയാകുന്നു. വിശ്വാസസത്യങ്ങളെ പൂർണ്ണമായി സ്വീകരിക്കാതെ അവയിൽ നിന്നും തങ്ങളുടെ വാസനയ്ക്കും അഭിരുചിക്കും യോജിക്കുന്നവയെ മാത്രം സ്വീകരിക്കുകയും തങ്ങൾക്കു് ഇഷ്ടമില്ലാത്തവയെ തള്ളിക്കളയുകയും ചെയ്യുന്നവർ ശരിയായ ക്രിസ്ത്യാനികൾ എന്ന നാമത്തെ അർഹിക്കുന്നവരല്ല. ക്രിസ്തീയമതം വിശ്വാസസത്യങ്ങളേയും കൂദാശകളേയും അധിഷ്ഠിതമായി നിലനിൽക്കുന്ന ദൈവസ്ഥാപിതവും അതിസ്വാഭാവികവും ആയ ഒരു മതമാകുന്നു. ഒന്നിലധികം ദൈവസ്ഥാപിതങ്ങളായ ക്രൈസ്തവമതങ്ങൾ ഉണ്ടായിരിക്കാൻ പാടില്ലെന്നു് സ്പഷ്ടമാണല്ലോ. പരസ്പരവിരുദ്ധങ്ങളായ അനേകം

---

നറുംപശ, സ്വർണ്ണം, മുകുന്ദമെന്നിവ
തിരുമുൽക്കാഴ്ചയായണച്ചു കാൽത്താരിൽ
പരംജ്യോതിസ്സിനെ നമസ്കരിച്ചവർ
സ്വദേശം ചേരുവാനൊരുങ്ങി, ഗൂഢമായ്
കിനാവിൽകണ്ടൊരു[9]നിദേശമാദരി-
ച്ചനാകുലമവർ മടങ്ങിമൂവതും.

തെളിഞ്ഞുവന്നു പിന്നൊളിഞ്ഞുനിന്നങ്ങു
തെളുതെളെമാർഗ്ഗം തെളിച്ചു പിന്നെയും
മറഞ്ഞുപോയതാ! വഴിതെളിച്ചൊരു
പരംപൊരുളുതൻ പ്രഗല്ഭനാം ദൂതൻ.

സകലേശനേതും കഴിയുമെന്നല്ലീ
[10]പകലോനെപ്പോലെ വഴികാട്ടിത്താരം
ഫലിച്ചിലേ ഉമേ ഹേറോദസ്ദുർമ്മതി
നിനച്ചപോലംവ ഹനിപ്പാനുണ്ണിയെ
ഒരുവഴിക്കുപോം മനുഷ്യചിന്തകൾ
വരുംമറുവഴി ജഗദീശഹിതം.
സനാതനസത്യപ്രകാശധാരയിൽ
മനസ്സാക്ഷിപരം [11]ലസിക്കുവാനെന്നും,
മനസ്സിൽമിന്നിടും ജഗദീശഹിതം
[12]നഭസ്സിലിത്താരം തിളങ്ങിനിന്നപോൽ.

---

9. നിദേശം—കല്പന. 10. പകലോൻ—സൂര്യൻ. 11. ലസിക്ക—ശോഭിക്ക. 12. നഭസ്സ്—ആകാശം.

ക്രൈസ്തവ മതങ്ങൾ ഉണ്ടായിരിക്കുന്നതു് ക്രിസ്തുവിന്റെ ഉദ്ദേശത്തിനും അഭിലാഷത്തിനും വിരുദ്ധമാണെന്നുള്ളതു് തർക്കമററ കാര്യമാകുന്നു. ക്രിസ്തു പരസ്പരവിരുദ്ധങ്ങളായ അനേകം ക്രൈസ്തവമതങ്ങളെ സ്ഥാപിച്ചു എന്നു പറയുന്നവർ ക്രിസ്തുവിന്റെ ദിവ്യത്വത്തെ നിഷേധിക്കുകയാണു് ചെയ്യുന്നതു്.

ഒടുവിലത്തെ അത്താഴത്തിൽ ക്രിസ്തു തന്റെ പിതാവിനോടു നടത്തിയ മർമ്മസ്പൃക്കായ പ്രാർത്ഥനയിൽ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഐക്യം താൻ എത്ര കാര്യമായി അഭിലഷിക്കുകയും മതിക്കുകയും ചെയ്യുന്നുണ്ടെന്നു് വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. "പിതാവെ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ എന്നിൽ വിശ്വസിക്കുന്നവർ എല്ലാവരും ഒന്നാകണമേ; ഇതിനാൽ നീ, എന്നെ അയച്ചുവെന്നു് ലോകം വിശ്വസിക്കുന്നതിനിടയാകട്ടെ." വിശ്വാസം സംബന്ധിച്ചുള്ള ഐക്യം ക്രിസ്തീയ പുനരൈക്യത്തെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമായ ഘടകമാകുന്നു. വിശ്വാസസംബന്ധമായ ഐക്യത്തെ അവഗണിച്ചുകൊണ്ടു് ബാഹ്യമാത്രമായ ഐക്യത്തിനുവേണ്ടി മാത്രം ശ്രമിക്കുന്നവർ യഥാർത്ഥമായ ക്രിസ്തീയ പുനരൈക്യത്തെ അഭിലഷിക്കുന്നവരല്ല.

വത്തിക്കാൻ സൂനഹദോസു അകത്തോലിക്കരെയെല്ലാം വിളിച്ച് ക്രിസ്തീയ പുനരൈക്യത്തിന്റെ ആവശ്യത്തെപ്പററി അവരെ സ്നേഹപൂർവ്വം ഉൽബോധിപ്പിക്കുകയുണ്ടായല്ലോ. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നതയോടുകൂടിയ നിലപാടു് ഒട്ടും തന്നെ അഭിലഷണീയമല്ലെന്നും ക്രൈസ്തവസഭകൾ പരസ്പരഭിന്നതകളെ മാററിയിട്ടു് ഏക ക്രൈസ്തവസഭയായി തീരേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നും ക്രിസ്തുവിന്റെ അഭിലാഷം അതാണെന്നും അകത്തോലിക്കാ സഭകൾക്കെല്ലാം ഇതിനകം ബോദ്ധ്യമായിട്ടുണ്ടു്. "ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവും" ആയ സഭ ഒന്നുമാത്രമാണെന്നും ആ സഭ മാത്രമാണു് ക്രിസ്തുവിന്റെ സത്യസഭയെന്നും നിഖ്യാസൂനഹദോസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണു്. നിഖ്യാസൂനഹദോസിന്റെ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ അകത്തോലിക്കാ സഭകളെല്ലാം സത്യസഭ ഏതെന്നു് കണ്ടുപിടിക്കാൻ ശ്രമിക്കുകയാണു് വേണ്ടതു്. നിഖ്യാ സൂനഹദോസിന്റെ പ്രഖ്യാപനത്തെ സാർത്ഥകമാക്കിത്തീർക്കുന്ന സഭ ഒന്നുമാത്രമാണെന്നും ഒന്നിലധികം സഭകൾ ഉണ്ടായിരിക്കാൻ പാടില്ലെന്നുമുള്ളതു് ഒരു പൊതു തത്വമായി എല്ലാവരും സ്വീകരിക്കേണ്ടതാണു്. ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആയ സഭ, കത്തോലിക്കാ സഭയാണെന്നു് ആ സഭ, എല്ലാകാലങ്ങളിലും വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. വിഭിന്നസഭകളെല്ലാം നിഖ്യാസൂനഹദോസിന്റെ വിശ്വാസപ്രമാണം സ്വീകരിച്ചുകൊണ്ടു് "ഏക ഇടയന്റെ കീഴിൽ ഒരു ആട്ടിൻകൂട്ടമായി" തീരേണ്ടിയിരിക്കുന്നു. "ഒരു ഇടയനും ഒരു ആട്ടിൻകൂട്ടവും" എന്നു് ക്രിസ്തു തന്റെ സഭയെപ്പററി പ്രസ്താവിച്ചിരിക്കുന്നതു് സഭയുടെ ഏകത്വത്തെ വെളിപ്പെടുത്താൻ വേണ്ടിയാണു്. ലോകമെല്ലായിടത്തും ഉള്ള ക്രിസ്ത്യാനികൾ ഒരു ആട്ടിൻകൂട്ടമെന്ന നിലയിൽ ഒരു പ്രധാന ഇടയന്റെ കീഴിൽ സംഘടിച്ച് ഒരേ വിശ്വാസവും ഒരേകൂദാശകളും ഒരേ ഭരണക്രമവും സ്വീകരിക്കുന്ന ഏകസഭയായി തീരുന്നുവെങ്കിൽ മാത്രമേ യഥാർത്ഥമായ ക്രിസ്തീയ പുനരൈക്യം നടപ്പിൽ വരികയുള്ളു.

കത്തോലിക്കാസഭ ക്രിസ്തീയ പുനരൈക്യത്തെ അത്യധികം ആഗ്രഹിക്കുകയും അതിലേക്കായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. എന്നാൽ ക്രിസ്തീയപുനരൈക്യത്തിനുവേണ്ടി വിശ്വാസ സത്യങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും രാജി വ്യവസ്ഥയ്ക്കോ വിട്ടുവീഴ്ചകൾക്കോ സഭ ഒരിക്കലും സന്നദ്ധമാകുന്നതല്ല. കത്തോലിക്കാസഭ വിശ്വാസസത്യങ്ങളുടെ പരിരക്ഷകിയും കാവൽക്കാരിയും ആയിരിക്കുകയാൽ വിശ്വാസസത്യങ്ങളിൽ ഒന്നുപോലും പരിത്യജിച്ചുകൊണ്ടുള്ള പുനരൈക്യത്തിനു് അവൾ ഒരിക്കലും വഴിപ്പെടുന്നതല്ല. ക്രൈസ്തവസഭകളുടെ എല്ലാം ഒരു സംഘടന

ഉണ്ടാക്കുകയും (Federation of Chruches) എല്ലാസഭകളും അവരവരുടെ വിശ്വാസസത്യങ്ങളെ അനുസരിക്കുകയും പാലിക്കുകയും ചെയ്തുകൊള്ളട്ടെ എന്ന വ്യവസ്ഥയോടുകൂടിയ പുനരൈക്യം സ്ഥാപിക്കുകയും ചെയ്യുന്ന കാര്യത്തിൽ കത്തോലിക്കാസഭയ്ക്കു് സഹകരിക്കാൻ സാധിക്കുന്നതല്ല. വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ പരിപൂർണ്ണമായ ഐക്യത്തെ പാലിച്ചുകൊണ്ടുള്ള പുനരൈക്യത്തെപ്പററി മാത്രമേ ചിന്തിക്കുവാനോ വിഭാവനം ചെയ്യുവാനോ കത്തോലിക്കാ സഭയ്ക്കു സാധിക്കുകയുള്ളു. ക്രിസ്തീയ പുനരൈക്യത്തിനുവേണ്ടി സഭയുടെ വിശ്വാസസത്യങ്ങളിൽ ഒന്നുപോലും പരിത്യജിക്കുകയില്ലെന്നും കത്തോലിക്കാസഭ വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്നതല്ലെന്നും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കഴിഞ്ഞ ജനുവരിമാസത്തിൽ ബേത്ലഹമ്മിൽവെച്ചു ചെയ്ത പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഇതേ വിഷയത്തെക്കുറിച്ചു് അടുത്ത കാലത്തു് വത്തിക്കാനിൽ നിന്നും മർപ്പാപ്പായുടെ വേറൊരു പ്രഖ്യാപനവും ഉണ്ടായിട്ടുണ്ടു്. "ക്രൈസ്തവസഭകളുടെ പുനരേകീകരണലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി കത്തോലിക്കാസഭയുടെ അടിസ്ഥാനസിദ്ധാന്തങ്ങളെ മയപ്പെടുത്തുകയില്ല കത്തോലിക്കാസഭയിലെ അന്തിമങ്ങളായ സിദ്ധാന്തങ്ങളെ അവഗണിച്ചു് അല്ലെങ്കിൽ നിശ്ശബ്ദമാക്കിക്കൊണ്ടു് സഭാ ഐക്യത്തിലേയ്ക്കുള്ള പാതകളിലെ പ്രതിബന്ധങ്ങളെ തരണം ചെയ്യാമെന്നു് ആരും ഭാവിക്കരുതു്." എന്നു് മാർപ്പാപ്പാ തിരുമേനി അറിയിച്ചിരിക്കുന്നു.

ക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ആ സഭ കത്തോലിക്കാസഭയാണെന്നു് ഒന്നാമത്തെ വത്തിക്കാൻ സൂനഹദോസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണു്. ഇന്നു നമ്മിൽ നിന്നും വേർപെട്ടുനിൽക്കുന്ന അകത്തോലിക്കാസഭകൾ കത്തോലിക്കാ സഭയുടെ ഐക്യത്തിൽ നിന്നു് ഓരോ കാലങ്ങളിൽ വിട്ടുപോയിട്ടുള്ളവയാണെന്നു് ചരിത്രം മുഖേന സ്പഷ്ടമായി തെളിയുന്നതാണു്. ഈ സഭകളെല്ലാം എവിടെനിന്നും പിരിഞ്ഞുപോയോ ആ മാതൃസഭയുടെ ഐക്യത്തിൽ വന്നുചേരേണ്ടതു് ആവശ്യമാണെന്നു് കത്തോലിക്കാസഭ വിശ്വസിക്കുന്നു.

വത്തിക്കാൻ സൂനഹദോസിൻെറ ഫലമായി ക്രൈസ്തവസഭകളുടെ മനോഭാവത്തിൽ വലിയ മാററമുണ്ടായിട്ടുണ്ടെന്നും ക്രിസ്തീയ പുനരൈക്യം ആവശ്യമാണെന്നു് എല്ലാവർക്കും ബോദ്ധ്യമായിട്ടുണ്ടെന്നും സസന്തോഷം പ്രസ്താവിക്കുവാൻ കഴിയും. വിവിധ സഭകളുടെ അദ്ധ്യക്ഷന്മാർ ഒരേ പ്ലാററ്ഫോറത്തിൽനിന്നു് ക്രിസ്തീയ പുനരൈക്യത്തിൻെറ ആവശ്യകതയെപ്പററി പ്രസംഗിക്കുകയും അന്യോന്യം സൌഹാർദ്ദപൂർവ്വം പുനരൈക്യത്തെപ്പററി ചർച്ചകൾ നടത്തുകയും ചെയ്യുന്നതു് നാം കാണുന്നുണ്ടല്ലോ. ക്രൈസ്തവസഭകളുടെ ഇടയിലുണ്ടായിരുന്ന വിദ്വേഷമനസ്ഥിതിക്കു് മാററം വരികയും വിവിധ സഭാംഗങ്ങൾ സൌഹാർദ്ദത്തോടെ വർത്തിക്കുകയും ക്രിസ്ത്യാനികളെല്ലാം സഹോദരങ്ങളാണെന്നുള്ള ബോധം എല്ലാവരിലും ഉണ്ടാകയും ചെയ്തിരിക്കുന്നതു് വത്തിക്കാൻ സൂനഹദോസിൻെറ മഹനീയമായ നേട്ടമാണെന്നു് സമ്മതിക്കാത്തവർ ആരെങ്കിലും ഉണ്ടാകുമെന്നു തോന്നുന്നില്ല അകത്തോലിക്കരുടെ ചിന്താഗതിയിൽ ഇത്ര വലിയ മാററമുണ്ടാക്കി അവർ കത്തോലിക്കാസഭയിലേക്കു് അടുത്തുവരുന്നതിനു് പ്രേരണ നൽകിയ ജോൺ മാർപ്പാപ്പായുടെ നാമം ശാശ്വതസ്മരണാർഹമായി തീർന്നിട്ടുണ്ടെന്നുള്ളതിനെ നിഷേധിക്കാൻ ആർക്കും കഴിയുന്നതല്ല.

അകത്തോലിക്കാ സഭകളെല്ലാം വിശ്വാസം സംബന്ധിച്ച ഐക്യം സ്വീകരിച്ചുകൊണ്ടു് സത്യസഭയിൽ വന്നുചേരുന്നതിനും തദ്വാരാ, ക്രിസ്തീയ പുനരൈക്യം കാലവിളംബമെന്യേ സാധിതമാകുന്നതിനും വേണ്ടി നമുക്കു് പ്രാർത്ഥിക്കാം.

# ജൂബിലേറിയനായ റവ. ഫാ. ഇഞ്ചയ്ക്കലോടി

## (ഫാദർ ജേക്കബ് ഞായല്ലൂർ)

**ഈ** ഏപ്രിൽമാസം രണ്ടാം തീയതി ഫാദർ ഇഞ്ചയ്ക്കലോടി ക്രിസ്തുനാഥന്റെ പുരോഹിതനായിട്ടു ഇരുപത്തിയഞ്ചു സംവത്സരങ്ങൾ പൂർത്തിയാകുന്ന സുദിനമാണ്. കഴിഞ്ഞ കാൽശതാബ്ദം ക്രിസ്തുവിനും അവിടത്തെ സഭയ്ക്കും വേണ്ടി ഉഴിഞ്ഞുവെച്ച ഒരു ധന്യജീവിതം നയിച്ച ഈ വന്ദ്യപുരോഹിതന്റെ അഭീഷ്ടത്തിനു് എതിരായിട്ടാണു് ഞാൻ ഏതാനും വാചകങ്ങൾ ഇവിടെ കുറിക്കുന്നതു്. ഇങ്ങനെ ഒരു കുറിപ്പു ഞാനെഴുതുവാൻ പോകയാണെന്നുള്ള വിവരം ഞാൻ അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം അതു് വിലക്കി, ശക്തിയായി വിലക്കി. അദ്ദേഹത്തിന്റെ ഈ വിലക്കം അനിഷ്ടവും ഇക്കാര്യത്തിൽ ഞാൻ വകവയ്ക്കാൻ പോകുന്നില്ല. കാരണമുണ്ടു്; പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു വേണ്ടി നാവുകൊണ്ടും തൂലികകൊണ്ടും സർവ്വോപരി ഉത്തമമായ ജീവിതമാതൃകകൊണ്ടും അനുസ്യൂതം അക്ഷീണയത്നം ചെയ്യുന്ന ബ. ഇഞ്ചയ്ക്കലോടിയച്ചന്റെ പൗരോഹിത്യരജതജൂബിലിവേളയിൽ അദ്ദേഹത്തെക്കുറിച്ചു നാലഞ്ചുവാചകങ്ങളെങ്കിലും 'കാഹളം' പ്രസിദ്ധപ്പെടുത്താതിരിക്കുക മിതമായ ഭാഷയിൽ പറഞ്ഞാൽ നന്ദികേടാണ്. നാലുവർഷങ്ങളോളം അദ്ദേഹം 'കാഹള'ത്തിന്റെ പത്രാധിപത്യച്ചുമതല സ്തുത്യർഹമാംവിധം വഹിച്ചിട്ടുണ്ടു്.



ജൂബിലേറിയൻ

“പുനരൈക്യതാരങ്ങൾ” എന്നപേരിൽ കത്തോലിക്കാസഭയുമായി കേരളത്തിൽ പുനരൈക്യപ്പെട്ട ഏതാനും വ്യക്തികളുടെ ലഘുജീവിതചരിത്രങ്ങൾ ഫാദർ ഇഞ്ചയ്ക്കലോടി എഴുതിയിട്ടുണ്ടു്. അവരുടെ മുൻപന്തിയിൽ നിൽക്കാൻ അർഹതയുള്ള ഒരു “പുനരൈക്യതാര”മാണ് ഫാദർ ഇഞ്ചയ്ക്കലോടി. അദ്ദേഹത്തിന്റെ ഒരു ലഘുജീവിതചരിത്രം ഞാനിവിടെ കുറിച്ചുകൊള്ളട്ടെ.

കൊല്ലവർഷം 1081 ചിങ്ങമാസം 3-ാംതീയതി ചെങ്ങന്നൂരിലെ സുപ്രസിദ്ധമായ മുക്കത്തുകുടുംബത്തിന്റെ ഒരു ശാഖയായ ഇഞ്ചയ്ക്കലോടി വീട്ടിൽ ശ്രീമാൻ ചെറിയാന്റെയും മറിയാമ്മയുടെയും സന്താനമായി ഇദ്ദേഹം ജനിച്ചു. മാതാവായ മറിയാമ്മ കുലത്താക്കൽ കുടുംബാംഗമാണ്. ശിശുവിനു മൂന്നു വയസ്സായപ്പോൾ പിതാവു് ദിവംഗതനായി. മറിയാമ്മയും കുഞ്ഞുങ്ങളും സ്വദേശമായ മാരാമണ്ണു് ചെന്നു് താമസ

മായി. കഥാപുരുഷൻ മാരാമണ്ണിലും കോഴഞ്ചേരി ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി. ഒരുത്തമ വനിതയായിരുന്ന മറിയാമ്മ തൻെറ മക്കളിൽ മതകീയജീവിതത്തിലുള്ള അഭിരുചി വളർത്തുന്നതിൽ തല്പരയായിരുന്നു. കത്തോലിക്കരെ 'റോമാക്കാർ' എന്നാണു് അക്കാലത്തു മദ്ധ്യതിരുവിതാംകൂറിൽ വിളിച്ചുപോന്നതു്. 'റോമാക്കാർ' എന്ന പദപ്രയോഗം പുച്ഛരസത്തിലാണു പലരും ഉപയോഗിച്ചിരുന്നതും. അന്ധവിശ്വാസികളും അപരിഷ്കൃതമാനസരുമാണു് 'റോമാക്കാർ' എന്നായിരുന്നു പലരുടേയും ധാരണ. നവീകരണസഭയുടെ—ഇപ്പോഴത്തെ മാർത്തോമ്മാക്കാരുടെ—ജന്മസ്ഥാനം മാരാമണ്ണാണെന്നും നാമോർക്കണം. മാർത്തോമ്മാസമുദായത്തിൽ അടിയുറച്ച വിശ്വാസത്തോടുകൂടി കഥാപുരുഷൻ ഇടവകയുടെ കാര്യങ്ങളിൽ കഴിവിനൊത്തു സഹകരിച്ചുപോന്ന വേളയിലാണു് മാരാമണ്ണുകാരെ ഞെട്ടിപ്പിച്ച ആ സംഭവം നടന്നതു്.

1925-ആണു് സംവത്സരം. പാവനചരിതനും പ്രേഷിതപ്രകാണ്ഡവുമായ വെരി. റവ. ഫാദർ ഡോമിനിക്കു് തോട്ടാശ്ശേരി ചങ്ങനാശേരി രൂപതവകയായി ഒരു മിഷ്യൻ മാരാമണ്ണു സ്ഥാപിച്ചു. നാലുഭാഗങ്ങളിൽനിന്നും എതിർപ്പുകളുണ്ടായി. അദ്ദേഹം അതൊന്നും വകവച്ചില്ല. അനേകരുമായി അദ്ദേഹം സമ്പർക്കം പുലർത്തി. അനേകർക്കു കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ കൊടുത്തു. കഥാപുരുഷനും തോട്ടാശ്ശേരിലച്ചൻെറ ത്യാഗസുരഭിലമായ പ്രേഷിതചൈതന്യത്താൽ ആകൃഷ്ടനായി അദ്ദേഹത്തിൽനിന്നു ധാരാളം കത്തോലിക്കാപുസ്തകങ്ങൾ വാങ്ങി വായിച്ചുതുടങ്ങി; അതോടൊപ്പംതന്നെ മാർത്തോമ്മാക്കാരുടെ, പ്രത്യേകിച്ചു മി. കെ. എൻ. ദാനിയേലിൻെറ പുസ്തകങ്ങളും വായിച്ചുതള്ളി. തോട്ടാശ്ശേരിലച്ചനുമായി കത്തോലിക്കാസഭയെക്കുറിച്ചു സുദീർഘമായ സംവാദങ്ങളും വാദപ്രതിവാദങ്ങളും ഇദ്ദേഹം നടത്തി. കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ വിശദമാക്കുന്ന പല പ്രസംഗങ്ങളും കഥാപുരുഷൻ കേട്ടു. അയിരൂരിൽനിന്നു കത്തോലിക്കാസഭയെ ആശ്ലേഷിച്ചു് തീക്ഷ്ണമായ അത്മായപ്രേഷിതത്വത്തിൽ ആയുസ്സ് ശിഷ്ടം ചിലവഴിച്ച ശ്രീ നൈനാൻ വറുഗീസ് വില്ലോത്തിൽനിന്നു കത്തോലിക്കാസഭാസംബന്ധമായ പല വിഷയങ്ങളും കഥാപുരുഷൻ ഗ്രഹിച്ചു.

അക്കാലത്താണു് മാരാമണ്ണു് റാവ്വർ ബ. തോമസ് കത്തനാരും ഏതാനും യാക്കോബായക്കാരും കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു്. മി. തോമസിനും സത്യാന്വേഷണത്തിലേർപ്പെട്ടിരുന്ന മററു നാലു യുവാക്കന്മാർക്കും കത്തോലിക്കാസഭയാണു് ക്രിസ്തു സ്ഥാപിച്ച സത്യസഭയെന്നു ഇതിനകം ബോധപ്പെട്ടുകഴിഞ്ഞിരുന്നു. മാർത്തോമ്മാസഭ വിട്ടുന്നതിനുമുമ്പുതന്നെ കത്തോലിക്കാസഭയെക്കുറിച്ചും മാർത്തോമ്മാ സമുദായത്തെക്കുറിച്ചും ഏതാനും ചില കാര്യങ്ങൾ സ്വസമുദായാംഗങ്ങളെ അറിയിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഈ അഞ്ചു യുവാക്കന്മാരും ചേർന്നു് "മാർത്തോമ്മാ സഭാംഗങ്ങളുടെ സഗൌരവമായ ശ്രദ്ധയ്ക്കു സമർപ്പിക്കുന്ന പ്രത്യക്ഷപത്രം" എന്നൊരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി, മാർത്തോമ്മാക്കാരുടെയിടയിൽ പ്രചരിപ്പിച്ചു. മാർത്തോമ്മാക്കാരുടെയിടയിൽ ആ ലഘുലേഖ ഒരു ബോംബു പൊട്ടലായിരുന്നു. ഈ ലഘുലേഖയ്ക്കു് മറുപടിയായി മി. കെ. എൻ. ദാനിയേൽ "പ്രത്യക്ഷപത്രനിരൂപണം" എന്നൊരു ഗ്രന്ഥംതന്നെ പ്രസിദ്ധപ്പെടുത്തി. മി. ദാനിയേലിൻെറ മറുപടി അശേഷം തൃപ്തികരമല്ലെന്നു് നിരവധി തെളിവുകൾസഹിതം സ്ഥാപിച്ചുകൊണ്ടു് മി. തോമസ് ഇഞ്ചെയ്ക്കലോടി 'പ്രത്യക്ഷപത്രവും ദാനിയേൽ നിരൂപണവും" എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. 1105 മകരം പത്താംതീയതി മാരാമണ്ണു കത്തോലിക്കാചാപ്പലിൽ വച്ചു് പെ. ബ. തോട്ടാശ്ശേരിലച്ചൻ ശ്രീമാൻ തോമസ് ഇഞ്ചെയ്ക്കലോടി, ശ്രീമാൻ വറുഗീസ് ചാക്കോളമണ്ണിൽ, ശ്രീമാൻ മാത്യു മാവേലിൽ, ശ്രീമാൻ തോമസ് മുതിരക്കാലായിൽ എന്നീ നാലു യുവാക്കന്മാരെ സത്യസഭയിലേക്കു സ്വീകരിച്ചു. കടുത്ത എതിർപ്പുകളും അടിസ്ഥാനരഹിതമായ ആരോപണങ്ങളും ഈ ചെറുപ്പക്കാർ വളരെയധികം സഹിച്ചു. ശ്രീമാൻ തോ

മസ് ഇഞ്ചെയ്ക്കലോടിക്ക് പല ഉദ്യോഗവാഗ്ദാനങ്ങളൊക്കെ കത്തോലിക്കാസമുദായത്തിൽനിന്നു ലഭിച്ചു. എങ്കിലും ക്രിസ്തുവിനുവേണ്ടി, ക്രിസ്തുവിൻെറ ജനത്തിനുവേണ്ടി, ജീവിക്കാനും പ്രവർത്തിക്കുവാനുമുള്ള ആഗ്രഹംമൂലം അവയൊന്നുംതന്നെ അദ്ദേഹം സ്വീകരിച്ചില്ല. ഇതിനകം അദ്ദേഹം കേരളത്തിലെ ക്രിസ്ത്യാനികളുടെയിടയിൽ സുപ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. ഈ തക്കംനോക്കി ഏതോ കുബുദ്ധിയായ ഒരു ചെറുപ്പക്കാരൻ താൻ തോമസ് ഇഞ്ചെയ്ക്കലോടിയാണെന്നുപറഞ്ഞു പല കത്തോലിക്കാകേന്ദ്രങ്ങളിലും സഞ്ചരിച്ചു പല കാര്യങ്ങൾക്കു പണം പിരിച്ചുതുടങ്ങി. ഈ തട്ടിപ്പുപ്രസ്ഥാനം സത്യദീപം വെളിപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയ കുറിപ്പ് ഞാൻ വായിച്ചിട്ടുണ്ട്.

'പ്രത്യക്ഷപത്രവും ദാനിയേൽ നിരൂപണവും'' എന്ന പുസ്തകത്തിനു മറുപടിയെന്നോണം കത്തോലിക്കാസഭയേയും ആ സഭയെ ആശ്ലേഷിച്ച മുൻപറഞ്ഞ നാലു യുവാക്കന്മാരെയും അധിക്ഷേപിച്ചുകൊണ്ട് "ഏതാനും യുവാക്കന്മാരുടെ വഴിത്തെററ്'' എന്നപേരിൽ മി. ദാനിയേൽ എഴുതിയ പുസ്തകത്തിൽ 'ഭൂലോകത്തെ മത്തുപിടിപ്പിക്കുന്നതും വെളിപാടിൻെറ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായ 'ബാബിലോൺ മഹാവേശ്യ'യാണു കത്തോലിക്കാസഭ''യെന്ന് അദ്ദേഹമെഴുതിയതിന് "മഹാവേശ്യ ആര്" എന്നപേരിൽ ശ്രീമാൻ തോമസ് ഇഞ്ചെയ്ക്കലോടി ഒരു ലഘുഗ്രന്ഥമെഴുതി പ്രസിദ്ധപ്പെടുത്തി.

മാർ ഈവാനിയോസ് തിരുമേനിയും അനുയായികളിൽ നാലുപേരും 1930—സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1930—ൽ തിരുവല്ലായിൽ പെററിസെമ്മിനാരി ആരംഭിച്ചപ്പോൾ ശ്രീമാൻ തോമസ് ഇഞ്ചെയ്ക്കലോടി അവിടെ വൈദികവിദ്യാർത്ഥിയായിച്ചേർന്നു. പെററി സെമ്മിനാരിയിലെ രണ്ടുവർഷത്തെ അഭ്യസനത്തിനുശേഷം ബ്രദർ തോമസ് മംഗലപ്പുഴസെമ്മിനാരിയിൽചേർന്നു പഠിച്ചു. 1940 ഏപ്രിൽ രണ്ടാം തീയതി പട്ടത്തുള്ള ചാപ്പലിൽവച്ച് മാർ ഈവാനിയോസ് തിരുമേനി തോമസ് ശെമ്മാശനെ വൈദികപദവിയിലേക്കുയർത്തി.

ഇലംള്ളൂർ, ചെങ്ങന്നൂർ, പുത്തൻകാവു, പാളയം കത്തീഡ്രൽ, കടശ്ശനാട്ട്, കാട്ടൂർ എന്നീ പള്ളികളിൽ ബ. അച്ചൻ വികാരിയായി ജോലിനോക്കിയിട്ടുണ്ട്. കടശ്ശനാട്ടുള്ള മനോഹരമായ പള്ളി ബ. അച്ചൻെറ പ്രയത്നഫലമാണ്. കേരളത്തിൻെറ മിക്കഭാഗങ്ങളിലും ഇഞ്ചെയ്ക്കലോടിയച്ചൻ പ്രസംഗിച്ചിട്ടുണ്ട്. ഗ്രന്ഥരചനയിൽ ഇപ്പോൾ ആമഗ്നനായിരിക്കുന്ന ബ. അച്ചൻ ഇതിനകം പതിനഞ്ചു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയിൽ 'മാർ ഈവാനിയോസ് തിരുമേനി' ഒന്നാംഭാഗം, 'കേരളത്തിലെ ക്രൈസ്തവസഭകൾ', 'നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം', വിവർത്തനം 'ലക്ഷങ്ങളുടെ വിശ്വാസം' (വിവർത്തനം എന്നീ ഗ്രന്ഥങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടവയാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രം രണ്ടാംഭാഗം എഴുതി പൂർത്തിയാക്കിയിരിക്കുകയാണ്. ബ. അച്ചൻ തൻെറ ജൂബിലിസ്മാരകമായി 'ക്രിസ്തുമതപ്രകാശിക' എന്നൊരു ഗ്രന്ഥം (വിവർത്തനം) അച്ചടിപ്പിച്ചുകൊണ്ടിരിക്കയാണ്. ഉടനെതന്നെ പുറത്തിറങ്ങും.

ബ. അച്ചൻെറ ഗ്രന്ഥങ്ങൾ പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്കു നിസ്തുലസംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ളതു സുവ്യക്തമായ ഒരു വസ്തുതയാണ്. ബ. ജൂബിലേറിയനു സകലവിധ മംഗളങ്ങളും ഞാൻ നേരുന്നു. ചൈതന്യവത്തായ അദ്ദേഹത്തിൻെറ തൂലിക അനുസ്യൂതം പ്രവർത്തിക്കട്ടെ. സഭയേയും സമുദായത്തെയും സേവിക്കുവാൻ അദ്ദേഹം ദീർഘായുഷ്മാനായി ഭവിക്കട്ടെ.

# അനന്തസ്നേഹം

(Francis Kochukallil)

ആധുനിക മനുഷ്യന്റെ മനസ്സിൽ എന്നെന്നും അവശേഷിക്കുന്ന, ഒരു ചോദ്യം—"ദൈവം, ലോകത്തേയും, മനുഷ്യനേയും എന്തിന് സൃഷ്ടിച്ചു? തന്റെ കൈവേലയായ മനുഷ്യൻ—വെറും പൂഴിയായ മനുഷ്യൻ—സർവ്വശക്തനായ തനിക്കെതിരെ അവന്റെ ബലഹീന കരങ്ങൾ ഉയർത്തുമെന്ന് തന്റെ അനന്ത ബുദ്ധിയിൽ നേരത്തെകണ്ടിട്ടും അവനെ സൃഷ്ടിക്കാൻ ദൈവം തിരുമനസ്സായതെന്തിന്"? ഇന്നത്തെ ലോകത്തിന് മനസ്സിലാകാത്ത കുറെ ചോദ്യങ്ങൾ.........ചിന്തിച്ചിട്ടും, ചിന്തിച്ചിട്ടും ഉത്തരം ലഭിക്കാൻ പ്രയാസമുള്ള ചോദ്യങ്ങൾ...........

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ദൈവിക ആളുകളുടെ ഏകത്വത്തിൽ (ഐക്യതയിൽ) ദൈവം അനാദിമുതൽ, സത്യവും, സ്നേഹവും ഉൾക്കൊള്ളുന്നു. അവിടത്തെ പരിപൂർണ്ണതയ്ക്കോ, സന്തോഷത്തിനോ, സർവ്വശക്തിക്കോ യാതൊന്നും ആവശ്യമില്ലായിരുന്നു. മാത്രമല്ല, ബാഹ്യമായ യാതൊന്നിലും അവിടുത്തേക്ക് ആശ്രയിക്കേണ്ടിയിരുന്നില്ല. സകലവും തന്നിൽ തന്നെ സ്ഥിതിചെയ്യുന്നു—അങ്ങനെ പരിപൂർണ്ണനും, സർവ്വശക്തനുമായിരിക്കെ—ബാഹ്യമായ യാതൊന്നിലും അധിഷ്ഠിതനല്ലാതിരിക്കെ—ലോകത്തെ സൃഷ്ടിക്കാൻ ദൈവം തിരുമനസ്സായെങ്കിൽ അതിന്റെ രഹസ്യമെന്ത്......? വീണ്ടും അവശേഷിക്കുന്ന ആ ചോദ്യം...........

ഒററവാക്കിൽ ഉത്തരം നൽകുകയാണെങ്കിൽ ദൈവം ലോകത്തെ സൃഷ്ടിച്ചതു, അവിടുത്തെ പരിപൂർണ്ണതയ്ക്ക് ലോകം ആവശ്യമായിരുന്നതിനാലല്ല, പിന്നെയോ, അവിടുന്ന് അനന്തസ്നേഹമുള്ളവനായതിനാലത്രേ. സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിനെതിരെ സമരമുയർത്തുമെന്നറിഞ്ഞിട്ടും—തന്റെ കല്പന ലംഘിക്കുമെന്ന് ഗ്രഹിച്ചിട്ടും—ആദാമിന്റെയും, ഹവ്വായുടേയും നരകത്തിലേയ്ക്കുള്ള പതനത്തിൽ നിന്നും അവരെ കൈകൊടുത്തുയർത്താൻ—ശാന്തിയുടേയും, സൗഭാഗ്യത്തിന്റെയും പറുദീസയിലാനയിക്കാൻ—തന്റെ തിരുക്കുമാരന്റെ കുരിശുമരണവും, തിരുരക്തവും, ആവശ്യമാണെന്നറിഞ്ഞിട്ടും മനുഷ്യനെ സൃഷ്ടിക്കാൻ ദൈവം തിരുമനസ്സായതു് അവിടുത്തെ അമൂല്യസ്നേഹംമൂലമാണ്. അതേ....അവിടുന്ന് അത്രമാത്രം ലോകത്തെ സ്നേഹിച്ചു......അനന്തമായ സ്നേഹം......മനുഷ്യനു ഗ്രഹിക്കാൻ പ്രയാസമുള്ള സ്നേഹം....അവനർഹിക്കാത്ത സ്നേഹം....അതേ ദൈവത്തിന്റെ സ്നേഹം അതിരററതാണ്.

സ്നേഹത്തിന്റെ പ്രേരണയിൽ ദൈവം ലോകത്തെ—മനുഷ്യനെ—സൃഷ്ടിച്ചു. പൂക്കളുടെ നന്മ അവയുടെ മണത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. സൂര്യൻ നല്ലതാണെന്ന വസ്തുത അതിന്റെ ചൂടും, വെളിച്ചവും നമ്മെ അറിയിക്കുന്നു. മനുഷ്യൻ നല്ലവനാണെങ്കിൽ ആ രഹസ്യം അവന്റെ വാക്കുകളിലും, വിചാരങ്ങളിലും, പ്രവൃത്തികളിലും പ്രതിഫലിക്കുന്നു.

ദൈവം നല്ലവനാണ്, കാരുണ്യവാനാണ്. ആ രഹസ്യം സ്നേഹം വഴി നമുക്ക് വെളിവാക്കിത്തന്നു അനന്തസ്നേഹമുള്ള ദൈവം. ആ സ്നേഹം മനുഷ്യകുലത്തിനു വെളിപ്പെടുത്തിക്കാണിക്കാൻ സ്വീകരിച്ചമാർഗ്ഗമാണ് ലോകത്തിന്റെ അഥവാ മനുഷ്യന്റെ സൃഷ്ടി......'ഉണ്ടാകട്ടെ' (be) സർവ്വശക്തന്റെ ഒരു വാക്ക്—സകലവും ഉണ്ടായി സത്യപ്രകാശം ഇരുളിനോജ്ഞാപിച്ചു—'വെളിച്ചം ഉണ്ടാകട്ടെ"—ഒരു നിമിഷം......അന്ധകാരം വെളിച്ചത്തിനു വഴി മാറിക്കൊടുത്തു....ഇരുൾ മൂടിയിരുന്നിടം പ്രകാശിച്ചു......തന്റെ വിരലിന്റെ അഗ്രംകൊണ്ട് സർവ്വ ഗോളങ്ങളേയും അവൻ ഇളക്കി......നക്ഷത്രങ്ങൾ ആകാശശൂന്യതയിൽ നിശ്ചലങ്ങളായി......ഗ്രഹങ്ങളും ഗോളങ്ങളും നിരന്നു ക

ഴിന്നു—ആകാശവിതാനത്തിൽ .... ഗോളങ്ങൾ അവയുടെ ഭ്രമണം ആരംഭിച്ചു.....സൂര്യൻ ജ്വലിച്ചു...... ചന്ദ്രൻ പ്രകാശിച്ചു ......നക്ഷത്രങ്ങൾ മിന്നിത്തിളങ്ങി...... ഗ്രഹങ്ങൾ ഗ്രഹങ്ങളേയും—ഗോളങ്ങൾ ഗോളങ്ങളേയും ചുററുന്നു, നിരന്തരമായി......പക്ഷേ സംവത്സരങ്ങൾ കഴിഞ്ഞിട്ടും അവയുടെ ഭ്രമണപഥത്തിൽ യാതൊരു മാററവുമില്ല— ചലനത്തിൽ വ്യത്യാസവും.

ദൈവത്തിനു സൃഷ്ടിക്കാൻ കഴിയുമായിരുന്നതിൽ വെച്ചുററവും മനോഹരവും, സമൃദ്ധവുമായൊരു ലോകമാണോ നമ്മുടേതു.....? ഇതിനേക്കാൾ സുന്ദരമായൊരു ലോകത്തിനു് അസ്തിക്യം നൽകാൻ അവിടുത്തേക്കു് സാദ്ധ്യമായിരുന്നില്ലേ—? തീർച്ചയായും സാദ്ധ്യമായിരുന്നു. ഇതിനെക്കാൾ നൂറുമടങ്ങു്, ആയിരം മടങ്ങു് മനം കവരുന്ന—മോഹനമായ—സുന്ദരമായൊരു പ്രപഞ്ചത്തെ നിർമ്മിക്കാൻ അവിടുത്തേക്കു് കഴിയുമായിരുന്നു പക്ഷേ മനുഷ്യനു വസിക്കാൻ—തന്റെ അനന്തകരുണയും, സ്നേഹവും, അവനു വെളിപ്പെടുത്തിക്കാണിക്കാൻ ഇതിലും ശ്രേഷ്ഠമായൊരു ലോകത്തിന്റെയാവശ്യം ഉണ്ടായിരുന്നില്ല. സ്വന്തം സാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യനു്—യാതൊരല്ലലും അലച്ചിലും കൂടാതെ ജീവിക്കുന്നതിനു് ദൈവം ഭൂമിയെ സമൃദ്ധമായി അലങ്കരിച്ചു......അതിനുപരിയായി മനുഷ്യനെ വെറും മൃഗത്തെപ്പോലെയോ, വൃക്ഷങ്ങളെപ്പോലെയോ അല്ല, പിന്നെയോ, ബുദ്ധിയും, വിവേകവും സ്വാതന്ത്ര്യവുമുള്ള മനുഷ്യനെ—'അതെ' എന്നും, 'അല്ല' എന്നും വിവേചിച്ചറിയാൻ കഴിവുള്ള മനുഷ്യനെ—സ്വന്തം ഛായയിലും രൂപത്തിലും സൃഷ്ടിക്കാനാണു് അവിടുന്നു് തിരുമനസ്സായതു്.

ദൈവം സർവ്വശക്തനായതിനാൽ, തെററിൽ വീഴുന്ന മനുഷ്യനെ പിടിച്ചെണീപ്പിക്കാൻ അവിടുത്തേക്കു സാധിക്കും.. അതുകൊണ്ടാണു് പാപം ചെയ്തു് സാത്താന്റെ അടിമയാകുമെന്നറിഞ്ഞിട്ടും അവനെ സൃഷ്ടിക്കാൻ അവിടുന്നു നിശ്ചയിച്ചതു്.

അങ്ങനെ ലോകത്തേയും, മനുഷ്യനേയും സൃഷ്ടിക്കാൻ ദൈവത്തെ നിർബന്ധിച്ചതു് സ്നേഹമെങ്കിൽ—സ്നേഹം പ്രതിസ്നേഹം ഇച്ഛിക്കുന്നെങ്കിൽ—സർവ്വോപരി ദൈവത്തെ സ്നേഹിക്കയും ആരാധിക്കയും അനുസരിക്കയും ചെയ്യേണ്ട കടമ സൃഷ്ടികൾക്കില്ലേ—? സൃഷ്ടികൾക്കെന്നു പറയുമ്പോൾ ലോകത്തിനും അതിലുള്ള ഓരോ മനുഷ്യനും....


## For favours recieved



**Inserted by**

C. Lukose,
Office of the Divisional Engineer (C)
Dn. II. M. P. E. Board,
(Korba. P. O. Bhilaspur., M. P.)

# മദർ തെരേസ—

## "വിശക്കുന്നവനായ ക്രിസ്തുവിനെയും രോഗിയായ ക്രിസ്തുവിനെയും" ശുശ്രൂഷിക്കുന്ന മിഷ്യനറി.

(ജി. പാനികുളം)

നീറിപ്പിടിച്ചു കരയുകയാണാ കരുമാടികൾ. കൽക്കട്ടായിലെഐശ്വര്യത്തിൻെറ മറസ്സു പിറകിൽ ഇഞ്ചിഞ്ചായി മരിക്കുന്ന പതിനായിരക്കണക്കിനു പാവപ്പെട്ടവരുടെ പ്രതീകങ്ങളാണാ പിഞ്ചുകുഞ്ഞുങ്ങൾ. ആ കുനാച്ചിപ്പുരസ്സു മുന്നിൽ തളംകെട്ടിക്കിടക്കുന്ന ചെളിമണ്ണിൻെറ അതേ നിറമാണവരുടേതും. പഴുത്തൊലിക്കുന്ന വ്രണങ്ങളെ നോക്കിനോക്കി വീണ്ടും കരഞ്ഞു ആ പിള്ളേർ. വേദന ചുളുചുളാ കുത്തുമ്പോൾ ആ കരച്ചിലിനാക്കം കൂടിക്കൂടി വന്നു. അധികം കഴിഞ്ഞില്ല-അങ്ങകലെനിന്നു സൈക്കളിൻെറ നിറുത്താതെയുള്ള മണിയടി കേട്ടു. പെട്ടന്നു വലിയ വായിലെയുള്ള അവരുടെ കരച്ചിലിനൊച്ച കുറഞ്ഞു. ആ ബാലനയനങ്ങൾ അങ്ങു വിദൂരതയിലാരെയോ തിരയുന്നതുപോലെ തോന്നി. അവരുടെ നോട്ടത്തിനൊരു ലക്ഷ്യസ്ഥാനമുണ്ടായിരുന്നു-നന്നേ വീതികുറഞ്ഞ ആ തെരുവിലൂടെ ചുറുക്കനെ സൈക്കിളോടിച്ചുകൊണ്ടുവരുന്ന മനുഷ്യരൂപംപൂണ്ട ഒരു മാലാഖ. സൈക്കിളെടുത്തു വഴിയരുകിൽ വച്ചിട്ടു ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയുമായി നെട്ടനെയവർ ആ കുഞ്ഞുങ്ങളുടെയടുക്കലേക്കു നടന്നു. ചെന്നപാടേ ഇരുകരങ്ങളിലുമായി ആ കുഞ്ഞുങ്ങളെ അവർ വാരിയെടുത്തു. തേങ്ങിത്തേങ്ങിയുള്ള അവരുടെ കരച്ചിൽ പെട്ടെന്നു നിന്നു. സ്വന്തം മാതാവിൻെറ മാറിലെന്നപോലെ ആ തോളിലവർ അള്ളിപ്പിടിച്ചിരുന്നു. പ്രത്യാശയുടെ പ്രതിസ്ഫുരണമുണ്ടായി ആ നിഷ്കളങ്കനയനങ്ങളിൽ. അവരുടെ പ്രത്യാശയ്ക്കർത്ഥമുണ്ട്. ആ സൈക്കിളിനു പിന്നിലായി വന്നിരുന്ന ടക്കിങ്ങെത്തിയാൽ മതി അവക്കു പഞ്ഞിവസ്ത്രവും ചൂടുള്ള പലഹാരങ്ങളും കിട്ടും. തോളിൽ രണ്ടു കുഞ്ഞുങ്ങളും നീലക്കരയുള്ള വെള്ളസാരിയിൽ നിറയെ അവർ പതിച്ച ചെളിപ്പാടുകളുമായി നില്ക്കുന്ന ആ സ്ത്രീ കൽക്കട്ടായിലെ പാവപ്പെട്ടവർക്കൊരപരിചിതയല്ല. കൽക്കട്ടായിലെ മനുഷ്യരല്ലാത്ത നൂറു നൂറു മനുഷ്യരെ മനുഷ്യരാക്കിയെടുക്കുന്ന പാവപ്പെട്ടവരുടെ കൂട്ടുകാരിയാണവർ. 1962-ൽ ഡോ. രാധാകൃഷ്ണനിൽ നിന്നു "പത്മശ്രീ" ബിരുദം നേടിയ മദർ തേരേസയാണതു്—'അഗതികളുടെ അഭയ'മെന്നു പണ്ഡിററു് നെഹ്റു വിശേഷിപ്പിച്ച പാവപ്പെട്ടവരുടെ കൊച്ചു സഹോദരി.

### അൽബേനിയയിൽ തുടങ്ങിയ ജീവിതം

1910-ൽ അൽബേനിയയിലാണു് മദർ തെരേസ ജനിച്ചതു്. ആഗ്നസ് ഗൗക്സാ എന്നായിരുന്നു ആദ്യത്തെ പേർ. അസാധാരണമായി ഒന്നുമില്ലായിരുന്നു ആഗ്നസിൻെറ ബാല്യകാലജീവിതത്തിൽ. എങ്കിലും ഒരു പ്രത്യേകതയുണ്ടായിരുന്നു ആ പിഞ്ചുമനസ്സിനു്. "കരയുന്നവരോടൊത്തു കരയുക" ആ കൊച്ചു പെൺകുട്ടിയുടെ രണ്ടാം സ്വഭാവം തന്നെയായിരുന്നു. പാവപ്പെട്ടവരുമായി ഇടപഴകുന്ന നിമിഷങ്ങളിൽ ആ നയനങ്ങൾ നിറയും. യൗവനത്തിലേക്കു കാലു കുത്തിയപ്പോൾ പാവപ്പെട്ടവരുടെ ഗതികേടിനെപ്പററി കൂടുതൽ അവബോധമുണ്ടായി ആഗ്നസിനു്. ലോകത്തിൻെറ മുമ്പിൽ ജീവിക്കാനവകാശം നഷ്ടപ്പെട്ടവക്കുവേണ്ടി തനിക്കെന്തു ചെയ്യാൻ സാധിക്കും, അവൾ ഓർത്തു. ഒരു പുതിയ പാത അവൾക്കു മുമ്പിൽ തെളിഞ്ഞു തെളിഞ്ഞു വന്നു —പാവപ്പെട്ടവരുടെ സഹോദരിയാവാൻ മഠത്തിൽ ചേരുക. അവർക്കുവേണ്ടി ഉള്ളു തുറന്നു് ക്രിസ്തുവിനോടു പ്രാർത്ഥിക്കുന്നതിനും സന്യാസനിയമങ്ങൾ അനുവദിക്കുന്നതിൻെറ പരമാവധി അവരെ സഹായിക്കുന്നതിനും അവൾ നിശ്ചയിച്ചുറച്ചു. ഐർലണ്ടിലെ ലൊരേത്തുസഭ ആഗ്നസിനെ സ്വാഗതം ചെയ്തു. അങ്ങനെ ആഗ്നസ് സിസ്റ്റർ തേരേസായായി മാറി.

## ഭാരതത്തിന്റെ മണ്ണിൽ

മൂന്നു കൊല്ലത്തോളം നീണ്ടുനിന്നു സിസ്റ്റർ തെരേസയുടെ പരിശീലനകാലാവധി. 1929-ൽ പരിശീലനം അവസാനിച്ചു. പ്രവർത്തനത്തിന്റെ മണ്ഡലത്തിലേക്കു കാലുകുത്തുകയാണ് അടുത്തപടി. ഉള്ളിൽ നിറഞ്ഞുമുററിയ പ്രതീക്ഷകളുമായി സിസ്റ്റർ തെരേസ കാത്തിരുന്നു. അവസാനം നിയമനമുണ്ടായി-ഭാരതത്തിലേക്ക്. പുതിയൊരു പ്രവർത്തനമണ്ഡലമാണ് ഇൻഡ്യയിൽ തെരേസയ്ക്കു ലഭിച്ചതു്—കൽക്കട്ടായിലെ സെൻറ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപനം നടത്തുക. അദ്ധ്യാപനജോലിയിൽ തികച്ചും സന്തുഷ്ടയായിരുന്നു, ആദ്യമൊക്കെ സിസ്റ്റർ തെരേസ. പക്ഷേ, കൽക്കട്ടായെ അടുത്തറിയാൻ തുടങ്ങിയപ്പോൾ, അതിലെ ''മനുഷ്യമൃഗങ്ങ''ളുടെ തെരുവുകളെ നേരിൽ കണ്ടപ്പോൾ, ആ ഹൃദയം വേദനിച്ചു. കൽക്കട്ടായിലെ ദുർഗ്ഗന്ധം വമിക്കുന്ന തെരുവുകളിൽ തകർന്നടിഞ്ഞ ധാർമ്മികതയുമായി മരിക്കാതെ മരിക്കുന്ന അഞ്ചു ലക്ഷത്തോളം പാവപ്പെട്ടവരുടെ ജീവിതരംഗങ്ങൾ ആ എളിയ സഹോദരിയെ പിടിച്ചുകുലുക്കി. തെരുവീഥിതന്നെയാണ് ആ മനുഷ്യരിൽ പലരുടേയും കിടപ്പിടം. ഉണ്ണുന്നതും ഉറങ്ങുന്നതും എല്ലാം വഴിയരുകിൽ. പട്ടിണിയും പകർച്ചവ്യാധിയും ഒരു വശത്ത്, അടിപിടിയും തെറിപ്പാട്ടും മറെറത്തലയ്ക്കൽ. അദ്ധ്യാപനജോലിയുമുപേക്ഷിച്ച് ആ പാവപ്പെട്ടവരെ സഹായിക്കാൻ തെരുവീഥിയിലേക്കിറങ്ങിയാലോ- പലവുരു അവരങ്ങനെ ചിന്തിച്ചു. പക്ഷേ, ഒരു സന്യാസിനിയെന്ന നിലയിൽ തനിക്കതിനു കഴിവില്ലെന്ന ചിന്ത അവളെ പിന്നോട്ടു പിടിച്ചു. പ്രതിബന്ധങ്ങൾ, പലതു മുന്നിൽ പൊന്തിപ്പൊന്തിവന്നു. അവയെല്ലാം വകഞ്ഞിരുത്തി പറിച്ചിട്ട് ആ എളിയ സഹോദരിയൊരു തീരുമാനമെടുത്തു—തെരുവീഥിയിലേക്കിറങ്ങി പാവപ്പെട്ടവരോടൊത്തു ജീവിച്ചുകൊണ്ട് അവരെ സമുദ്ധരിക്കാൻ. കാലങ്ങളെ വെല്ലുന്നതായിരുന്നു ആ തീരുമാനം. അധികാരികൾ അവരെ തടഞ്ഞില്ല. മാർപ്പാപ്പാ അവരുടെ പുതിയ തീരുമാനത്തെ അംഗീകരിച്ചാശീർവ്വദിച്ചു.

## പുതിയ വായുവും പുതിയ വെളിച്ചവും

1948-ഡിസംബർ 21-ാം തീയതി തെരേസയുടെ തീരുമാനം പ്രയോഗത്തിലായി. സന്യാസഭവനത്തിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ നിന്നു പാവപ്പെട്ടവന്റെ തെരുവിലേക്ക് അന്നു തെരേസ താമസം മാററി. ''അമ്പേ! വല്ലാത്ത ചങ്കൂററ''മെന്നു ചിലർ പറഞ്ഞു. അതു നേരായിരുന്നുതാനും. ഒരു വലിയ സേവനയജ്ഞത്തിന്റെ നാന്ദിയായിരുന്നു ആ ചങ്കൂററത്തിന്റെ മുഴുവൻ ഉൾപ്പൊരുൾ. ചുണ്ടിൽ വിരിഞ്ഞ നറും പുഞ്ചിരിയുമായി കൽക്കട്ടായിലെ പുറംതെരുവുകളിൽ ഓടിനടന്നു ആ സഹോദരി. ഓരോ ചെററക്കുടിലിലും അവർ കയറിയിറങ്ങി മരണാസന്നരായി കിടക്കുന്നവരെ സാന്ത്വനപ്പെടുത്തി; രോഗികൾക്കു മരുന്നും ചൂടു ഭക്ഷണവും നൽകി; അവരുടെ വ്രണങ്ങൾ വച്ചുകെട്ടി. അവഗണിക്കപ്പെട്ട പിഞ്ചോമനകൾക്കവർ സ്നേഹത്തിന്റെ സന്ദേശം ചൊല്ലിക്കൊടുത്തു. അങ്ങനെ കൽക്കട്ടായിലെ തെരുവീഥികളിൽ മൃഗങ്ങളെപ്പോലെ കിടന്നു മരിക്കുന്നവരെ ശുശ്രൂഷിക്കുവാനൊരാളുണ്ടായി. തെരേസയുടെ കലവറയില്ലാത്ത സേവനസന്നദ്ധതയിൽ പങ്കുപററാൻ പലരുമാഗ്രഹിച്ചു. ഹിന്ദുക്കളും മുസ്ലീമങ്ങളും അവരോടു ചേർന്നു, കൽക്കട്ടാനഗരത്തിലെ തെരുവുകളെ സമുദ്ധരിക്കാൻ. അങ്ങനെ നിരാശതയുടെ കൂരിരുട്ടിൽ പ്രത്യാശയുടെ ഒരു പുതിയ കൈത്തിരി കൊളുത്തി അവർ. ധാർമ്മികത്തകർച്ചയുടെ ദുർഗ്ഗന്ധം വമിക്കുന്ന അന്തരീക്ഷത്തിൽ ഒരു പുതിയ തെന്നലടിച്ചുയന്നു.

## അതിരുകൾ വലുതാകുന്നു.

മദർ തെരേസായുടെ വ്യക്തിത്വത്തിനു കൽക്കട്ടായിലെ പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ മാത്രമല്ല അംഗീകാരം ലഭിച്ചതു്. ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും യുവതികൾ തെരേസയുടെ പ്രവർത്തനത്തെ വിപുലപ്പെടുത്താനായി ഓടിയെത്തി. സന്യാസവ്രതങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ പാവങ്ങളെ സഹായിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ തെരേസയുടെ പ്രവർത്തനയജ്ഞം ഒരു പുതിയ രൂപം കൈക്കൊള്ളാൻ തുടങ്ങി. യുവതികളെയെല്ലാം ചേർത്തു ഒരു പുതിയ സന്യാസസമൂഹത്തിനു തെരേസ രൂപം നല്കി ''ഉപവിയുടെ സന്യാസസമൂഹം'' അതാണതിന്റെ പേർ. അമേരിക്ക, യുഗോസ്ലാവിയ, ജർമ്മനി, മാൾട്ടാ എന്നീ രാജ്യങ്ങളിൽനിന്നെല്ലാം യുവതികൾ അതിൽ അംഗങ്ങളായിച്ചേർന്നു. കേരളത്തിന്റെ മക്കളാണ് ആ സന്യാസസമൂഹത്തിൽ കൂടുതലും.

കർക്കശമായ ഒരു പരിശീലനമാണ് ഈ എളിയ സഹോദരിമാരുടേതു്. സന്യാസ നിയമങ്ങൾ താത്വികമായി പഠിക്കുന്നതില ല്ലാ പ്രാവർത്തികമായി പരിശീലിക്കുന്നതില വർ ശ്രദ്ധവെക്കുന്നു. പാവപ്പെട്ടവരുടെ ജീ വിതവുമായി ഇടപഴകുക ആ പരിശീലന കാലത്തെ ഒരു പ്രത്യേക പരിപാടിയാണ്. തൻെറ സഹോദരികൾക്കു വേണ്ടത്ര പരിശീ ലനം നൽകുന്നതിൽ പരമാവധി പരിശ്രമി ക്കും മദർ തെരേസ. തികച്ചും ലളിതമാണ് തെരേസയുടെയും കൂട്ടരുടേയും ജീവിതരീതി. ഭക്ഷണത്തിലും വസ്ത്രത്തിലും എല്ലാമെല്ലാം അവർ പാവപ്പെട്ടവരാണ്. കൈപ്പത്തിയോ ളമെത്തുന്ന ചട്ട, നീലക്കരയുള്ള വെള്ളസാരി, തോളിൽ പിന്നിയിട്ടിരിക്കുന്ന കുരിശ്— അതാണവരുടെ യൂണിഫോം. കൊടിയ വെ യിലത്തും തകർപ്പൻ മഴയത്തും തെരുവീഥി കളിലൂടെ അലഞ്ഞു നടക്കുകയായിരിക്കും, പാവപ്പെട്ടവരേയുമന്വേഷിച്ച് ആ എളിയ സഹോദരികൾ. രാവിലെ സൈക്കിളിൽ കയറും, തെരുവുകളിലേക്കു തിരിക്കും. പോ കുന്ന വഴിക്കു ഭക്ഷണം വല്ലതും കിട്ടിയെങ്കി ലായി; അല്ലെങ്കിൽ അതുതന്നെ. ഈരണ്ടു പേരുള്ള ഗ്രൂപ്പുകളായിരിക്കും ആ സന്നദ്ധ സേന. ആ ഗ്രൂപ്പുകൾക്കെല്ലാം മുന്നിലുണ്ടാ വും ഒരമ്പത്തിനാലുകാരി—മദർ തെരേസ.

270 സഹോദരിമാരും 10 സഹോദരന്മാ രുമാണ് ഇപ്പോൾ മദർ തെരേസയോടൊത്തു പ്രവർത്തിക്കുന്നതു്. 16 വർഷം കൊണ്ടു് അ ത്രയ്ക്കു വളർന്നിരിക്കുന്നു തെരേസയുടെ സേവ നയജ്ഞം. ഭാരതത്തിൻെറ വിവിധ കേന്ദ്ര ങ്ങളായിരുന്നു ഇതുവരെ അവരുടെ പ്രവർത്ത നരംഗം. പക്ഷേ, ഭാരതത്തിനു പുറത്തേക്കു തങ്ങളുടെ പ്രവർത്തനമണ്ഡലം വ്യാപിപ്പി ക്കാനാണ് ഇപ്പോൾ മദർ തെരേസയുടെ പ രിശ്രമം. ഇക്കഴിഞ്ഞ രണ്ടുമാസങ്ങൾക്കു മുമ്പ് വെനിസ്വേലയിൽ, ഇൻഡ്യക്കു പു റത്തുള്ള ആദ്യത്തെ ഭവനം തുടങ്ങി അവർ. തെക്കേഅമേരിക്കയാണവരുടെ അടുത്ത ഉ ന്നം. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ലണ്ടനിൽവച്ചു "യൂണിവേഴ്സ്" പത്രത്തി ൻെറ പ്രതിനിധിയോടു തെരേസ പറഞ്ഞു: "അഞ്ചു സഹോദരികൾക്കു തെക്കേഅമേരി ക്കയിലേക്കു തിരിക്കാനുള്ള അനുവാദം 5 മാ സത്തിനുള്ളിൽ ഇൻഡ്യാഗവണ്മെൻറിൽനി ന്നും പരിശുദ്ധ സിംഹാസനത്തിൽനിന്നും ലഭിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു" കേര ളത്തിലേക്കും ഒരു കണ്ണുണ്ടു മദർ തെരേസയ്ക്കു്; അവർ കേരളത്തിൽ വന്നു, തിരുവനന്തപുര ത്തിനടുത്തു് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. സേവനത്തിൻെറ പേരുചൊല്ലി പാവപ്പെട്ട വരെ ചൂണ്ടയിടുന്ന കമ്മ്യൂണിസത്തിനെതി രായ വലിയൊരു വെല്ലുവിളിയുമായിട്ടാണു തങ്ങൾ കേരളത്തിലേക്കു വരികയെന്നു മദർ തെരേസ ഉറപ്പിച്ചുപറയുന്നു.

തികച്ചും നിസ്വാർത്ഥമായ സേവനമാണു മദർ തെരേസയുടേയും കൂട്ടരുടേയും. ഗവ ണ്മെൻറിൽ നിന്നും പ്രതിഫലമായി ഒന്നും തന്നെ അവർ സ്വീകരിക്കാറില്ല. തനി "പാപ്പരത്ത"മാണ് അവരുടെ ഭവനങ്ങളി ലേക്കുള്ള പ്രവേശനയോഗ്യതതന്നെ. പ്രതി ഫലേച്ഛ കൂടാതെയാണവർ പ്രവർത്തിക്കുന്ന തെങ്കിലും ലക്ഷക്കണക്കിനു രൂപയ്ക്കു മരുന്നു കളും ഇതര സാധനങ്ങളും അവരുടെ പ്രവർ ത്തനകേന്ദ്രങ്ങളിൽ ഒരു ദിവസം ചെലവാ ക്കപ്പെടുന്നുണ്ടു്. ഈ ഭാരിച്ച തുക എവിടെ നിന്നു കിട്ടുന്നു? അതൊരു വലിയ രഹസ്യ മാണ്. എങ്കിലും മദർ തെരേസയ്ക്കിതുവരെ പണത്തിൻെറ പേരിൽ വിഷമിക്കേണ്ടിവ ന്നിട്ടില്ല. ആ എളിയ സഹോദരിക്കു മുമ്പിൽ പണക്കാരൻെറ മടിശ്ശീല താനേ തുറക്കപ്പെ ട്ടുമത്രേ.

## അംഗീകരിക്കപ്പെട്ട വ്യക്തിത്വം

സാമൂഹ്യസേവനത്തിൻെറ മണ്ഡലത്തിൽ അംഗീകരിക്കപ്പെട്ടൊരു വ്യക്തിത്വമാണ് മദർ തെരേസയുടേതു്. 1962-ൽ പത്മശ്രീ ബിരുദം നൽകിക്കൊണ്ടു ഡോക്ടർ രാധാകൃ ഷ്ണൻ ആ വ്യക്തിത്വത്തെ പലർക്കും മാതൃക യായി ഉയർത്തിക്കാട്ടി. അഗതികളുടെ അഭ യമാണു മദർ തെരേസയെന്നു് ഒന്നിലേറെ പ്രാവശ്യം പണ്ഡിററ്ജി, പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ പാവ പ്പെട്ടവരുടെ സമുദ്ധാരണത്തിൽ കാര്യമാ യൊരു പങ്കു വഹിക്കുന്നവരായി മദർ തെരേ സയേയും കൂട്ടരേയും ഇന്ത്യാഗവണ്മെൻറ് പ രിഗണിക്കുന്നു: അതുകൊണ്ടുതന്നെയാണ് ഭാരതത്തിലെവിടെയും ട്രെയിനിൽ സൗജന്യ മായി സഞ്ചരിക്കുന്നതിനുള്ള അനുവാദം മദർ തെരേസയ്ക്കും സഹചാരിണികൾക്കും ലഭിച്ചിട്ടുള്ളതും. ഭാരതത്തിനു പുറത്തും പ്ര ഖ്യാതയാണു മദർ തെരേസ. ഫിലിപ്പൈൻ സിലെ മുൻപ്രസിഡണ്ടായ റാമോൺമഗ് സാസേയുടെ സ്മരണയ്ക്കായി സ്ഥാപിച്ചിട്ടുള്ള

(ശേഷം 104-ാംപേജിൽ)

# കൊച്ചച്ചൻെറ കത്ത്

**പ്രിയ കുഞ്ഞനുജനു്,**

വളരെ നാളുകളായി വിചാരിക്കുകയാണു് കുഞ്ഞനുജനു് ഒരു കത്തയയ്ക്കണമെന്നു്. പക്ഷേ സമയം കിട്ടണ്ടേ? ഇപ്പോൾ പരീക്ഷ കഴിഞ്ഞു കാണുമല്ലോ. പരീക്ഷാഫലം അറിയുന്നതിനു് വളരെ ആകാംക്ഷയോടെ കാത്തിരിക്കയുമായിരിക്കാം. എങ്കിലും ഇതിനിടയ്ക്കു് "ഇനിയും എങ്ങോട്ട്"? എന്നൊരു ചോദ്യം അന്തരാത്മാവിലിരുന്നു് മന്ത്രിക്കുന്നതായി അനിയനു് അനുഭവപ്പെട്ടിട്ടുണ്ടാവും. നൂറു നൂറു പ്രതീക്ഷകൾ ആ കൊച്ചു മനസ്സിൽ മൊട്ടിട്ടു നില്പുണ്ടെന്നു് എനിക്കറിയാം. അവയിൽ ചിലതു് ഹൃദയത്തിൻെറ ഉള്ളറകളിൽ ആനന്ദം പകരുന്ന മോഹനപ്രതീക്ഷകളുമായിരിക്കാം. ഈ അവസരത്തിൽ ആത്മാർത്ഥതയോടുകൂടി, ശാന്തമായിരുന്നു ചിന്തിക്കുന്നതിനു് അവസരം തരുക എന്നതാണു് എൻെറ കത്തുകൊണ്ടു് ഞാനുദ്ദേശിക്കുന്നതു്. ഇതു് സശ്രദ്ധം വായിച്ചശേഷം തെരഞ്ഞെടുക്കേണ്ട ജീവിതസരണിയേക്കുറിച്ചു് ഒരു തീരുമാനം എടുക്കുന്നതിനു് അനുജനു ആത്മപ്രചോദനം ലഭിക്കുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി.

വിദ്യാലയജീവിതം അവസാനിക്കാറാകുമ്പോൾ, യൗവ്വനത്തിലേക്കു കടന്നു ചെല്ലുന്ന യുവതീയുവാക്കന്മാർ, അവരവരുടെ ജീവിതാന്തസ്സു് തിരഞ്ഞെടുക്കുന്നതിനേക്കുറിച്ചു് ചിന്തിക്കേണ്ടതത്യാവശ്യമാണു്. ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിച്ചും, പരിപക്വബുദ്ധികളോടു് ആലോചിച്ചും പൂർണ്ണ അവബോധത്തോടുകൂടി മാത്രമേ ഒരു തീരുമാനമെടുക്കാവൂ. അങ്ങനെ ചെയ്തുകഴിഞ്ഞാൽ ധീരതയോടു കടന്നു ചെല്ലുക ആ ജീവിതത്തുറയുടെ ഉള്ളിലേക്കു്. അനശ്വരമായ ജീവിതഭാഗ്യങ്ങൾ നേടിയെടുക്കുവാൻ അവിടെ അവസരങ്ങൾ ലഭിക്കും.

ദൈവവിളി എന്താണെന്നും അതിനെക്കുറിച്ചു് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഏവയെന്നും വളരെ ചുരുക്കമായി അനുജനോടു് പറയുവാൻ ഞാനാഗ്രഹിക്കുന്നു. വിപുലമായ അർത്ഥത്തിൽ, ദൈവവിളി എന്നു പറയുന്നതു് ഓരോ മനുഷ്യനും ഏതു ജീവിതപഥത്തിലൂടെയാണു് പോകേണ്ടതെന്നുള്ള ദൈവനിശ്ചയത്തെയാണു് കുറിക്കുക. ഏതു ജീവിതാന്തസ്സു് സ്വീകരിക്കുന്നതിനും ഒരാൾക്കു ഇപ്രകാരമുള്ള ദൈവവിളിയുണ്ടായിരിക്കും. എന്നാൽ സാധാരണയായി "ദൈവവിളി" എന്ന പദത്താൽ വിവക്ഷിക്കുന്നതു് ദൈവസേവനത്തിനു് ഒരുവൻെറ ജീവിതം പരിപൂർണ്ണമായി അർപ്പിക്കുവാനുള്ള ദൈവത്തിൻെറ ക്ഷണമാണു്. ഇങ്ങനെയുള്ള ദൈവവിളി വൈദികാന്തസ്സിലോ സന്യാസജീവിതത്തിലോ പ്രവേശിക്കുന്നതിനു് അവശ്യമായിരിക്കുന്നതിനാൽ ഇതു് ഏതെല്ലാം വിധത്തിലായിരിക്കും ഒരാൾക്കു് അനുഭവപ്പെടാവുന്നതെന്നു നോക്കാം. ചിലർക്കു് ബാല്യകാലം മുതലേ പൗരോഹിത്യജീവിതത്തിൽ ആകർഷണവും ആഗ്രഹവും ഉണ്ടായിരിക്കും. ബാല്യകൗമാരദശകളോടൊപ്പം ഈ ആഗ്രഹവും പ്രഥമസ്ഥാനത്തു് എത്തിയെന്നു വരാം. വിശുദ്ധന്മാരായിത്തീർന്നിട്ടുള്ള പലരുടേയും ബാല്യകാലചരിത്രം നമുക്കു് ഇതിനു ദൃഷ്ടാന്തമായിട്ടുണ്ടു്. മറെറാരു കൂട്ടർ ജീവിതത്തെപ്പററി കൂടുതലൊന്നും ചിന്തിച്ചിട്ടുണ്ടാവില്ല. പ്രതീക്ഷകളുടെ മാരിവില്ലിൽ—യൗവ്വനത്തിൻെറ മോഹത്തിളപ്പിൽ—ലൗകിക സുഖൈശ്വര്യങ്ങളിൽ മതിമയങ്ങി ജീവിക്കുന്നു. ക്ഷണികമായ ലോകത്തിലും ലൗകികവസ്തുക്കളിലും അവർ അഭയം തേടുന്നു. അങ്ങനെ ഐഹിക മായകളിൽ കുളിച്ചു് കൊതി തീരുമ്പോൾ അവരുടെ ചിന്താശകലം ചിറകു വിരിച്ചു് പറന്നു തുടങ്ങുന്നു. എങ്ങും നിരാശയും നിസ്സഹായതയും അവർ ദർശിക്കുന്നു. ഒടുവിൽ അങ്ങകലെ കാൽവരിയിലെ കുരിശിൽ മാത്രം സ്നേഹവും പ്രതിസ്നേഹവും അവർ കണ്ടെത്തുകയും അതിനെ അന്വേഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ പുണ്യപദവിയിൽ എത്തിച്ചേർന്നിട്ടുള്ളവരുടെയും സംഖ്യ ഒട്ടും കുറവല്ല.

ദൈവവിളിക്കെതിരായി ഉണ്ടാകാവുന്ന ചില പ്രലോഭനങ്ങളെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ദൈവവിളി അനുസരിച്ചു് പ്രവർത്തിക്കുന്നതിനു് ഒരാൾ മുതിരുമ്പോൾ പല പ്രതിബന്ധങ്ങളും അയാൾ തരണം ചെയ്യേണ്ടിവരും. ഏററം പ്രിയപ്പെട്ടവരായ മാതാപിതാക്കളേയും സഹോദരീസഹോദരങ്ങളേയും വേർപിരിയേണ്ടിവരും. ലഭിച്ചേക്കാവുന്ന ചില സ്ഥാനമാനങ്ങളും സമ്പത്തും ഉപേക്ഷിച്ചേ തീരൂ. ചിലപ്പോൾ ജനിച്ചു വളർന്ന സഭയേയും ഉപേക്ഷിക്കണം. സ്വാഭാവികമായി നോക്കുമ്പോൾ ഇവയെല്ലാം കുറേ വേദനാജനകമെങ്കിലും നമ്മുടെ ദിവ്യനാഥൻെറ തിരുഹിതം നിറവേറുന്നതിനും അവിടുത്തെ കാൽപ്പാടു

കളെ പിൻചെല്ലുന്നതിനും ഇങ്ങനെയുള്ള ത്യാഗങ്ങൾ അത്യാവശ്യമാണ്. "മാതാവിനെയോ പിതാവിനെയോ എന്നെക്കാൾ അധികം സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" എന്ന സുവിശേഷവാക്യം ഈ സന്ദർഭത്തിൽ ചിന്തനീയമത്രേ.

വേറെ ചിലർ അവരുടെ ദൈവവിളി സ്വയമേവ ഒരു പരീക്ഷണത്തിന് വിധേയമാക്കാറുണ്ട്. 'കുറച്ചുകൂടി കഴിഞ്ഞോട്ടെ, ഞാനൊന്നുകൂടി ചിന്തിക്കട്ടെ: കോളജിൽ പഠിച്ച് ഡിഗ്രി എടുത്തശേഷമാവാം" ഇതൊക്കെയാണ് അവർക്കു പറയാനുള്ള ഒഴിവുകഴിവുകൾ. മനസ്സുണ്ടെങ്കിൽ എന്തിനു താമസിക്കുന്നു? ദൈവത്തിൻെറ ഇഷ്ടമല്ലേ നമ്മൾ അനുസരിക്കേണ്ടതു്? ചിലപ്പോൾ ഈ താമസം അപഥത്തിലേക്കു നമ്മെ നയിക്കുകയില്ലെന്നു ആരറിഞ്ഞു?

വേറൊരു കൂട്ടർ അവർക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ടെന്നും അതുകൊണ്ട് ബന്ധുമിത്രാദികളെ സംരക്ഷിക്കുന്നതിന് ചുമതലയുണ്ടെന്നും മററുമുള്ള ന്യായങ്ങളാണ് ഉന്നയിക്കാറുള്ളതു്. ഇതൊക്കെ ശരിയായിരിക്കാം. മാതാപിതാക്കന്മാർ ചില വൻകാര്യങ്ങൾ തങ്ങളുടെ മക്കളിൽനിന്നും പ്രതീക്ഷിക്കുന്നുണ്ടാവും. മക്കളുടെ സംരക്ഷണം അവർക്കു കൂടിയേ തീരൂ എന്ന് തോന്നിക്കും. അപ്പോഴും ദിവ്യനാഥൻെറ ആഹ്വാനം നമ്മുടെ കാതുകളിൽ മുഴങ്ങുന്നില്ലേ? "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ. നീ എന്നെ അനുഗമിക്കുക" എന്ന്. അതായതു് ദൈവം അവരെ സംരക്ഷിച്ചുകൊള്ളും. നീ അതിനെപ്പററി കൂടുതലായി ആകുലപ്പെടേണ്ടതില്ല. നിന്നെ വിളിക്കുവാൻ തിരുമനസ്സായ ദൈവത്തിന് നിന്നിൽനിന്നും വൻകാര്യങ്ങൾ പ്രതീക്ഷിച്ചവരെ സംരക്ഷിക്കുവാനും സാന്ത്വനപ്പെടുത്തുവാനും കഴിവുണ്ട്.

അനുജനിപ്പോൾ എന്നോട്ട ചോദിക്കാനൊരുങ്ങുന്നതു് എന്താണെന്ന് എനിക്കറിയാം. 'വൈദികാന്തസ്സിലേക്കോ, സന്യാസജീവിതത്തിലേക്കോ പോയില്ലെങ്കിൽ രക്ഷയില്ലേ? ലോകജീവിതം നയിച്ചുകൊണ്ട് എൻെറ ആത്മാവിനെ രക്ഷിക്കുവാനും പല നല്ലകാര്യങ്ങൾ ചെയ്യുവാനും എനിക്കു കഴിയുകയില്ലേ'," എന്നൊക്കെയായിരിക്കും. പല നല്ല കാര്യങ്ങളും ചെയ്യാം; പേരും പെരുമയും പണവും ലഭിക്കുമായിരിക്കും. എന്നാൽ ദൈവം നമുക്കു തുറന്നുതരുന്ന ജീവിതപഥം നാം സ്വീകരിച്ചില്ലെങ്കിൽ ക്രമേണ നമ്മുടെ ഹൃദയസമാധാനം നശിക്കുകയും, നാം പരമോന്നതലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് അതു സാരമായ പ്രതിബന്ധമായിത്തീരുകയും ചെയ്യും.

ഇനിയും ഒരു വൈദികവിദ്യാർത്ഥിക്കു ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്നറിയാൻ അനുജനു ആഗ്രഹമുണ്ടായിരിക്കും. ഒന്നാമതായി അയാൾ സൽസ്വഭാവിയായിരിക്കണം. പരിപാവനമായ ആദ്ധ്യാത്മികജീവിതം നയിക്കുവാൻ അയാൾക്കു തീക്ഷ്ണതയുണ്ടായിരിക്കണം. ഔദാര്യമനസ്സും, നിയമത്തിനും, അധികാരികൾക്കും കീഴ്‌വഴങ്ങി ജീവിക്കുവാനുള്ള സന്നദ്ധതയോടൊപ്പം പുണ്യാഭ്യാസങ്ങളിൽ താൽപര്യവും ഉദ്ദേശശുദ്ധിയുമുണ്ടായിരിക്കണം. ഈ മഹനീയാന്തസ്സ് തിരഞ്ഞെടുക്കുന്നതു് എന്തെങ്കിലും ലൗകികകാര്യലാഭത്തിനു വേണ്ടിയായിരിക്കരുതു്. പിന്നെയോ ദൈവമഹത്വവും, ആത്മാക്കളുടെ രക്ഷയുമായിരിക്കണം നമ്മുടെ ലക്ഷ്യം.

രണ്ടാമതായി സാമാന്യബുദ്ധിശക്തിയെങ്കിലും ഉണ്ടായിരിക്കണം. ലത്തീൻ, സുറിയാനി തുടങ്ങിയ ഭാഷകളും പ്രത്യേകിച്ച് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാൻ കഴിവുണ്ടായിരിക്കണം.

അടുത്തതായി, സെമിനാരിജീവിതകാലത്തുള്ള പഠനത്തിനും, ഭാവിയിലെ കഠിനാദ്ധ്വാനത്തിനും തക്ക ആരോഗ്യമുണ്ടായിരിക്കണം. ഇവയെല്ലാം പുറമെ വൈദികാന്തസ്സിലേക്ക് മെത്രാൻെറ ക്ഷണവും ആവശ്യമാണ്.

പ്രിയപ്പെട്ട അനുജാ, കത്തു ദീർഘിച്ചു പോകുന്നതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കത്ത് സശ്രദ്ധം വായിച്ച ശേഷം, അനുജൻെറ മനസ്സിലുണ്ടായിട്ടുള്ള ആഗ്രഹം സഫലീകൃതമാകുവാൻ ദിവ്യനാഥനോട്ട് മുട്ടിപ്പായി പ്രാർത്ഥിക്കണം. എൻെറ പ്രാർത്ഥനയിലും അനുജനെ പ്രത്യേകമാക്കുന്നതാണ്. അടുത്ത ജൂൺ മാസത്തിൽ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്നവെങ്കിൽ "ബെ. റക്ടർ, സെൻറ് അലോഷ്യസ് സെമിനാരി, തിരുവനന്തപുരം-4" എന്ന വിലാസത്തിൽ മേയ് 10-ാം തീയതിക്കു മുമ്പായി അപേക്ഷ അയയ്ക്കണം.

എല്ലാവിധ മംഗളങ്ങളും ആശംസിച്ചുകൊണ്ട്,

ഈശോയിൽ കുഞ്ഞനുജൻെറ സ്നേഹമുള്ള

**കൊച്ചച്ചൻ.**

തിരുവനന്തപുരം,

3-4-1965.

## എല്ലാവരും ഒന്നാകുന്നതിനുവേണ്ടി

### തിരുവനന്തപുരം അതിരൂപതയിൽ

### പ്രേഷിതവേല ചെയ്യുവാൻ

# യുവസ്നേഹിതാ,

# നാഥൻ നിന്നെ ക്ഷണിക്കുന്നു.

തിരുവനന്തപുരം സെൻറ് അലോഷ്യസ് സെമിനാരിയിൽ

പ്രവേശിക്കുന്നതിന്

മേയ് 1൮–ാം തീയതിക്കകം അപേക്ഷിക്കുക

**ബ. റക്ടർ,**

**സെൻറ് അലോഷ്യസ് സെമിനാരി,**

**തിരുവനന്തപുരം–4.**

# ക്രിസ്തുവിൻെറ പുരോഹിതൻ

ലോകമദ്ധ്യേ ജീവിക്കുക; എന്നാൽ, അതിൻെറ,
സന്തോഷങ്ങൾ ആശിക്കാതിരിക്കുക.

ഓരോ കുടുംബത്തിൻെറയും അംഗമായിരിക്കുക;
എന്നാൽ, ഒന്നിൻെറയും സ്വന്തമാകാതിരിക്കുക.

സകല സഹനങ്ങളിലും ഭാഗഭാക്കാകുക;
സകല മുറിവുകളും സ്വസ്ഥമാക്കുക;

മനുഷ്യസമൂഹത്തിൽനിന്നു ദൈവസന്നിധിയിലെത്തി,
അവരുടെ പ്രാർത്ഥനകൾ അവിടുത്തെയ്ക്കർപ്പിക്കുക;

ദൈവസവിധത്തിൽ നിന്നു പൊറുതിയും, പ്രത്യാശയും
സംവഹിച്ചു്, മനുഷ്യരുടെ ഇടയിൽ തിരിച്ചെത്തുക;

പരസ്നേഹകൃത്യനിർവ്വഹണത്തിൽ ജ്വലിച്ചെരിയുന്നതും
ചാരിത്ര്യസംരക്ഷണത്തിൽ അചഞ്ചലവുമായ
ഹൃദയമുള്ളവനായിരിക്കുക;

എപ്പോഴും പഠിപ്പിക്കുക; എപ്പോഴും ക്ഷമിക്കുക;
എപ്പോഴും സമാശ്വസിപ്പിക്കുക; എന്നെന്നും അനുഗ്രഹിക്കുക.

അല്ലയോ വൈദികാ, അങ്ങയുടെ ജീവിതം
എത്രയോ മഹനീയം!

(ലക്കോർഡയർ)

(99-ാംപേജിന്റെ തുടർച്ച)

മഗ്സാസേ അവാർഡ്'-രാഷ്ട്രാന്തരീയ ധാരണ വളർത്തുന്നതിനുള്ള 10000 ഡോളർ അവാർഡ്- 1962-ൽ മദർ തെരേസയ്ക്കു നൽകപ്പെട്ടു. ഒരു വിദേശരാജ്യത്തെ പാവപ്പെട്ടവരുടെ സേവനത്തിനായി ഒരു നൂതനസമൂഹത്തെ കെട്ടിപ്പടുക്കുകയും അതുവഴി കിഴക്കിനേയും പടിഞ്ഞാറിനേയും സേവനത്തിൽ ഒന്നിപ്പിക്കുകയും ചെയ്ത ഒരു വലിയ വ്യക്തിത്വമാണു മദർ തെരേസയുടേതെന്നു് ഈ ബഹുമതി വ്യക്തമാക്കി. ഇക്കഴിഞ്ഞ ദിവ്യകാരുണ്യകോൺഗ്രസ്സോടുകൂടി കൂടുതൽ പ്രസിദ്ധി നേടിക്കഴിഞ്ഞു മദർ തെരേസ. തന്റെ ഇന്ത്യാസന്ദർശനവേളയിൽ മാർപ്പാപ്പാ അവരുടെ പ്രവർത്തനങ്ങളെ അടുത്തു കണ്ടു. ഹൃദയം നിറഞ്ഞ സന്തോഷത്തോടെ അവരെ അവിടുന്നു ആശീർവ്വദിച്ചു. ആ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കായി താനുപയോഗിച്ചിരുന്ന കാറു തന്നെ അവിടുന്നാ കന്യാസ്ത്രീക്കു സമ്മാനിച്ചു. തീക്ഷ്ണതയുററു പണിയെടുക്കുന്ന സ്വന്തം മകൾക്കു് ആ നല്ല പിതാവു നൽകിയ സമ്മാനം.

## ഇങ്ങോട്ടു വന്നില്ലെങ്കിൽ അങ്ങോട്ടു ചെല്ലുക

"പാവങ്ങളുടെ കൂട്ടുകാരി"- അങ്ങനെയാണു പത്രങ്ങൾ മദർ തെരേസയെപ്പററി പറയാറു്. നൂറു ശതമാനവും ശരിയാണതു്. ഭാരതത്തിനകത്തും പുറത്തുമുള്ള ദരിദ്രലക്ഷങ്ങളെ സഹോദരങ്ങളായിക്കണ്ടു് അവരുടെ അടുത്തേക്കു സഹായഹസ്തവുമായി ഓടിയെത്തുന്ന ഒരു നല്ല കൂട്ടുകാരിയാണവർ. അവരൊരിക്കൽ പറയുകയുണ്ടായി "അഗതികൾ ഞങ്ങളുടെ പക്കലേക്കു വരാൻ കാത്തിരിക്കാതെ ഞങ്ങൾ അവരുടെ പക്കലേക്കു പോകുന്നു" എന്നു്. ആ "ഇങ്ങോട്ടുവരാൻ കാത്തിരിക്കാതെയുള്ള അങ്ങോട്ടു ചെല്ലൽ" ആണു് അവരുടെ ജീവിതത്തിലെ ഏററവും വലിയ വിജയം.

ലോകമെങ്ങുമുള്ള പാവപ്പെട്ടവരുടെ മാതാവാണു മദർ തെരേസ. പ്രസംഗിക്കുന്ന പ്രകൃതമേ അവർക്കില്ല. പക്ഷേ, പാവങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനം തന്നെയാണു് ലോകത്തോടുള്ള അവരുടെ ഏററവും വലിയ പ്രസംഗം. "ഒന്നും വാങ്ങാനല്ല എല്ലാം കൊടുക്കാനാണു്" മദർ തെരേസ ജീവിക്കുന്നതു്. അതുകൊണ്ടാണു് "അർപ്പിക്കപ്പെട്ട ഒരു പതിതകാരുണിക" എന്നു മി. കെ. പി. കെയ്ത്താൻ അവരെ വിശേഷിപ്പിച്ചതു്. പ്രസിദ്ധ ഫ്രഞ്ചുസാമൂഹ്യപ്രവർത്തകനായ ആബേ പിയർ പറഞ്ഞു, "ലോകമാസകലമുള്ള പരസ്നേഹപ്രവർത്തനങ്ങളുടെ ഒരു പ്രകടനമാണു് അവരുടെ പ്രവർത്തനങ്ങളെന്നു്". ദാരിദ്ര്യത്തിനെതിരായുള്ള തീരാസമരമാണു് തെരേസയുടെ ജീവിതം. ആ സമരത്തിന്റെ വിജയം പാവപ്പെട്ടവന്റെ വിജയമാണു്. ആ വലിയ വിജയത്തിന്റെയും അതിനു പിന്നിലുള്ള സമരത്തിന്റേയും കാരണക്കാരിയായാണു വരുന്ന തലമുറ മദർ തെരേസയെ കാണുക. തെരേസയുടെ വ്യക്തിത്വത്തിൽ കത്തോലിക്കാസഭ മുഴുവൻ അഭിമാനിക്കുന്നുണ്ടു്. ആ സേവനയജ്ഞത്തെ ലോകം മുഴുവൻ ആദരിക്കുന്നുണ്ടു്. സേവനത്തെ തങ്ങളുടെ ജീവിതത്തിൽ നിന്നു പുറം തള്ളിയിരിക്കുന്ന കത്തോലിക്കരോടും, ആവൃതിക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന കേരളത്തിലെ ആയിരക്കണക്കിനു സന്യാസിനികളോടും മൂകമായ ഭാഷയിൽ എന്തോ തറച്ചു പറയുകയാണു മദർ തെരേസയുടെ വ്യക്തിത്വം.

(പ്രേ. കേ)

**For favours received**



**Inserted by**

M. J, Joseph W. D. C.
Training Department
Heavy Electricals (I) Ltd.
Bhopal. (M. P.)

# ധ്യാനചിന്തകൾ

(വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ)

## സമയത്തിൻെറ ഉപയോഗം

ഒരു കൊല്ലത്തിൽ 8760 മണിക്കൂർ ഉണ്ടു്. എത്ര മണിക്കൂർ ഉറങ്ങും.? മൂന്നിലൊന്നുസമയം കണക്കാക്കാം. 2920 മണിക്കൂർ. എത്രസമയം ജോലി ചെയ്യും? ദിവസം 8 മണിക്കൂർ കണക്കാക്കിയാൽ അതും 2920 മണിക്കൂർ ആയി. ഭക്ഷണത്തിനു ദിവസം ഒരു മണിക്കൂറെങ്കിൽ 365 മണിക്കൂർ അതിനും നീക്കി വക്കാം. ഒരു മണിക്കൂർ സമയം കളിവിനോദങ്ങൾക്കും ഒരു മണിക്കൂർ കുളി, ശൗചം എന്നിവയ്ക്കും എടുത്താൽ 730 മണിക്കൂർ അതിനും വേണം. ഒരു മണിക്കൂർ വീതം പ്രാർത്ഥനയ്ക്കും, ഒരു മണിക്കൂർ വീതം അതിഥികൾക്കായും കൊടുക്കാം. അങ്ങനെ 730 മണിക്കൂർ. മററു അവിചാരിത ആവശ്യങ്ങൾക്കു് 95 മണിക്കൂർ നീക്കുക. ശേഷം 1000 മണിക്കൂർ ഉണ്ടു്. അതു പ്രയോജനപ്പെടുത്തിയാൽ വലിയ നേട്ടം ഉണ്ടാക്കാം. മുപ്പതു കൊല്ലം 1000 മണിക്കൂർ കളഞ്ഞവൻ മുപ്പതിനായിരം മണിക്കൂർ നഷ്ടപ്പെടുത്തി. 8 മണിക്കൂർ ദിവസത്തിൽ ജോലിക്കു നീക്കിവച്ചിട്ടാണു് ഇത്രയും നഷ്ടം! എട്ടുമണിക്കൂർ ജോലിക്കു പകരം അഞ്ചുമണിക്കൂർ വീതമേ ജോലിചെയ്യുന്നുള്ളുവെങ്കിൽ രണ്ടായിരം മണിക്കൂർ അത്ര ഒരാൾ ഓരോ കൊല്ലത്തിലും നഷ്ടപ്പെടുത്തുന്നതു്. ഈ സമയംകൊണ്ടു് ജീവിതത്തിൽ എത്ര വലിയ കാര്യങ്ങൾ നേടാമായിരുന്നു. നിങ്ങളുടെ 15 വയസ്സുമുതൽ കണക്കുകൂട്ടിയാൽ എത്രയോ മണിക്കൂർ ഉപയോഗശൂന്യമായി കളഞ്ഞു എന്നു കണ്ടുപിടിക്കാം. ഈ സമയം സൂക്ഷക്കുറവിനാൽ പാഴായിപ്പോയി-ഇനി ആ സമയം കിട്ടുകയില്ല. സമയം ഇന്ധനമാണു്. സമയം ശക്തിസംഭരണമാണു്. അവയെല്ലാം നഷ്ടപ്പെട്ടുപോയി. ശിഷ്ടായുസ്സിലെങ്കിലും ഇത്ര വിലയേറിയ ദാനത്തെ എറിഞ്ഞു കളയരുതു്.

നിങ്ങൾ നഷ്ടപ്പെടുത്തിയ ഓരോ മണിക്കൂറും ഓരോ രത്നങ്ങളായിരുന്നു. ഒരു ഭോഷനായ യുവാവു് സമുദ്രതീരത്തു് അലസനായിരിക്കുമ്പോൾ കുറെ ഭംഗിയുള്ള കല്ലുകൾ ഒരുമിച്ചു ചേർന്നിരുന്നതു കണ്ടു. നിർവ്വിചാരിതമായി ഓരോന്നും എടുത്തു് സമുദ്രത്തിലേക്കു് ഒന്നിൻെറ പിന്നാലെ ഒന്നായി എറിഞ്ഞു് വെള്ളത്തിൽ കല്ലു വീഴുന്നതു കണ്ടു രസിച്ചിരുന്നു. അവസാനത്തെ കല്ലിൻെറ ഭംഗി കണ്ടു് കയ്യിൽ എടുത്തു ഗൃഹത്തിലേക്കു നടന്നു. വഴിമദ്ധ്യേ ഒരു രത്നവ്യാപാരിയെ കൂട്ടിമുട്ടി. അലക്ഷ്യമായി ആ കല്ലു കൊണ്ടു അമ്മാനമെറിഞ്ഞു നടന്ന യുവാവിനെ വ്യാപാരി നിറുത്തി ആ കല്ലിനു് പതിനായിരം രൂപാ കൊടുത്തു. കോഴിമുട്ടവലിപ്പമുള്ള ആ രത്നം പക്ഷേ അതിനെക്കാൾ വിലയേറിയതായിരുന്നു. അപ്പോഴത്രെ അവൻ എറിഞ്ഞു കളഞ്ഞ രത്നങ്ങളുടെ വില ബോധപ്പെട്ടതു്. ഇതുപോലെ എത്ര ദിവസങ്ങൾ നിങ്ങളുടെ നിർവിചാരത്വം മൂലം ആഴിയിൽ എറിഞ്ഞു നശിപ്പിച്ചു!

പണം ലുബ്ധിക്കുന്നവർ സമയം ലുബ്ധിക്കാത്തതെന്തുകൊണ്ടു്? ഇതുവരെയും സമയത്തിൻെറ വില നിങ്ങൾ അറിഞ്ഞിട്ടില്ലായിരിക്കാം. നിങ്ങളുടെ ജീവിതലക്ഷ്യം എന്തു്? അതു് പ്രാപിക്കുവാനായി അക്ഷീണയത്നം തുടരുക. പ്രയത്നിക്കുന്നവനേ ജീവിതലക്ഷ്യത്തിലെത്തുകയുള്ളു. സമയത്തിൻെറ വിലയെക്കുറിച്ചു് മനനം ചെയ്യു. ജ്ഞാനം സമ്പാദിക്കുവാൻ സമയം വേണം-കൈത്തൊഴിൽ ചെയ്യാൻ സമയം വേണം-ദൈവസാക്ഷാൽക്കാരത്തിനു് എത്രയോ സമയം പ്രയത്നിക്കണം. "നേരം പോക്കു്" പാപം തന്നെ. ദൈവത്തിൻെറ വിലയേറിയ രത്നങ്ങളെ നേരംപോക്കിൽ വലിച്ചെറിയുന്ന ഭോഷന്മാർ നാമാകരുതു്. "നേരം" പോക്കുവാൻ തന്നിട്ടുള്ളതല്ല. അതുകൊണ്ടു് എത്രയോ മഹൽക്കാര്യങ്ങൾ നേടുവാനുണ്ടു്. പ്രയോജനമില്ലാത്ത ആകാശക്കോട്ടകെട്ടി സമ

യം പാഴാക്കരുത്. വായിക്കുക, മനനം ചെയ്യുക, പ്രാർത്ഥിക്കുക, ശക്തിപരിശീലനം നടത്തുക. പണത്തിന്റെ വില അറിഞ്ഞിട്ടും സമയത്തിന്റെ വില അറിയാത്തതു വലിയ നഷ്ടം തന്നെ. വിശ്രമസമയങ്ങളിൽ ഓരോ കല അഭ്യസിച്ച് ഉയർന്നസ്ഥാനത്തെത്തിയവർ ഉണ്ട്. വിശ്രമസമയം ഭാഷാവാസനയുള്ളവർക്കു അതു പഠിക്കാം. സമയം മനുഷ്യന്റെ രാജാവാണ്. മനുഷ്യന് എന്തുവേണം? സമയമാകുന്ന രാജാവാണ് അതു ദാനം ചെയ്യുന്നത്. സമയം മനുഷ്യനെ ഉയർത്തുകയോ അധഃപതിപ്പിക്കുകയോ ചെയ്യും. സമയം എന്ന രാജാവിനെ എത്ര രാഷ്ട്രീയ വിപ്ലവങ്ങൾ നടത്തിയാലും താഴെ മറിച്ചിടുവാൻ സാധ്യമല്ല. നിങ്ങൾ ഇരുന്നു ധ്യാനിച്ചുനോക്കുവിൻ. സമയം എങ്ങനെ ചെലവിട്ടു? ഇപ്പോൾ എത്തിയിരിക്കുന്നതിനേക്കാൾ ഉന്നതാവസ്ഥയിലെത്താമായിരുന്നില്ലേ? കഴിഞ്ഞതിനെ ഓർത്തു വിലപിച്ചു കഴിഞ്ഞിട്ട് എന്തു ഫലം! അടുത്ത മിനിററു മുതൽ തക്കത്തിലുപയോഗിക്കുക.

സമയം വേണ്ടപോലെ ഉപയോഗിക്കുമ്പോൾ നന്മകൾ ഒരുവനിലേക്ക് ആകർഷിക്കപ്പെടും. നന്മകളുടെ സമ്പാദ്യം വർദ്ധിപ്പിക്കണമെങ്കിൽ സമയം നേരംപോക്കിനും വെറും പാഴ്കാര്യങ്ങൾക്കും കളയരുത്. വെടിപറഞ്ഞും, ചീട്ടുകളിച്ചും, എത്രയോ സമയം വലിച്ചെറിയുന്നു!

# For favours received. Inserted by



Mrs. Thomas, Ennasseril, Tvm.



K. M. Thomas, Chengannoor.



Br. P. K. John, Thatta.



Leelamma Thomas, Changanacherry.

# ദുഃഖവെള്ളിയാഴ്ച — ചില ശിഥില ചിന്തകൾ

*(The Rev. G. Palatty.)*

വലിയ നൊയമ്പു സമാപിക്കാറായിരിക്കുന്നു. പ്രാൎത്ഥനയുടെയും പശ്ചാത്താപത്തിന്റെയും പരിത്യാഗത്തിന്റെയും പാപപരിഹാരത്തിന്റെയും കാലമായി ഈ നൊയമ്പു് നമ്മിൽ എത്രപേർ ആചരിച്ചിട്ടുണ്ടെന്നു ആത്മപരിശോധന ചെയ്യേണ്ടതാണു്. നൊയമ്പിന്റെ അവസാന ആഴ്ചയ്ക്കു നാം പറയുന്ന പേരു് ഹാശാ ആഴ്ച അഥവാ കഷ്ടാനുഭവ ആഴ്ചയെന്നാണല്ലോ. നമ്മുടെ ദിവ്യരക്ഷകന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചു് ധ്യാനിച്ചു് നാം പശ്ചാത്താപവിവശരായി പ്രാൎത്ഥിക്കുകയും പാപപരിഹാരപ്രവൃത്തികൾ ചെയ്യുകയും ചെയ്യേണ്ട ആഴ്ചയാണതു്. പക്ഷേ, നമ്മിൽ എത്ര പേർ ആ ആഴ്ച ശരിയായ രീതിയിൽ, ഉത്തമമായ നിലയിൽ, ആചരിക്കുന്നുണ്ടു്?

കഷ്ടാനുഭവ ആഴ്ചയിലെ ദുഃഖവെള്ളിയാഴ്ച ആ പദം സൂചിപ്പിക്കുന്നതുപോലെ നമുക്കു ദുഃഖത്തിന്റെ ദിനമാണോ? ദൈവത്തിന്റെ അനന്തസ്നേഹത്തെക്കുറിച്ചു ചിന്തിച്ചു് സ്നേഹത്തിന്റെയും പശ്ചാത്താപത്തിന്റെയും കൃതജ്ഞതയുടെയും വിചാരവികാരങ്ങൾ ഹൃദയത്തിൽനിന്നു് ഉത്‌ഗമിക്കുന്ന ദിനമാണോ?

മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപു അവനു അവശ്യമുള്ളതെല്ലാം ദൈവം സൃഷ്ടിച്ചു. സൃഷ്ടികൎമ്മം കൊണ്ടു ദൈവത്തിനൊന്നും നേടാനില്ല. അങ്ങു സ്വയം സംപൂൎണ്ണനാണു്. എങ്കിലും അവിടുത്തെ നന്മയിൽ ഭാഗഭാക്കുകളാകുന്നതിനു മനുഷ്യനെ ദൈവം സൃഷ്ടിച്ചു. ആ മനുഷ്യൻ പാപത്തിൽ നിപതിച്ചു. ദൈവകല്പനയെ അവൻ നിരസിച്ചു. ആ പാപാവസ്ഥയിൽ മനുഷ്യനെ അവിടുത്തേക്കു ഉപേക്ഷിക്കാമായിരുന്നു. എങ്കിലും അവിടുത്തെ അനന്തസ്നേഹം അതു സമ്മതിച്ചില്ല. മനുഷ്യൻ അവന്റെ പാപത്തിനു പരിഹാരം ചെയ്തു സ്വൎഗ്ഗസൗഭാഗ്യത്തിനവകാശം നേടേണ്ടതാണെന്നു യഹോവ നിശ്ചയിച്ചു. പക്ഷേ, ദൈവത്തോടുള്ള പാപത്തിനു പരിഹാരം ചെയ്യുക കേവലം സൃഷ്ടിയായ മനുഷ്യനു ശക്യമല്ല. അതിനുവേണ്ടി ദൈവം തന്നെ മനുഷ്യനായിത്തീൎന്നു. പാപമൊഴികെ സകലത്തിലും, മനുഷ്യനായിത്തീൎന്ന നമ്മുടെ ദിവ്യരക്ഷകനായ ക്രിസ്തു, നമുക്കു സദൃശനായി. ദാരിദ്ര്യവും കഷ്ടതകളും അങ്ങു അധികം സഹിച്ചു. അപമാനവും അപഹാസവും അങ്ങയുടെ നേൎക്കു ചീറിയടുത്തു. നന്മ ചെയ്യുന്നതിനു പകരം തിന്മ അവിടുത്തേക്കു പ്രതിഫലമായി ലഭിച്ചു. യഹൂദസമുദായത്തിലെ സ്ഥാപിത താല്പൎയ്യക്കാർ അങ്ങയെ വകവരുത്താൻ തന്നെ നിശ്ചയിച്ചു.

ശത്രുക്കളുടെ കൈകളിൽ അങ്ങു സ്വയം ഏല്പിച്ചുകൊടുത്തു. മനുഷ്യവൎഗ്ഗത്തിനുവേണ്ടി അങ്ങു ബലിവസ്തുവായി. ബലിസാധവും ബലിയർപ്പകനും അങ്ങുതന്നെ. ഗത്‌സമേൻതോട്ടം മുതൽ കാൽവരിവരെ നിന്ദ്യവും നിഷ്ഠുരവുമായ പീഡനങ്ങൾക്കും അപമാനങ്ങൾക്കും അങ്ങു ഇരയായി.

ഒടുവിലിതാ ദുഃഖവെള്ളിയാഴ്ച ലോകത്തിന്റെ പാപം പേറുന്ന ദിവ്യകുഞ്ഞാടു് കാൽവരിയിൽ കുരിശിന്മേൽ കിടന്നു മരണയാതനകൾ അനുഭവിക്കുന്നു. പഞ്ചേന്ദ്രിയങ്ങളാൽ മനുഷ്യർ ചെയ്ത പാപത്തിനു് പഞ്ചേന്ദ്രിയങ്ങൾവഴി ക്രിസ്തു പരിഹാരം ചെയ്യുന്നു. മനസ്സിൽ മനുഷ്യർ പാപം ചെയ്തതിന്റെ പരിഹാരമായി അവിടുന്നു നിശിതമായ മാനസികവ്യാമൎദ്ദനങ്ങളനുഭവിക്കുന്നു. പാപസാഹചര്യങ്ങളിലകപ്പെടുമ്പോൾ, പാപപ്രേരണകളുണ്ടാകുമ്പോൾ, പാപത്തി

ൻെറ നെട്ടവീഥിയിലേക്ക തിരിയുമ്പോൾ, കുരിശിൽ കിടന്നു മരണയാതനകളനുഭവിക്കുന്ന ദിവ്യരക്ഷകൻെറ സജീവചിത്രം നമ്മുടെ മനസ്സിൽ തെളിഞ്ഞുവരട്ടെ.

ദിവ്യരക്ഷകൻ കുരിശിനെ ആശ്ലേഷിച്ചു, കുരിശുവഴി മനുഷ്യവർഗ്ഗത്തെ രക്ഷിച്ചു. അങ്ങനെ കുരിശ് രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായിത്തീർന്നു, നമുക്ക്. കുരിശ്, അഥവാ കഷ്ടപ്പാടില്ലാത്ത ജീവിതമില്ല. ക്രിസ്തുവിനെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ സ്വയം പരിത്യജിച്ച് തൻെറ കുരിശെടുത്തു ക്രിസ്തുവിൻെറ പിന്നാലെ നടന്നേ പററുകയുള്ളു. ദൈവം നൽകുന്ന കുരിശുകൾ ക്ഷമാപൂർവ്വം സംവഹിക്കുക. വിശുദ്ധന്മാർ കുരിശിനെ ആശ്ലേഷിച്ചവരാണ്. അവരാണു സാക്ഷാൽ ധീരാത്മാക്കൾ. ലോകത്തിൻെറ ദൃഷ്ടിയിൽ ഭോഷത്തമായതു് ദൈവത്തിൻെറ ദൃഷ്ടിയിൽ വിവേകമാണെന്നു വിസ്മരിക്കാതിരിക്കുക. കുരിശുകൾ, കഷ്ടപ്പാടുകൾ, നമ്മെ അഭിമുഖീകരിക്കുമ്പോൾ സന്തോഷിക്കുകയും ദൈവത്തിനു കൃതജ്ഞത നൽകുകയും ചെയ്യുക.

''ഓ, എൻെറ കർത്താവേ, നീ നൽകുന്ന കുരിശുകൾ സന്തോഷത്തോടും ക്ഷമയോടുംകൂടി സംവഹിച്ച് നിന്നെ അനുഗമിപ്പാൻ എനിക്കു കൃപ നൽകണമെ.''

---


**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | | |
|---|---|---|---|
| 1 പേജിന് | | രൂപാ | 40 |
| ½ " | | " | 20 |
| ¼ " | | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിന് | | " | 5 |

മാനേജർ.


## ക്രിസ്തു എല്ലാമാണു്.

നമ്മുടെ മുറിവുകൾ സുഖപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ, ക്രിസ്തുവാണ് സുഖദായകൻ. പൊള്ളുന്ന പനി നിങ്ങൾക്കുണ്ടെങ്കിൽ, അവിടുന്നാണ് ഉറവ.

കഷ്ടത നിങ്ങളെ ഞെരുക്കുന്നുവെങ്കിൽ അവിടന്നാണ് നീതി.

സഹായം നിങ്ങൾക്കാവശ്യമുണ്ടെങ്കിൽ അവിടുന്നാണ് ശക്തി.

മരണം നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അങ്ങ് ജീവനാണ്.

സ്വർഗ്ഗം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങോട്ടുള്ള വീഥിയാണ് അവിടുന്ന്.

അന്ധകാരത്തിൽനിന്നു നിങ്ങൾ ഓടിയകലുന്നുവെങ്കിൽ പ്രകാശമാണ് അവിടുന്ന്.

ഭക്ഷണം നിങ്ങൾ തേടുന്നുവെങ്കിൽ, അങ്ങ് ആരോഗ്യസംദായകമായ ഭോജ്യമാണ്.

കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുക.

വി. അംബ്രോസ്സ്.

ചെറുകഥ

# മന്ത്രകോടി

**മിസ്സസ്സ് അന്നാമ്മ മാമ്മൻ**

കൈപ്പുഴ കോട്ടമററം കൊണ്ടപ്പായി തരകൻെറ കനിഷ്ഠപുത്രൻ വക്കച്ചൻ എന്ന ഓമനപ്പേരുള്ള ജോർജ്ജ് മദ്രാസു മെഡിക്കൽ കോളേജിൽനിന്നും പ്രശസ്ത ബിരുദം സമ്പാദിച്ചു സ്വദേശത്തു് തിരിച്ചെത്തിയതു് അവിടെ തനതായി ഒരു ആസ്പത്രി ആരംഭിച്ചു നിസ്വാർത്ഥ ആതുരസേവനം അനുഷ്ഠിക്കണമെന്ന സദുദ്ദേശത്തോടായിരുന്നു; അപ്പോഴാണറിയുന്നതു് തങ്ങളുടെ സാമ്പത്തികനില അതിനു അനുകൂലമല്ലെന്നു.

തൻെറ പിതാവിനു നേരിട്ട കൃഷിപ്പിഴയും, വിലക്കയററവും, ചിട്ടിത്തകരാറും, നാട്ടകാര്യസ്ഥതയും, പെരുനാളാഘോഷവും മററും അദ്ദേഹത്തെ അത്യന്തം ശോഷിപ്പിച്ചതായും തൻെറ വിദ്യാഭ്യാസച്ചെലവിനുവേണ്ടി നേരിട്ട കടങ്ങൾക്കു ഭൂസ്വത്തിൽ കുറെയെല്ലാം വിക്രയം ചെയ്യേണ്ടിവന്നതായും അവശേഷിച്ച സ്വത്തുക്കൾ തൻെറ ഏകസഹോദരൻെറ ഭാര്യയുടെ സ്ത്രീധനാവകാശത്തിനായി കരണം ചെയ്യപ്പെട്ടതായും അയാൾ അറിഞ്ഞു. പിതാവിൻെറ അകാലനിര്യാണവും ജേഷ്ഠസഹോദരൻെറ മലബാർ കുടിയേററത്തിനുള്ള താല്പര്യവും കൂടെ ആയപ്പോൾ വക്കച്ചനു സ്വദേശവാസം ക്ലിഷ്ടമായി. ഈദൃശസാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടാണു ഡാക്ടർ ജോർജ്ജ് കോട്ടമററം രാജസ്ഥാൻ സംസ്ഥാനത്തു സിക്കാർ ഡിസ്ട്രിക്ടിൽ ഒരു കുഗ്രാമത്തിലെ പ്രൈവററാശുപത്രിയിൽ ഉദ്യോഗം സ്വീകരിച്ചതു്.

അതു മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിൻെറ വകയായിരുന്നു. കോൺവൻറു വളപ്പിനു സമീപം തന്നെ. സീനിയർ ഡോക്ടർ ഓബൻട്രോബു് പശ്ചിമ ജർമ്മനി സ്വദേശിയായ ഒരു വൃദ്ധ ഭിഷഗ്വരനായിരുന്നു. അവിടെ ഒരു നഴ്സിംഗ് ആൻഡു് കമ്പൌണ്ടിംഗ് പരിശീലനകേന്ദ്രം കൂടെ നടത്തപ്പെട്ടിരുന്നതിൻെറ ചുമതല വഹിച്ചിരുന്നതു് ലേഡി അസിസ്റ്റൻറു് ഡോക്ടർ ഉർസൂലറോയി എന്ന യുവസുഭഗയായിരുന്നു. ആ പ്രിയദർശിനി ഒരു കാഷ്മീരിബ്രാഹ്മണകുമാരിയാണെന്നും ശൈശവം മുതൽ മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിൻെറ സംരക്ഷണയിലായിരുന്നുവെന്നും ജോർജ്ജ് അറിഞ്ഞു. അവൾ ലാഹൂർ മെഡിക്കൽ കോളേജിൽനിന്നും ബിരുദം സമ്പാദിച്ചിട്ടുമുണ്ടു്. ജമ്മു കാഷ്മീർ സംസ്ഥാനത്തു പൂഞ്ചുഡിസ്ട്രിക്ടിൽ ഹാവേലി ടൌണിൽ തൻെറ സ്വജനങ്ങളുള്ളതായി കേട്ടറിവു മാത്രമേ അവക്കുള്ളൂ. അവർ ധനികരാണെന്നും, കേട്ടിരുന്നു. എന്നാൽ അന്യാദൃശസൌശീല്യവും ദീനാനുകമ്പയും മൂലം ആ കുലീന കുമാരി സമാദരണീയയായിരുന്നു.

ഡോക്ടർ ജോർജ്ജ് ഉദ്യോഗത്തിൽ പ്രവേശിച്ചു് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ സീനിയർ ഡോക്ടർ സായിപ്പു തൻെറ സേവനം പരിത്യജിച്ചിട്ടു സ്വദേശത്തേക്കു പോയി—അന്ത്യകാലവിശ്രമാർത്ഥം എന്നു രേഖപ്പെടുത്തിക്കൊണ്ടു്.

ഡോക്ടർ ജോർജ്ജ് സീനിയറായി. ആസ്പത്രി അനുദിനം അഭിവൃദ്ധി പ്രാപിച്ചു. അവിടെ ട്രെയിനിംഗ് കഴിച്ച നാട്ടുകാരിൽത്തന്നെ ചിലരെക്കൂടെ സിൽബന്ധികളായി നിയമിച്ചു. സീനിയർ ഡോക്ടരും ലേഡി അസിസ്റ്റൻറും സ്ഥാപനത്തിൻെറ സുസ്ഥിതിക്കുവേണ്ടി വിശ്രമവിഹീനം യത്നിച്ചു. അവരുടെ നിത്യസഹകരണബന്ധം സ്നേഹബന്ധമായി വികസിച്ചു. അവർ ഇരുവരുടേയും മാതൃഭാഷ വിഭിന്നമായിരുന്നു. അതിനാൽ അവർക്കു് പൊതുഭാഷയായി ഇംഗ്ലീഷ് ഉപകരിച്ചു. വിഭിന്നങ്ങളായ ദേശീയ ആചാരങ്ങളോ സംസ്കാരവൈജാത്യമോ, അവരുടെ പ്രണയപ്രകർഷത്തിനു ബാധകമായില്ല.

വിവാഹത്തിനു് ഡോക്ടർ ഉർസൂല തൻെറ സംരക്ഷണകേന്ദ്രമാക്കിയിട്ടുള്ള കോൺവൻറു് അധികാരസ്ഥാനത്തുനിന്നു് അനുവാദം

വാങ്ങി—നിഷ്പ്രയാസം. എന്നാൽ ഡോക്ടർ ജോർജ്ജിന് അതൊരു വിഷമപ്രശ്നമായി. ജോർജ്ജിന്റെ സഹോദരൻ വയനാട്ടിൽ കുടിയേറിക്കഴിഞ്ഞു. അകന്ന ബന്ധുക്കൾ ഈ നൂതന സംരംഭത്തെ അപലപിച്ചു ഭ്രഷ്ട് കല്പിച്ചു. വളരെയധികം എഴുത്തുകുത്തുകളുടെയും അപ്പീലിന്റെയും ശേഷം സാമാന്യ അനുവാദം ലഭിച്ചു അവരുടെ വിവാഹം ഗ്രാമത്തിലെ മിഷ്യൻപള്ളിയിൽ വച്ചു ആശിർവദിക്കപ്പെട്ടു—ഒരു പാശ്ചാത്യ മിഷനറിവൈദികനാൽ.

കേരളസുറിയാനിരീതി അനുസരിച്ചു മിന്നും മന്ത്രകോടിയും വരൻ ഹാജരാക്കി. എന്നാൽ അവയുടെ ആവശ്യമെന്തെന്ന വൈദികനോ പള്ളിസിൽബന്ധിക്കോ അജ്ഞാതമായിരുന്നു. ലത്തീൻ രീതിയിലുള്ള കൂദാശക്കുശേഷം വരന്റെ അഭിലാഷപ്രകാരം മിന്നും മന്ത്രകോടിയും യഥോചിതം ഉപയോഗിക്കപ്പെട്ടു. വിവാഹാനന്തരം വസതിയിലെത്തിയ ഉടൻ മിസ്സസ്സ് ഉർസൂലാ ജോർജ്ജ് ആ വിലയേറിയ കസവു കവണി തന്റെ ഹാൻഡ്ബാഗിൽ ഭദ്രമായി സൂക്ഷിച്ചു. ആസ്പത്രിക്കു സമീപം നവദമ്പതികൾ നിവസിച്ചു.

ഇക്കാലത്തു് ഉദ്യോഗമൊഴിഞ്ഞു സ്വദേശത്തേക്കു പോയിരുന്ന ഡാക്ടർ സായിപ്പ് ആ ധർമ്മസ്ഥാപനത്തിനുവേണ്ടി സംഭാവനകൾ ശേഖരിക്കുകയായിരുന്നു. വൻപിച്ച ഒരു തുകകൊണ്ടു വിലയേറിയ ഔഷധങ്ങളും ശസ്ത്രക്രിയോപകരണങ്ങളും പരിഷ്കൃതസാധനസാമഗ്രികളും അകസാമാനങ്ങളും അദ്ദേഹം സ്വരുക്കൂട്ടി. അതിനെല്ലാം പുറമെ ഏതാനും വർഷം ശമ്പളം കൂടാതെ ആ കുഗ്രാമത്തിൽ സേവനം ചെയ്യുന്നതിനു സന്നദ്ധനായ ഒരു യുവഭിഷക്കിനേയും അദ്ദേഹം സമ്പാദിച്ചു, ക്രിസ്തീയ ഉപവിമൂലം. പുതിയ ഡോക്ടരും സാമാനങ്ങളും ഇന്ന തീയതിയിൽ ബോംബയിലെത്തുമെന്നും ഡോക്ടർ ജോർജ്ജ് യഥാസമയം അവിടെയെത്തി നവാഗതനെ സ്വീകരിക്കണമെന്നും തുറമുഖാധികാരികളെ കണ്ടു സാമാനങ്ങൾ ഏറ്റു വാങ്ങിക്കയും കടൽചുങ്കം ഒടുക്കുകയും ചെയ്തുകൊണ്ടുപോകണമെന്നും ജോർജ്ജിന് ഒരു എഴുത്തു കിട്ടി. ഇതിലേക്ക് ഏകദേശം മൂന്നു ആഴ്ചത്തെ താമസം വരുമെന്നു മനസ്സിലായി. അത്രയും കാലം ആശുപത്രി വിട്ടുനിന്നു വിഷമം. അതിലുമുപരി ആ യുവമിഥുനങ്ങളുടെ വിയോഗവ്യഥ. ഗത്യന്തരമില്ലായികയാൽ ഡോക്ടർ ജോർജ്ജ് നോർത്തുവെസ്റ്റ് ട്രെയിനിൽ ബോംബയ്ക്കു് തിരിച്ചു ഭാര്യയെകോൺവന്റു സംരക്ഷണയിലാക്കീട്ടു.

പല അവിചാരിതകാരണങ്ങളാൽ യാത്ര ഉദ്ദേശിച്ചതിൽ രണ്ടു ആഴ്ച കൂടെ നീണ്ടു. അദ്ദേഹം ഗ്രാമത്തിൽ തിരിച്ചെത്തിയപ്പോഴാണറിയുന്നതു്, ഭാര്യ അവിടെയില്ലെന്നു്. താൻ സ്ഥലം വിട്ടു് ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു ഹിന്ദുമുസലീം ലഹള നടന്നുവെന്നും അതിന്റെ പുറകിൽ പാക്കിസ്ഥാനി നുഴഞ്ഞുകയറ്റമുണ്ടായെന്നും, അനേക നാശനഷ്ടങ്ങളും അപഹരണങ്ങളും സംഭവിച്ചുവെന്നും, കന്യാസ്ത്രീകൾ പലായനം ചെയ്തെന്നും.

പാവം! വക്കച്ചൻ! അദ്ദേഹം സർവ്വവും കൊച്ചുസായിപ്പിന്റെ ....ഘു മ ത ല യിൽ വിട്ടിട്ടു ഭാര്യയെ തേടിപ്പുറപ്പെട്ടു. എവിടെയാണു അന്വേഷിക്കേണ്ടതു്? ആരോടാണു ചോദിക്കേണ്ടതു്? എങ്ങനെയോ മദ്രാസിലെത്തി—കേവലം ഭിക്ഷാംദേഹിയായി. മെരീനാബീച്ചിൽവച്ച് അയാൾ തന്റെ ഒരു സതീർത്ഥ്യന്റെ ദൃഷ്ടിയിൽ പെട്ടു. അദ്ദേഹം ഫോർട്ടുസെയിന്റ് ജോർജ്ജ് മെൻററൽ ആസ്പത്രി സൂപ്രണ്ടായിരുന്നു. ഒരു മലയാളിയും. ഡോക്ടർ മേനോന്റെ സഹായം കൊണ്ടു ഏതാനും മാസങ്ങൾ അയാൾ മദ്രാസിൽ താമസിച്ചു.

പ്രസ്തുത വർഷാന്ത്യത്തിൽ ഡാക്ടർ മേനോൻ ഏതാനും മാസത്തെ അവധിയെടുത്തു വക്കച്ചനുമായി തിരുവനന്തപുരത്തേക്കു തിരിച്ചു. അദ്ദേഹത്തിന്റെ കുടുംബം അവിടെയായിരുന്നു. ഡിസംബർ 24-ാം തീയതിയാണു് അവരവിടെയെത്തിയതു്. ഭാര്യാവിരഹം മൂലം മാനസികാസ്വസ്ഥനായ ശേഷം വക്കച്ചൻ ദൈവാലയങ്ങളിലൊന്നും പോയിരുന്നില്ല. വക്കച്ചന്റെ സ്നേഹിതൻ അക്രൈസ്തവനായിരുന്നെങ്കിലും ക്രിസ്തുമസ്സിന്റെ മഹനീയതയെപ്പററി അജ്ഞനായിരുന്നില്ല.

അന്നു രാത്രി ഡോക്ടർ മേനോന്റെ വസതിക്കു സമീപം കൂടി ഒരു ക്രിസ്തുമസ്സുകരോൾ കടന്നുപോയതു വക്കച്ചനെ ആകർഷിച്ചു. വിസ്മൃതിയിലാണ്ടിരുന്ന മതാത്മകത്വം പുനർജീവിച്ചു. 'സമീപം പള്ളിയുണ്ടോ?'' എന്നു ജോർജ്ജ് അന്വേഷണമായി. അയാളുടെ മാനസികനില മെച്ചപ്പെട്ടതിൽ ഡോക്ടർ

മേനോൻ സന്തോഷിച്ചു. "അടുത്ത ഗ്രാമത്തിൽ വേദക്കാരുടെ ഒരു പള്ളിയുണ്ട്" ആ വീട്ടിലെ ഭൃത്യൻ അറിയിച്ചു. "എവിടെ ആയാലുംശരി. ക്രിസ്തുമസ് പൂജ കാണണം", എന്നു വക്കച്ചനും പ്രതിവചിച്ചു. പിറ്റേ പ്രഭാതത്തിൽ വക്കച്ചനെ അവിടെ കൂട്ടിക്കൊണ്ടു പോകുന്നതിനു് ആ ഭൃത്യൻ നിയോഗിക്കപ്പെട്ടു.

അവർ ചെന്നെത്തിയതു വൃത്തിഹീനമായ ഇടവഴിയുടെ മുട്ടക്കിലുള്ള ഒരു കുനപ്പുരയിലാണു്. വൻപിച്ച സൗധങ്ങളും അംബരചുംബികളായ സ്തൂപികകളും മണിമാളികകളും നന്ദനോദ്യാനങ്ങളും ആളില്ലാക്കൊട്ടാരങ്ങളും നിറഞ്ഞ തിരുവനന്തപുരം പട്ടണത്തിൽ ഇത്ര മോശമായ ഒരു കുടിൽ ഉണ്ടായിരിക്കുമോ— ഒരു കത്തോലിക്കാ പള്ളിയായി! നിർദ്ധനരും കൂലിവേലക്കാരുമായ ഏതാനും ഹരിജൻക്രിസ്ത്യാനികൾ പുതുക്കൻ വസ്ത്രങ്ങൾ ധരിച്ചു ജപമാലകളുമായി അവിടേക്കു ത്വരിതഗമനം ചെയ്യുന്നു. വക്കച്ചനും അവരെ അനുഗമിച്ചു കുടിലിൽ കടന്നു് ഏററം പുറകിൽ മുട്ടുകുത്തി.

ഒരു ഏതദ്ദേശീയ വൈദികൻ സാധുക്കളായ രണ്ടു ബാലന്മാരാൽ അനുഗതനായി ദിവ്യപൂജയ്ക്കു പ്രവേശിച്ചു. ഹൃദയസ്പർശകമായ ആരാധന സമാരംഭിച്ചു. കർബ്ബാനസമയം മുഴുവൻ വക്കച്ചൻ തീക്ഷ്ണമായി പ്രാർത്ഥിച്ചു. നിരർഗ്ഗളബാഷ്പധാരയോടുകൂടെ തന്റെ പരിദേവനങ്ങൾ അത്യുന്നതത്തിലേക്കു നിശ്ശബ്ദം സമർപ്പിച്ചു. തദനന്തരം വക്കച്ചൻ പരിസരങ്ങൾ വീക്ഷിച്ചു. പൊക്കം കുറഞ്ഞ ആ കുടിലിൽ അപ്പോഴും വേണ്ടത്ര വെളിച്ചം ലഭിച്ചിട്ടില്ല. ആറു തൂണിലൊരു ആനവായൻ കൊട്ടിൽ. മദ്ബഹായുടെ ഭാഗം മൂന്നു വശം പരമ്പുചേററു വച്ചു മറച്ചിട്ടുണ്ടു്. മാമ്പലക കൊണ്ടൊരു ത്രോണോസു്. അതു വർണ്ണക്കടലാസുകൊണ്ടു പൊതിഞ്ഞിരിക്കുന്നു. ചായംമാഞ്ഞ നാലു മെഴുകുതിരിക്കാലിൽ മുറിത്തിരികൾ മങ്ങിക്കത്തുന്നു. അവയുടെ മദ്ധ്യേ ഒരു ചെറിയ മരക്കുരിശു്. അതിനു പുറകിൽ അല്പം ഉയർത്തി ഒരു തിരുക്കുടുംബചിത്രം— നാടൻ ഫ്രെയിമിട്ടതു്. ത്രോണോസിന്റെ ഉപരിയായി വിലയേറിയ ഒരു കസവു കവണി—കോടിനിറം മങ്ങിത്തുടങ്ങിയതു്—മേല്ക്കൂട്ടിയായി കെട്ടിയിരിക്കുന്നു. അതിന്റെ ഒരു കുറിയവശം പരമ്പുമറയിൽ ചേർത്തു തുന്നിപ്പിടിപ്പിച്ചിരിക്കുന്നു.

വക്കച്ചന്റെ ദൃഷ്ടികൾ പ്രസ്തുത കവിണിയിൽ കേന്ദ്രീകരിച്ചു, ഏതാനും നിമിഷം തുടരെ.

"ഹാ! അതെന്റെ ഉർസൂലാമ്മയുടെ മന്ത്രകോടിയാണേ!". വക്കച്ചൻ അല്പം ഉറക്കെ ചിന്തിച്ചുപോയി. അപരിചിതനെക്കണ്ടു് തുറിച്ചു നോക്കിനിന്ന ഗ്രാമീണ ബാലന്മാർ പൊട്ടിച്ചിരിച്ചു. സ്ത്രീപുരുഷന്മാർ ചുററിക്കൂടി, കർബ്ബാനസ്വീകരണവും ഉപകാരസ്തു-


## For favours received



**Inserted by**
**Joseph,**
**Anniyil House, Charummoodu.**
'ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ'


തിജപവും കഴിഞ്ഞെഴുന്നേററ വൈദികന്റെ പക്കലേക്കു വക്കച്ചൻ ഓടി അടുത്തു. വൈദികൻ സഹാസപ്രസന്നസൗമനസ്യപൂർവ്വം അയാളെ സ്വീകരിച്ചു, കാര്യങ്ങളാരാഞ്ഞു. പാളയം പള്ളിമേടയിലേക്കു അയാളെ കൂട്ടിക്കൊണ്ടുപോയി. പ്രഭാതഭക്ഷണവും അല്പം വിശ്രമവും നൽകിയശേഷം വീണ്ടും സംസാരിച്ചു അയാളുടെ യാഥാർത്ഥ്യം ബോദ്ധ്യമായതിനാൽ കാര്യങ്ങൾ വിശദമാക്കി.

"ആ കവണി, ഏതാനും ദിവസങ്ങൾ മുമ്പു് ആ ചെറിയ 'മിഷ്യൻ ചാപ്പൽ സന്ദർ

# ഭദ്രാസനദൈവാലയപ്രതിഷ്ഠ

## തോമസ് പടിയംകുളം

തിരുവനന്തപുരം അതിരൂപതയുടെ പുതിയ ഭദ്രാസനദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം സംബന്ധിച്ചുള്ള ത്രിദിനപരിപാടികൾ ഫെബ്രുവരി 21-ാം തീയതി ഞായറാഴ്ച വൈകിട്ട് ആരംഭിച്ചു.

സന്ധ്യാനമസ്കാരത്തോടുകൂടി അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, തിരുവല്ലാ മെത്രാൻ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെ സഹകരണത്തിലും പ്രതിഷ്ഠാശുശ്രൂഷയുടെ ആദ്യഭാഗം നടന്നു. ഈ ചടങ്ങിൽ എറണാകുളം ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും തലശ്ശേരി രൂപതയുടെ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമേനിയും ഇന്റർനൺഷ്യോ തിരുമേനിയുടെ ഒന്നാം സെക്രട്ടറിയും സന്നിഹിതരായിരുന്നു. ദൈവാലയക്കൂദാശയുടെ ഒന്നാംഭാഗത്തിനു ശേഷം അഭിവന്ദ്യ എറണാകുളം ആർച്ചുബിഷപ്പ് തിരുമേനി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു.

### തിരുമേനിയുടെ പ്രസംഗം:

ഭദ്രാസനദൈവാലയം നില്ക്കുന്ന സ്ഥലത്തിന്റെ പ്രകൃതിരമണീയകതയേയും പ്രാധാ

---

ശിച്ച കന്യാസ്ത്രീകളോടൊന്നിച്ചുവന്ന ഒരു ഉത്തരേന്ത്യൻ വനിത സമ്മാനിച്ചതാണു്. അവർ ചില മാസങ്ങളായി ഇവിടെയടുത്തുള്ള കോൺവെന്റിൽ താമസിക്കുന്നു. വൈദ്യശാസ്ത്രസംബന്ധമായി ഏതോ പഠനമുണ്ട്. പരിസരങ്ങളിലെ സാധുക്കൾക്കു ധർമ്മചികിത്സ നടത്തുന്നതായി കേട്ടു" ഇത്രയുമേ അച്ചനു് അറിവുള്ളു.

ഇത്തരുണത്തിൽ ഭൃത്യനിൽനിന്നു കേട്ട വിവരം ലക്ഷ്യമാക്കി ഡോക്ടർ മേനോൻ ഒരു ടാക്സി കാറിൽ അവിടെ എത്തിക്കഴിഞ്ഞു. വികാരിയച്ചനും സ്നേഹിതരും കൂടെ അതേ കാറിൽ മഠത്തിലേക്കു തിരിച്ചു. മദർ സുപ്പീരിയറിന്റെ അനുവാദം വാങ്ങി, ആ വിദേശവനിതയെ വരുത്തി. മിസ്സസ്സ് ഉർസൂലാ ജോർജ്ജ് കാർമേഘവിമുക്തയായ പഞ്ചമിചന്ദ്രനെപ്പോലെ പരിശോഭിച്ചു. ചിരകാലവിരഹരായിരുന്ന ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു കോൺവെന്റു ചാപ്പലിൽ പ്രവേശിച്ച് ഉണ്ണീശോയ്ക്കു് കൃതജ്ഞതാഞ്ജലി അർപ്പിച്ചു. സിസ്റ്റേഴ്സ് അതിഥികൾക്ക് ഹൃദ്യമായ വിരുന്നു നൽകി. ചിരസ്മരണീയമായ ഒരു ക്രിസ്തുമസ്സ് ഡിന്നർ.

ഉർസൂലാമ്മ മൂന്നു വർഷത്തെ ചരിത്രം സമഗ്രമായി അറിയിച്ചു. വിപ്ലവം പൊട്ടിപ്പുറപ്പെട്ടയുടൻ മിഷ്യൻ ഡയറക്ടർപാതിരി പോലീസ് സഹായം തേടിയതു്, കന്യാസ്ത്രീകളെ ട്രെയിൻ കയററി വിട്ടതു്, അവരിൽ ചിലരുടെ കൂടെ ബോംബയിലെത്തിയതു്, ഭർത്താവിനെ ഹാർബറിലന്വേഷിച്ചതു്, സിക്കാറിലേക്കു് കമ്പി അടിച്ചതു്, നിരാശാകരമായ മറുപടി പുതിയ സായിപ്പിൽനിന്നും ലഭിച്ചതു്,, ബോംബയിൽനിന്നു ഗോവായിലെത്തിയതു്, ഏതാനും കേരളീയ തീർത്ഥയാത്രക്കാരുടെ കൂടെ എറണാകുളത്തുവന്നതു്, കോട്ടയത്തു നടത്തിയ വിഫലാന്വേഷണം, സിസ്റ്റേഴ്സിന്റെ സംരക്ഷണം ലഭിച്ചതു്—എല്ലാം.

ഉണ്ണീശോ തിരു അവതാരം ചെയ്ത ബേതലഹേമിലെ കാലിത്തൊഴുത്തിനു സദൃശ്യമായ മിഷ്യൻ പള്ളിയിൽ തിരുക്കുടുംബ പ്രതിഷ്ഠ അലങ്കരിക്കുന്നതിനു തന്റെ ഏക സ്വന്തമായിരുന്ന മന്ത്രകോടി വിനിയോഗിച്ചതിനാൽ തന്റെ കുടുംബജീവിതസൌഭാഗ്യം വീണ്ടുകിട്ടിയെന്നു സന്തോഷാശ്രുക്കൾ വർഷിച്ചുകൊണ്ട് ആ സ്വാദ്ധ്വി ഉദീരണം ചെയ്തു.

ഡാക്ടർ മേനോന്റെ സ്വാധീനശക്തി മൂലം ഡാക്ടർ ജോർജ്ജിനു് കേരളമെഡിക്കൽ വകുപ്പിൽ തക്കതായ ഒരു ഉദ്യോഗം കിട്ടിയതും ജമ്മുകാഷ്മീർ സംസ്ഥാനത്തെ ഒരു കുബേരബ്രാഹ്മണന്റെ വിൽപ്പത്രപ്രകാരം ഉർസൂലാമ്മയ്ക്കു ഒരു വൻപിച്ച ബാങ്കുനിക്ഷേപം ലഭിച്ചതും അനന്തരസംഭവങ്ങളത്രെ.

നുത്തേയും പരാമർശിച്ചുകൊണ്ടാണ് തിരുമേനി പ്രസംഗം ആരംഭിച്ചത്. കാലം ചെയ്ത അഭിവന്ദ്യപിതാവ് മാർ ഇവാനിയോസ് തിരുമേനിയേയും ഇപ്പോഴത്തെ ആർച്ചുബിഷപ്പ് തിരുമേനിയേയും, ജറുസലേം ദൈവാലയം പണിയുന്നവിനാരംഭം ഇട്ട ദാവീദിനോടും അതു പൂർത്തിയാക്കിയ ശലോമോനോടും ഉപമിച്ചുകൊണ്ട് ഈ ദൈവാലയ നിർമ്മാണത്തെപ്പററി തിരുമേനി അഭിനന്ദിച്ചു സംസാരിച്ചു. കാലം ചെയ്ത എറണാകുളം ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമേനിയും മാർ ഇവാനിയോസ് തിരുമേനിയും ഐക്യത്തിലും ഏക ആത്മാവിലും വ്യാപരിച്ചിരുന്നുവെന്നും അതുപോലെ ഇപ്പോഴത്തെ തിരുമേനിമാരും, രണ്ടു റീത്തുകളും ഐക്യത്തോടും ഏക ആത്മാവിലും സൗഹാർദ്ദമായി കഴിയുന്ന വസ്തുതയും തിരുമേനി പ്രസംഗത്തിൽ പ്രത്യേകം അനുസ്മരിക്കുകയുണ്ടായി. ഒരു ദൈവാലയത്തിനുവേണ്ടി നാം എന്തെല്ലാം ചെയ്താലും അതു് അധികമാവുകയില്ലന്നും അതു കർത്താവിൻെറ ഭവനമാണെന്നും ദൈവത്തെ നാം സത്യത്തിൽ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു. മഹത്തായ പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രണേതാവായ അഭിവന്ദ്യ മാർ ഇവാനിയോസ് തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങളിന്മേൽ പണിയപ്പെട്ടിരിക്കുന്ന ഈ ദൈവാലയത്തിൻെറ പ്രതിഷ്ഠാകർമ്മം സുറിയാനിസഭാചരിത്രത്തിൽ സുവർണ്ണലിപികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടതായി പ്രഖ്യാപിച്ചുകൊണ്ട് തിരുമേനി പ്രസംഗം അവസാനിപ്പിച്ചു.

"കർത്താവിൻെറ ഭവനത്തിലേക്കു നമുക്കു പോകാം എന്നു് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" എന്ന സങ്കീർത്തന വാചകം ഉദ്ധരിച്ചുകൊണ്ടും ദൈവാലയത്തിൻെറ നിർമ്മാണത്തിൽ സഹായിച്ചിട്ടുള്ള എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടും ബ. സി. എ. എബ്രാഹാം അച്ചൻ കൃതജ്ഞതാ മദ്ധ്യേ പ്രസംഗിച്ചു.

ഈ ശുശ്രൂഷയിലുണ്ടായിരുന്ന പ്രത്യേകത പഴയനിയമത്തിൽ നിന്നുമുള്ള വായനകൾ വിവിധ ഇടവകകളിൽ നിന്നും വന്ന അത്മായ പ്രതിനിധികൾ വായിച്ചുവെന്നുള്ളതാണ്. ശുശ്രൂഷയുടെശേഷം രാത്രി മുഴുവനും ജാഗരണ പ്രാർത്ഥന പള്ളിക്കകത്തുവച്ചു നടത്തുകയുണ്ടായി.

## രണ്ടാം ദിവസം തിങ്കൾ

അന്നു രാവിലെ വിവിധങ്ങളായ സമ്മേളനങ്ങൾ നടത്തപ്പെട്ടു. വൈദികരുടെ സമ്മേളനത്തിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനി, റവ. ഫാ. ബീഡ് ഗ്രിഫിത്ത്, കർമ്മലീത്താ പ്രയർ ജനറൽ വെരി റവ. ഫാ. മാവുരൂസ് എന്നിവർ നേതൃത്വം നൽകി. കന്യാസ്ത്രീകൾക്കായുള്ള സമ്മേളനത്തിൽ അഭിവന്ദ്യ തിരുവല്ലാ മെത്രാൻ മാർ അത്താനാസിയോസ് തിരുമേനി, റവ. ഫാ. സാലസ് സി. എം ഐ, റവ. ഫാ. ലോറൻസ്, റവ. ഫാ. ഗീവറുഗീസ് പണിക്കർ എന്നിവരും നേതൃത്വം നൽകി. അത്മായ പ്രതിനിധി സമ്മേളനത്തിൽ മോൺസിഞ്ഞോർ പീലിപ്പോസ് റമ്പാൻ, റവ ഫാ. തോമസ് ഇഞ്ചക്കലോടി എന്നിവരും അത്മായ പ്രതിനിധികളും നേതൃത്വം നൽകി.

## പൊതുസമ്മേളനം

ഉച്ച കഴിഞ്ഞു സെൻറ് മേരീസ് സ്കൂൾ ഓഡിറേറാറിയത്തിൽ വച്ച് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനി അദ്ധ്യക്ഷതവഹിക്കുകയും ചങ്ങനാശ്ശേരി അതിരൂപതാവികാരി ജനറൽ മോൺ. എൽ. ജെ. ചിറവൂർ, ഷെവ. ജോർജ്ജ് വറുഗീസ് കണ്ണന്താനം എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

ക്രിസ്തീയ സഭ ദൈവത്തിൻെറ സ്നേഹത്താൽ ഭരിക്കപ്പെടുന്ന ഒരു കുടുംബമാണെന്നും, അതു ദൈവത്തിൻെറ ജനമാണെന്നുമുള്ള ആശയത്തെ പുരസ്കരിച്ചുള്ളതായിരുന്നു അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷപ്രസംഗം. 'സഭ ദൈവത്തിൻെറ ജനം' എന്ന ആശയത്തെ ദൈവശാസ്ത്രപരമായി വിശകലനം ചെയ്തുകൊണ്ടുള്ള ഒന്നായിരുന്നു മോൺ. എൽ. ജെ. ചിറവൂർ ചെയ്ത പ്രസംഗം. സഭ അത്മായരുടെ വീക്ഷണത്തിൽ എപ്രകാരം ദൈവത്തിൻെറ ജനമാകുന്നുവെന്

ളളതിനെപ്പററി ഷെവ. ജോർജ്ജ് വറുഗീസ് പ്രസംഗിച്ചു. ഇത്രനാളും കേരളത്തിലെ കത്തോലിക്കാ സമുദായത്തിനു പററിയ പോരായ്മ അതു അത്മായനേതൃത്വത്തെ വിലമതിച്ചിരുന്നില്ല എന്നുള്ളതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## അഭിവന്ദ്യ തിരുമേനിമാർക്കു സ്വീകരണവും ദൈവാലയ കൂദാശയും

ഇരുനൂറോളം വൈദികരും വളരെയധികം കന്യാസ്ത്രീകളും ഇടവക പ്രതിനിധികളും ഗായകഗണവും ചേർന്നാണ് ദൈവാലയക്കൂദാശയിൽ സംബന്ധിക്കുവാനായി എത്തിയ തിരുമേനിമാരേയും വൈദികശ്രേഷ്ഠന്മാരേയും അതിമെത്രാസന അരമനയിൽനിന്നും ഭദ്രാസന ദൈവാലയത്തിലേക്ക് ആനയിച്ചതു്. ദൈവാലയ പരിസരവും ഒരു വലിയ ജനസമൂഹത്താൽ നിബിഡമായിരുന്നു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് ഡോ. മാത്യു കാവുകാട്ട്, പാലാ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വയലിൽ, കൊല്ലം ബിഷപ്പ് ഡോ ജെറോം ഫർണാണ്ടസ്, തിരുവല്ലാ മെത്രാൻ മാർ അത്തനാസിയോസ്, തൂത്തുക്കുടി ബിഷപ്പ് ഡോ. തോമസ് ഫെർണാണ്ടോ, തലശ്ശേരി ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി എന്നീ തിരുമേനിമാരും, ഡൽഹിയിൽ പേപ്പൽ ഇൻറർനൺഷ്യോയുടെ പ്രതിനിധി, ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറൽ മോൺ. എൽ. ജെ. ചിറവൂർ, മോൺ. കാളാശ്ശേരി, മോൺ. വെള്ളരിങ്ങാട്ട് വെരി. റവ. ഷെവ സി. കെ. മററം, ആലുവാ സിമ്മനാരി റക്ടർ വെരി റവ ഫാ. മൈക്കിൾ ആഞ്ചേലോ, കോട്ടയം സെമ്മനാരി റക്ടർ വെരി റവ. ഫാ. കര്യൻ വഞ്ചിപ്പുര, കർമ്മലീത്താ പ്രയർ ജനറൽ മുതലായ വളരെ അധികം വൈദികശ്രേഷ്ഠന്മാരും പ്രതിഷ്ഠാശുശ്രൂഷാ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

ശുശ്രൂഷകൾക്കു മുമ്പായി തലശ്ശേരി മെത്രാൻ അഭിവന്ദ്യ വള്ളോപ്പള്ളി തിരുമേനി ചെയ്ത പ്രസംഗത്തിൽ പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയും ഭദ്രാസന ദൈവാലയത്തിൻെറ മഹിമയും ആവശ്യകതയും പ്രതിപാദിച്ചതു കൂടാതെ ഈ ദൈവാലയം പ്രാർത്ഥനാലയമാണെന്നും ഇനിയും ഇവിടെ മേലിൽ നടക്കുന്ന എല്ലാ ചടങ്ങുകളിലും ദിവസേനയുള്ള കുർബാനകളിലും കഴിവുള്ള എല്ലാവരും വന്നു സംബന്ധിക്കണമെന്നും ഉത്ബോധിപ്പിച്ചു.

പരിശുദ്ധ കന്യാസ്ത്രീമറിയത്തിൻെറ നാമത്തിലുള്ള ഭദ്രാസനദൈവാലയം, വിശുദ്ധത്രിത്വത്തിൻെറ നാമത്തിൽ വിശുദ്ധ മൂറോൻ പൂശി ദൈവത്തിൻെറ ആലയമായി പ്രതിഷ്ഠിക്കുന്ന ദിവ്യശുശ്രൂഷ ഒട്ടത്തതായി നടന്നു. ആദ്യം മദ്ബഹായും അൾത്താരയും തുടർന്നു ദൈവാലയത്തിൻെറ ഇതര ഭാഗങ്ങളും അഭിഷേകം ചെയ്യപ്പെട്ടു. പിന്നീടു വിശുദ്ധ കുർബാനയും അർപ്പിക്കപ്പെട്ടു. തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൽ മോൺ. സി. റി. കരുവിള, തിരുവല്ലാ രൂപതയുടെ വികാരി ജനറൽ മോൺ. മാത്യു നെടുങ്ങാട്ട് എന്നിവരായിരുന്നു ഈ ചടങ്ങുകളിൽ സഹകാർമ്മികരായിരുന്നതു്. വിശുദ്ധ കുർബാനയ്ക്കുശേഷം സ്നേഹവിരുന്ന്, കലാപരിപാടികൾ കരിമരുന്നു പ്രയോഗം എന്നിവയും ഉണ്ടായിരുന്നു.

## മൂന്നാം ദിവസം ചൊവ്വാ (ഫെബ്രുവരി 23)

പുതുതായി അഭിഷേകം ചെയ്യപ്പെട്ട ഭദ്രാസന ദൈവാലയത്തിൽ ദൈവാലയ നിർമ്മാണത്തിനുവേണ്ടി സഹായിച്ചവരെ സ്മരിച്ചുകൊണ്ട് രാവിലെ വിശുദ്ധ കുർബാന, സീറോ മലബാർ റീത്തിൽ മലയാളത്തിൽ അഭിവന്ദ്യ തലശ്ശേരി മെത്രാൻ വള്ളോപ്പള്ളി തിരുമേനി അർപ്പിച്ചു. വളരെ ആളുകൾ ഈ ദിവ്യ ബലിയിൽ സംബന്ധിച്ചിരുന്നു.

## പൗരസ്വീകരണം

വൈകിട്ട് ആറുമണിക്ക് ഭദ്രാസന ദൈവാലയാങ്കണത്തിൽ നടത്തപ്പെട്ട ഗാർഡൻ പാർട്ടിയിൽ കേരളത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നായി നാനാജാതിമതസ്ഥരായ അഞ്ഞൂറോളം പ്രമുഖവ്യക്തികൾ സംബന്ധിച്ചു. ഈ അവസരത്തിൽ മഹാത്മാഗാന്ധി കോളജ് പ്രിൻസിപ്പൽ ശ്രീ എം. പി. മന്മഥൻ ചെയ്ത പ്രസംഗത്തിൽ, ഇപ്രകാരമുള്ള മഹത്തായ കൂടിക്കാഴ്

യും വിവിധ മതങ്ങൾ തമ്മിൽ അടുക്കുന്നതിനും അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമേനി നൽകുന്ന നേതൃത്വത്തെ പ്രകീർത്തിച്ചു സംസാരിച്ചു. ഇപ്രകാരം വിഭാഗീയ ചിന്തകൾ വിട്ട് കേരളത്തിലെ ജനങ്ങൾ അടുക്കുന്നതായാൽ ഈ നാട്ടിലെ ഏതൊരു പ്രശ്നത്തിനും പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

അതിനുശേഷം അഭിവന്ദ്യതിരുമേനി ചെയ്ത കൃതജ്ഞതാ പ്രസംഗത്തിൽ ഇൻഡ്യൻ ജനതയുടെ മഹത്തായ ഈശ്വരവിശ്വാസത്തിൻെറ പ്രതീകങ്ങളാണ് നാം കന്യാകുമാരിമുതൽ എവറസ്റ്റുവരെയും വീക്ഷിക്കുന്ന മതപരമായ സ്ഥാപനങ്ങൾ എന്നു പ്രഖ്യാപിച്ചു. ഈ ദൈവാലയത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിഭാഗീയചിന്തയ്ക്കും സ്ഥാനം ഉണ്ടായിരിക്കുകയില്ലെന്നും ഇതു് ഇൻഡ്യയുടെ മഹത്തായ സംസ്കാരത്തിനു ചേർന്നതായിരിക്കുവാൻ ഇതിൻെറ നിർമ്മാണത്തിൽ ശ്രദ്ധിച്ചിട്ടുണ്ടെന്നും തിരുമേനി പറയുകയുണ്ടായി. ഈ ദൈവാലയത്തിനു രൂപം നൽകിയ ശ്രീ റോബർട്ട് ഫെർണാൻഡോയ്ക്കു് ഒരു സമ്മാനം ഈ അവസരത്തിൽ നൽകപ്പെട്ടു. കൂടാതെ ദൈവാലയത്തിലെ ചിത്രങ്ങൾ ആലേഖനം ചെയ്തതു് ഒരു ഫ്രഞ്ചുവനിതയും നമ്മുടെ നാട്ടുകാരി ഒരു ബ്രാഹ്മണയുവതിയും കൂടിയാണെന്നും തിരുമേനി കൃതജ്ഞതാപുരസരം അനുസ്മരിച്ചു. അതിനുശേഷം സെൻറ് മേരീസ് സ്കൂൾ ഓഡിറേറാറിയത്തിൽ വച്ചു നടത്തപ്പെട്ട കലാപരിപാടികൾ തികച്ചും ഭാരതീയമായ കലാരൂപങ്ങളോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് പ്രേരണയും നേതൃത്വവും നൽകുന്ന വിധത്തിലുള്ളവയായിരുന്നു. ശ്രീ ചേർത്തല ആർ. ഗോപാലൻനായരുടെ നേതൃത്വത്തിൽ കർണ്ണാടക സംഗീത സമ്പ്രദായത്തിലുള്ള ക്രൈസ്തവ ഭക്തഗാനങ്ങളുടെ ആലാപനവും, വിശ്വവിഖ്യാതനായ കേരളീയകലാകാരൻ ഗുരുഗോപിനാഥ് അവതരിപ്പിച്ച 'യേശുനാഥചരിതം ബാലേ'യിലെ ഭാഗങ്ങളും ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

ചുരുക്കിപ്പറയാം, ഭദ്രാസന ദൈവാലയ പ്രതിഷ്ഠയും തത്സംബന്ധമായി നടന്ന ചടങ്ങുകളും സഭ ദൈവത്തിൻെറ ജനമാണെന്നുള്ള അനവദ്യസുന്ദരമായ ആശയം അവയിൽ സംബന്ധിച്ചവരിൽ രൂഢമൂലമാക്കുകയും ഭക്തിചിന്തകൾ ഉതിരുന്ന ആന്തരികമായ ഒരു മണ്ഡലത്തിലേക്കു് ആളുകളെ നയിക്കുകയും ചെയ്തു.

ഈ ചടങ്ങുകൾ ഇത്രമാത്രം വിജയകരമാക്കിത്തീർത്ത ഏവരും പ്രത്യേകിച്ചും റൈറവ്. റവ. മോൺ. സി. ററി. കുരുവിളയും അഭിനന്ദനാദരങ്ങളർഹിക്കുന്നുണ്ടു്.


## For favours recieved



Inserted by

Joseph,
Anniyil House,
Charummoodu.

'ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ'

# തിരുവനന്തപുരം സെൻറ് മേരീസ് ഭദ്രാസനപ്പള്ളിയിലെ ചുവർചിത്രങ്ങൾ

[കെ. പി. പത്മനാഭൻ തമ്പി]

കേരളത്തിൽ അങ്ങോളമിങ്ങോളം തലയുയർത്തി നിലകൊള്ളുന്ന പഴക്കവും പ്രശസ്തിയും ഉള്ള ക്രൈസ്തവദൈവാലയങ്ങളിൽനിന്ന് ബാഹ്യരൂപത്തിലും, ആന്തരസംവിധാനത്തിലും, അതീവ ശ്രദ്ധേയമായ ഒരു നവീനത്വം പുലർത്തുന്ന ഒരു പുതിയ ഭദ്രാസനപ്പള്ളി തിരുവനന്തപുരം നഗരത്തിലെ നിമ്നോന്നതമായ പട്ടം പ്രദേശത്ത് അടുത്തകാലത്ത് പണിപൂർത്തിയാക്കി അവിടെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചത് ഇക്കഴിഞ്ഞ ഫെബ്രുവരിമാസത്തിലാണ്. അഞ്ചുലക്ഷത്തിൽപരം രൂപ ചിലവഴിച്ച്, പതിനഞ്ചുവർഷംകൊണ്ട് പണികഴിപ്പിച്ച, തിരുവനന്തപുരം സെൻറ് മേരീസ് പള്ളി ഒന്നിലധികം സുപ്രധാന കാരണങ്ങളാൽ ശ്രേഷ്ഠമത്രേ.

അഭിവന്ദ്യനും, പ്രാതസ്മരണീയനും, ആയ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് എന്ന പ്രഗത്ഭനായ മതാദ്ധ്യക്ഷൻെറ ആശയാഭിലാഷങ്ങൾ നടപ്പിൽവരുത്തുവാൻ ബദ്ധശ്രദ്ധനായി വർത്തിക്കുന്ന അവിടത്തെ പിൻഗാമിയും, ക്രൈസ്തവർക്കും, അക്രൈസ്തവർക്കും ഒന്നുപോലെ പ്രിയംകരനും, മാനനീയനും, ആയ ഇപ്പോഴത്തെ ആർച്ച്ബിഷോപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അശ്രാന്തപരിശ്രമത്തിൻെറയും വിശാലവീക്ഷണത്തിൻെറയും വിജയവൈജയന്തിയായി നിലകൊള്ളുന്ന ഈ പുതിയ ഭദ്രാസന ദൈവാലയം വാസ്തുശില്പകലയുടെയും, ചിത്രകലയുടെയും, പുരോഗമനപരമായ ഉത്തമനിദർശനവും ആണ്. സംസ്കാരസമ്പന്നനും, ഉന്നത ബിരുദധാരിയും, ലോകത്തിലെ പ്രമുഖ മതകേന്ദ്രങ്ങൾ സന്ദർശിച്ച ധിഷണാശാലിയും ആയ ഈ അഭിവന്ദ്യ മതാദ്ധ്യക്ഷൻെറ ധീരവും, സ്വതന്ത്രവും, എന്നാൽ ബൈബിളിലെ ആത്മീയസത്താപ്രഭാവത്തെ തികച്ചും മാനിച്ചും, ഉള്ള കലാബോധത്തിൻെറ ദർപ്പണമാണ് ഈ പള്ളിയെ ഔചിത്യപൂർവ്വം അലങ്കരിക്കുന്ന അത്യുദാത്തമായ ചുവർചിത്രങ്ങൾ

യൂറോപ്പിലെ ക്രൈസ്തവ ദൈവാലയങ്ങളിലുള്ള ചുവർചിത്രങ്ങൾ മിക്കവാറും വസ്തുനിഷ്ഠമായ, യഥാർത്ഥമായ, കലാശൈലിയെ അവലംബിച്ച്, സാധാരണക്കാരനെയും ഹഠാദ് ആകർഷിക്കത്തക്ക വിധത്തിൽ, ഉപദേശപരമായി രചിച്ചിട്ടുള്ളവയാണ്, പ്രത്യേകിച്ചും രൂപങ്ങളുടെ ചിത്രണത്തിൽ, ഭാവരസങ്ങളുടെ പ്രതിപാദനത്തിൽ കേരളത്തിലെ മിക്ക പള്ളികളിലേയും ഭിത്തികളെ പ്രകാശമാനമാക്കുന്ന സമ്പൂർണ്ണമായും മതപരമായ ചിത്രങ്ങൾ പോർട്ടുഗൽ, ഇററലി, ബൽഗേറിയ, റുമേനിയാ, പണ്ടത്തെ റഷ്യ മുതലായ പാശ്ചാത്യരാജ്യങ്ങളിലെ പള്ളികളിലെ ചുവർചിത്രങ്ങളെ ഭാവ, രൂപ, രസാവിഷ്കരണത്തിൽ അനുസ്മരിപ്പിക്കുന്നവയാണ്. ഭാവന, രചന, ഘടന, പ്രമേയത്തോടുള്ള സമീപനം, എന്നിവയിലെല്ലാം തികച്ചും നവീനവും, ചിന്താനിർഭരവും, ഹൃദ്യവും, ആയ ഒരു വ്യതിയാനം സെൻറ് മേരീസ് പള്ളിയിലെ ചുവർചിത്രങ്ങളിൽ പ്രേക്ഷകൻ വിസ്മയാധീനനായി വീക്ഷിക്കുന്നു. കാലാനുകൂലവും, കലാസുന്ദരവും ആയ പരിവർത്തനങ്ങൾ, സമകാലിക ചിന്താപ്രവണതകൾ, പാശ്ചാത്യദേശങ്ങളിലെ പുതിയ ദൈവാലയങ്ങളുടെ നിർമ്മിതിയിൽ സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗ്രഹിക്കാൻ കഴിയാത്തവർക്ക് ഈ ഭദ്രാസനപ്പള്ളിയിലെ ചുവർചിത്രങ്ങളുടെ ലാളിത്യവും, ഓജസ്സും, നാടകീയതയുടെ അഭാവവും, വർണ്ണപ്രകർഷത്തിൻെറ പരിമിതിയും, പ്രാപഞ്ചിക സൗന്ദര്യാവിഷ്കരണത്തിൻെറ വിരളതയും, വരയുടെയും, വർണ്ണത്തിൻെറയും നിയന്ത്രണവും, അരോചകമായേക്കാൻ ഇടയുണ്ട്. ഫ്രാൻസിലെ സുപ്രസിദ്ധമായ Vence Chapel-ലെ അലങ്കാരങ്ങൾ, വൈദികർ അണിയുന്ന വസ്ത്രങ്ങൾ,

പൂജാപാത്രങ്ങൾ, എന്നിവ യശഃപ്രഭാവനായ ഹെൻറി മാററിസ്സി (Henri Matisse) എന്ന ചിത്രകാരൻെറ അതുല്യകലാസൃഷ്ടികളാണ്. 1950-ൽ ആണ് ആ കലാഗോപുരത്തിന് ഇദ്ദേഹം രൂപം നൽകിയത്. Andre Diesnis ആന്ദ്രേ ഡീസ്നി എന്ന ഫ്രഞ്ചുകാരി പ്രഗത്ഭയായ ഒരു ശില്പിയാണ്. ഇവരുടെ അസമാനമായ കലാസിദ്ധികൾ ആദ്യമായി കണ്ടറിഞ്ഞ ഹെൻറി മാററിസ്സി തൻെറ സ്വന്തം കലാശേഖരത്തിലേക്ക് ആന്ദ്രേഡീസ്നിയുടെ പ്രതിമാശില്പങ്ങൾ മുതൽക്കൂട്ടാക്കി. ആധുനാതനവാസ്തുശില്പ ചിത്രകലകളുടെ ഒരു സങ്കേതമാണ് 1956-ൽ പണി പൂർത്തിയാക്കിയ Troynes ലെ Church of St. Agnes at Fontaine-Les-Gres. ഈ പള്ളിയിലെ പ്രതിമാശില്പങ്ങളെല്ലാം Andre Diesnis ൻെറ ഭാവനാസൃഷ്ടികളത്രെ. ഫ്രാൻസ്, ക്യാനഡാ, അമേരിക്കാ, എന്നീ രാജ്യങ്ങളിൽ അടുത്തകാലത്തു നിർമ്മിച്ച പല പള്ളികളിലും ഈ മഹതിയുടെ പ്രതിമാശില്പങ്ങൾ ഉണ്ട്. ക്രിസ്തുദേവൻെറ ക്രൂശാരോഹണത്തെ വിഷയമാക്കി ഈ പ്രതിമാശില്പി പിത്തളയിൽ നിർമ്മിച്ച ഒരു കൃതി അതുല്യകലാകാരനായ Pablo Picasso (പാബ്ലോ പിക്കാസ്സോ)യുടെ അഭിനന്ദനം നേടി. ജറുസലത്തിലെ ഹീബ്രൂ സർവ്വകലാശാലയിലെ പള്ളിയെ പ്രകാശമാനമാക്കുന്ന പന്ത്രണ്ട് കണ്ണാടിജനലുകൾ (Stained Glass Windows) ക്കുള്ള വർണ്ണശബളമായ ചിത്രങ്ങൾ രചിച്ചതു് വിശ്വോത്തര യശസ്സ് ആർജ്ജിച്ച മാർക്ക് ചഗാൽ (Marc Chagall) ആണ്. പ്രതിരൂപാത്മക പ്രധാനമായ ആവിഷ്ക്കരണമാണ് ഇവ. ചിത്രകാരന് 74 വയസ്സ് ഉള്ളപ്പോഴാണ്, 1963-ൽ, ആ മഹാപ്രാജ്ഞൻ ഈ യത്നത്തിൽ വ്യാപൃതനായി വിജയം നേടിയതു്. "പ്രാചീനവും, ശ്രേഷ്ഠവും, ആയ മതവും പരിത്രവും, അധുനാതനകാലത്തെ ചിത്രരചനാ വൈഭവവും, ഈ കലാസൃഷ്ടികളിൽ അത്യുദാത്തമായി സമ്മേളിക്കുന്നു. സംസ്കാരികമായി അതീവ പ്രാധാന്യം ഉള്ള ഒരു സംഭവം ആണിതു്"— എന്നത്രെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺ കെന്നഡി ഈ കലാസൃഷ്ടികളെ പററി പ്രസ്താവിച്ചതു്. യുക്തിനിഷ്ഠവും, സത്യസന്ധവും, ആയ ഈ വിചിന്തനം സെൻറ് മേരീസ് ഭദ്രാസനപ്പള്ളിയിലെ ചുവർചിത്രങ്ങൾക്കും തികച്ചും അനുയോജ്യമത്രെ.

ശതാബ്ദത്തിലൂടെ മതം കവച്ച് നൽകിക്കൊണ്ടിരിക്കുന്ന വിശുദ്ധവും, അഭംഗുരവും, വിശിഷ്ടവുമായ പ്രഭാവം മൗലികമായ സർഗ്ഗശക്തിയാൽ അനുഗൃഹീതയായ, മതഭക്തയായ, സംസ്കാരസമ്പന്നയായ, ഭാരതത്തെ സ്നേഹിക്കുന്ന, ഒരു കലോപാസകയുടെ പ്രതിഭയുടെ സ്വച്ഛന്ദപ്രകാശനത്തിന് എത്ര ഉദാത്തമായി സാധകവും, ബാധകവുമായി ഭവിക്കുന്നു എന്നതിന് തെളിവാണ്, ഈ ചുവർചിത്രങ്ങൾ, മിസ്സ് മരി ബറാംഷെ (Miss Marie Baranger) എന്ന ഒരു ഫ്രഞ്ച് കലാകാരിയുടെ രണ്ട് വർഷത്തെ പഠനത്തിൻെറയും, മൂന്നു മാസത്തെ പ്രവർത്തനത്തിൻെറയും, പരിണതഫലമാണ്, സെൻറ് മേരീസ് പള്ളിയിലെ മദ്ബഹായുടെ ചുവരുകൾ, മേൽത്തട്ട്, എന്നിവയെ ഭക്ത്യുദ്ദ്യോതകമായ രീതിയിൽ അലങ്കരിക്കുന്ന ശാലീനസുന്ദരമായ അർത്ഥവത്തായ, സൌന്ദര്യവിജ്ഞാനീയമായ, ചിത്രങ്ങൾ 1962-ൽ പൂർത്തിയാക്കപ്പെട്ട ഈ ഭിത്തിച്ചിത്രങ്ങൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽനിന്നും സംഭരിച്ച മണ്ണിൽനിന്നും തയ്യാറാക്കപ്പെട്ട വർണ്ണങ്ങൾ ഉപയോഗിച്ചാണ് പ്രധാനമായും, രചിച്ചിട്ടുള്ളതു്. അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ, അനപേക്ഷണീയമായി തീർന്നപ്പോൾ, അവശ്യമായ വർണ്ണവിന്യാസനിർവഹണത്തിനുവേണ്ടി, ഈ കലാകാരി മററു ചായങ്ങൾ പ്രയോഗിച്ചിട്ടുള്ളു. കേരളത്തിലെ മണ്ണിൻെറ മണവും, ഗുണവും, ഉൾക്കൊള്ളുന്നവയാണ് ഈ ചുവർചിത്രങ്ങൾ. ആഗോളപ്രശസ്തിനേടിയ അമേരിക്കൻ ചിത്രകാരൻ വില്യം താൺ (William Thon) ഇപ്രകാരം അഭിപ്രായപ്പെടുന്നു: "എൻെറ ചിത്രങ്ങളുടെ രചനയ്ക്കായി ഞാൻ ധാരാളമായി നിറമുള്ള മണ്ണ് എണ്ണയിൽ കുഴച്ച് ഉപയോഗിക്കുന്നുണ്ട്. ലോകത്തിൻെറ ഏതുഭാഗത്തും വസിക്കുന്ന ചിത്രകാരനായാലും അയാൾ അവിടത്തെ മണ്ണ് ചിത്രരചനയ്ക്കായി ഉപയോഗിക്കണമെ

നാണ്" എന്റെ നിർദ്ദേശം. മണ്ണിന്റെ നിറം മങ്ങുകയില്ല". ജപ്പാൻ, കൊറിയാ, ഫ്രാൻസ്, എന്നീ രാജ്യങ്ങളിലെ ചില പുതിയ പള്ളികളിലെ ചുവർചിത്രങ്ങൾ ആലേഖനം ചെയ്ത പ്രതിഭാശാലിയായ മരി ബറാംഗ്ഷേ അതതു ദേശത്തെ മത, സാംസ്കാരിക, പ്രത്യേകതകളെ തന്റെ കലാസൃഷ്ടികളിൽ കലാസുന്ദരമായി ആവിഷ്കരിക്കുന്നതിൽ ഹൃദ്യമായ ആവേശവും, പാടവവും, പ്രദർശിപ്പിച്ചിട്ടുണ്ട്. ചുവരിന് നനവുള്ളപ്പോൾ തന്നെ അവയിൽ ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടു. പാശ്ചാത്യകലാസങ്കേതങ്ങളിലെ ശൈലികളെ അവലംബിക്കാതെ, ഭാരതീയ ചുവർചിത്രരചനാ സമ്പ്രദായത്തെ പിന്തുടർന്നാണ്, മരീ ബറാംഗ്ഷേ എത്രയും പരിമിതങ്ങളായ, വർണ്ണശബളമല്ലാത്ത, ചായങ്ങൾ ഉപയോഗിച്ച് അന്തർമുഖത്വപ്രധാനമായ ഈ ചിത്രങ്ങൾ അസാമാന്യ സാങ്കേതിക വൈഭവത്തോടെ രചിച്ചിട്ടുള്ളത്.

വിശാലമായ പള്ളിക്കകത്ത് ഭക്തിപാരമ്യത്തോടെ പ്രവേശിക്കുമ്പോൾ, മദ്ബഹായെ സമീപിക്കുമ്പോൾ, ആദ്യമായി മുകളിൽ കാണുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ ഭാവനാനിർഭരമായ, പ്രതിരൂപാത്മകപ്രധാനമായ, ഒരു പ്രതിപാദനമാണ്. പിതാവായ ദൈവത്തിന്റെ പ്രതീകമായ കൈ, മനുഷ്യരെ വിധികല്പിക്കുന്ന പുത്രനായ യേശുമിശിഹായുടെ പ്രശാന്തസുന്ദരമായ അർദ്ധകായരൂപം, നിവേശകനായ പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രകാശരശ്മികൾ, എന്നിവയുടെ ഒരു ആവിഷ്കരണമത്രേ. ചിത്രകലയിലെ ഘടനാപരമായ പാടവത്തിന്റെ ഒരു നിദർശനമത്രേ ഈ സംവിധാനം. അൾത്താരയിലേക്ക് പ്രവേശിക്കുമ്പോൾ ഇരുവശത്തും കാണുന്നത് സുഗന്ധധൂപയഷ്ടികൾ വഹിക്കുന്ന രണ്ട് മാലാഖമാരുടെ ശാന്തസുന്ദരമായ രൂപങ്ങളാണ്. സ്വർഗ്ഗത്തിലേക്ക്, മന്ദം മന്ദം, ധൂമം ഉയരുന്നു. വിശുദ്ധവും, വിശിഷ്ടവും, ആയ ഒരു മഹൽസന്നിധാനത്തിന്റെ പ്രതിഭാസം ഹൃദയാവർജ്ജകമായി ഈ ചിത്രങ്ങളിലൂടെ കലാകാരി സൃഷ്ടിച്ചിരിക്കുകയാണ്. പ്രവേശനദ്വാരത്തിൽ നാം ദർശിക്കുന്നത്



വി. ത്രീത്വം




മാലാഖമാർ



മാർ ബേസ്സലിയോസും
മാർ ഈവാനിയോസും

അതിമനോജ്ഞമായ മാരിവില്ലിന്റെ ചിത്രണമാണ്. മദ്ബഹായുടെ അകവശത്തെ ചുവരുകളിൽ ഉള്ള മൂലകളിൽ ഓരോന്നിലും ഓരോ ചിത്രം വരച്ചിട്ടുണ്ട്. അവയിൽ ഇടതുവശം കാണുന്നതു് മാർ ബാസിലോസ്, മാർ ഇവാനിയോസ്, എന്നീ തിരുമേനിമാരുടെ രൂപങ്ങളാണ്, അവർ അണിഞ്ഞുപോന്ന വേഷവിധാനത്തോടെ. വലത്തുവശത്ത് മാർ ഗ്രിഗോറിയോസ്, മാർ അപ്രേം, എന്നിവരുടെ രൂപങ്ങളും, അനുയോജ്യമായ വേഷവിധാനത്തോടെ കാണാം. ഈ പള്ളിയുടെ നിർമ്മിതിയിൽ സുസ്മരണീയമായ പങ്ക് വഹിച്ച മതാദ്ധ്യക്ഷന്മാരുടെ ഛായാചിത്രാലേഖനം ചരിത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. മദ്ബഹായുടെ വടക്കുവശത്തുള്ള ഭിത്തിയിൽ കുരിശിൽ തൂങ്ങികിടക്കുന്ന ക്രിസ്തുദേവന്റെ—തീവ്രവേദന അനുഭവിക്കുന്ന ഭഗവാന്റേതല്ല—മരണത്തെ ജയിച്ച് കുരിശിൽ കിടന്നുംകൊണ്ട് ലോകം മുഴുവനും ഭരിക്കുന്ന വിശ്വജേതാവിന്റെ—വികാരസാന്ദ്രമായ ഒരു ആലേഖനമാണ്. രണ്ടു് ത്രികോണങ്ങളുടെ ഉള്ളിലാണ് ഈ ചിത്രം ഒതുക്കിവച്ചിട്ടുള്ളതു് അൾത്താരയിലെ തെക്കുവശത്തുള്ള ചുവരിൽ യേശുമിശിഹാ, പരിശുദ്ധ കന്യകാമറിയം, ജോസഫ്, എന്നാ



[ക്രൂശിതനായ ക്രിസ്തു (വടക്കുഭാഗത്തെ ചാപ്പൽ)]

തിരുക്കുടുംബത്തിന്റെ ഒരു ചിത്രം ദർശിക്കാം. നീതിമാനായ, മനുഷ്യസ്നേഹിയായ, അദ്ധ്വാനിയായ, ജോസഫ്, കന്യകാമറിയത്തെയും ഉണ്ണിമിശിഹായെയും വാത്സല്യപുരസ്സരം സംരക്ഷിക്കുന്ന ഭാവരൂപങ്ങളിലാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. വിനീതവിധേയനായ ഒരു സാധു മരപ്പണിക്കാരനാണ് ജോസഫ് എന്ന് സൂചിപ്പിക്കുന്നതിനായി അദ്ദേഹത്തിന്റെ ഇടത്തുകരത്തിൽ ഒരു തടിക്കഷണം പിടിച്ചിരിക്കുന്നു. ചുവട്ടിൽ ഒരു കൊച്ചുവാളും, ഒരു ഉളിയും കാണാം. വലത്തുകൈ സംരക്ഷകഭാവത്തിൽ ഉയർത്തിയിട്ടുണ്ട്. സ്നേഹം, പരിശുദ്ധി, മാതൃവാത്സല്യം, എന്നിവയുടെ നിദർശനമാണ് പരിശുദ്ധ മറിയയുടെ വദനം. കോമളനായ ഉണ്ണിമിശിഹായുടെ മുഖം പ്രശാന്തമത്രേ. പ്രേക്ഷകനിൽ ഭക്തിപ്രകർഷം അനായാസേന ഉളവാകത്തക്ക വിധത്തിലാണ് നിത്യസത്യപ്രധാനമായ ഈ വിശുദ്ധ പ്രമേയത്തിന്റെ ലളിതസുന്ദരമായ ആലേഖനം. ഇസക്കിയേൽ പ്രവാചകന് ലഭ്യമായ ദിവ്യദർശനത്തിന്റെ തത്വപ്രതിബിംബനപരമായ പ്രകാശനമാണ് അടുത്തതായി ആലേഖനം ചെയ്തിട്ടുള്ളത്. ചതുർമുഖങ്ങളോടുകൂടിയ, ചിറകുകൾ വഹിക്കുന്ന മനുഷ്യൻ, സിംഹം, വൃഷഭം, കഴുകൻ, എന്നിവയുടെ മുഖങ്ങൾ ഉള്ള ഒരു വിശിഷ്ട, വിചിത്ര, രൂപമാണ്. സുവിശേഷകരായ മത്തായി, മർക്കോസ്, ലൂക്കാസ് യോഹന്നാൻ, എന്നിവരുടെ പ്രത്യേക ചിഹ്നങ്ങളാണ് അനുക്രമം ചിറകുകൾ ഉള്ള മനുഷ്യൻ, സിംഹം, വൃഷഭം, കഴുകൻ, എന്നിവ.

സെന്റ് മേരീസ് പള്ളിയിലെ ചുവർചിത്രങ്ങളിൽ സുപ്രധാനമായവ മദ്ബഹായുടെ പിൻവശത്തെ അർദ്ധവൃത്താകൃതിയിലുള്ള ചുവരുകളിൽ അസാമാന്യ കലാവൈഭവത്തോടെ, ആത്മീയ ഭാവാവിഷ്ക്കരണപ്രധാനമായി, അവധാനപൂർവ്വം, ആലേഖനം ചെയ്തിട്ടുള്ള യേശുമിശിഹാ, പരിശുദ്ധ കന്യകാമറിയം, സ്നാപക യോഹന്നാൻ, പന്ത്രണ്ടു ശിഷ്യന്മാർ, എന്നിവരുടേതാണ്. മദ്ധ്യത്തിൽ ക്രിസ്തുദേവൻ പ്രശാന്ത



മുകളിൽ:— നാലു മുഖമുള്ള ജീവി താഴെ:— കർത്താവും ശിഷ്യന്മാരും



ക്കുന്ന കലാപൌരുഷ്ക്കല്യം ഈ ചിത്രത്തിലെ രൂപങ്ങളുടെ ആവിഷ്കരണത്തിൽ ദൃശ്യമത്രേ. ഓരോ രൂപത്തിന്റെയും ചുവട്ടിൽ സുറിയാനി ഭാഷയിൽ പേരുകൾ രേഖപ്പെടുത്തിക്കാണുന്നു.

പ്രേക്ഷകഹൃദയത്തിൽ ഭക്തിപ്രകർഷം ഉളവാകുന്ന, മധുരഗീതം പൊഴിക്കുന്ന പള്ളിമണികൾ, കേരളത്തിന്റെ പ്രത്യേകതയായ ഫലഭൂയിഷ്ഠമായ കേരവൃക്ഷങ്ങൾ, പരിശുദ്ധിയുടെ പ്രതീകമായ താമരപ്പൂ, എന്നിവ കലാകാരി അയത്നലളിതമായി, ഔചിത്യബോധത്തോടെ, പരിമിതങ്ങളായ രേഖകൾ, വർണ്ണങ്ങൾ എന്നിവയുടെ അതിസമർത്ഥമായ വിന്യാസത്തിലൂടെ ചുവരുകളിൽ ആലേഖനം ചെയ്തിരിക്കുന്നു. വിശദാംശങ്ങളെ സൂക്ഷ്മം ചിത്രണം ചെയ്യാതെ, മൌലികമായ ഭാവരൂപങ്ങൾക്കു മാത്രം സർവ്വപ്രാധാന്യം നൽകിക്കൊണ്ടാണ് ഇവയുടെ അർത്ഥസമ്പുഷ്ടമായ രചന. മദ്ബഹായുടെ മുകളിലത്തെ തട്ടിൽ കടും നീലനിറം പൂണ്ട ആകാശം,



സ്വർണ്ണവർണ്ണത്തിലുള്ള നക്ഷത്രങ്ങൾ, എന്നിവ സുശക്തസുഭഗമായി, ജാജ്വല്യമാനമായി, ചിത്രണം ചെയ്തിരിക്കുന്നു. ശക്തിയും, തെളിച്ചവും, ഉള്ള വർണ്ണങ്ങൾ ഇവിടെ മാത്രമേ ഊഷ്മളമായി, വൈകാരിക പ്രധാനമായി, കലാകാരി പ്രയോഗിച്ചിട്ടുള്ളു. അവയുടെ വിന്യാസം താളലയാത്മകവും, ഭാവോജ്ജ്വലവും ആണ്. ചിങ്ങം രാശി, സപ്തർഷിമണ്ഡലം, ധ്രുവനക്ഷത്രങ്ങൾ, എന്നിവയുടെ വികാരതീവ്രമായ ആലേഖനം അമൂർത്തകലാശൈലീവല്ലഭന്മാരുടെ ചിത്രരചനയെ അനുസ്മരിപ്പിക്കുന്നുണ്ടെങ്കിലും, വാനശാസ്ത്രവിജ്ഞാനത്തിൽ തികച്ചും സത്യസന്ധവും, കലാപരമായി അന്തർമുഖത്വപരവും ആണ്. പള്ളി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന് മുകളിൽ ഉള്ളത് ചിങ്ങം രാശിയാണ്; യേശുമിശിഹായുടെ ജനനം ചിങ്ങം രാശിയാണ്, എന്നീ പ്രത്യേകതകൾ ഈ ചിത്രത്തിന്റെ പൊരുൾ വിശദീകരിക്കുന്നു; അതിനെ സ്വാരസ്യസമ്പൂർണ്ണമാക്കുന്നു. ആരാധന അർപ്പിക്കുന്നതിനുള്ള വിശുദ്ധ പീഠത്തിനു മുകളിൽ സുവർണ്ണനിറത്തിലുള്ള ഒരു കുരിശു കാണാം. മദ്ധ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കടും നീലനിറത്തിലുള്ള വലിയ ഒരു രത്നം നീലരത്നസിംഹാസനത്തിൽ ഇരുന്ന് അന്തിമ ന്യായവിസ്താരം നിർവ്വഹിക്കുന്ന യേശുമിശിഹായുടെ രണ്ടാമത്തെ വരവിന്റെ പ്രതീകമാണ്. ആറ് പക്ഷങ്ങളോടുകൂടിയ മാലാഖമാരുടെ വർണ്ണോജ്ജ്വലമായ ചിത്രങ്ങൾ ഉൾക്കൊള്ളുന്ന അഞ്ച്

കണ്ണാടിജനലുകളും Stained Glass Windows മരീ ബറാംഗ്ഷേയുടെ കലാസൃഷ്ടികളത്രേ. സർഗ്ഗശക്തിനിറഞ്ഞ കലയും, അഭ്യാസസിദ്ധമായ കരകൌശലവും, സമ്മേളിക്കുന്നവയാണ് ഈ ജനലുകൾ. ഇരുട്ടിന്റെയും, നിഴലിന്റെയും, അതിസമർത്ഥമായ വിന്യാസം ഈ കലാസൃഷ്ടികളെ പ്രകാശമാനവും, മനോജ്ഞവും, ആക്കിത്തീർക്കുന്നു.



സെൻ്റ് മേരീസ് ഭദ്രാസനപ്പള്ളിയിലെ സക്രാരിയും, മരീ ബറാംഗ്ഷേയുടെ ഭാവനാസൃഷ്ടിയാണ്. സക്രാരിക്കുള്ള രൂപരേഖ ഈ കലാകാരി ചിത്രീകരിച്ചു. അതിനെ പിത്തളയിൽ നിർമ്മിച്ചത് കുംഭകോണത്തുള്ള ഒരു ശില്പിയാണ്. സക്രാരിയുടെ മദ്ധ്യത്തിൽ ഒരു നക്ഷത്രം കാണാം. രണ്ട് ത്രികോണങ്ങളുടെ നടുവിൽ ആണ് ഈ നക്ഷത്രചിഹ്നം. ചുറ്റും ഒരു വൃത്തവും ഉണ്ട്. പരിശുദ്ധിയുടെ, പ്രതിരൂപാത്മക ഭാവനയുടെ, നിതാന്തസുന്ദരമായ പ്രതീകമായ താമരപ്പൂ, പ്രകാശമാനമായ നക്ഷത്രം, രാജകീയ ചിഹ്നമായ കുട, എന്നിവയാണ് സക്രാരിയിലെ ഇതര പ്രതിപാദ്യവസ്തുക്കൾ. അവയെല്ലാം തന്നെ തികച്ചും ഭാരതീയമായ കലാരൂപങ്ങളുമാണ്.

തിരുവനന്തപുരം അതിരൂപതയിലെ ഈ ദൈവാലയത്തെ ആദർശശുദ്ധിയോടെ, സാങ്കേതിക നൈപുണ്യയോടെ, അലങ്കരിക്കുന്ന ചുവർചിത്രങ്ങൾ ഉത്തമകലയിൽനിന്നും മനുഷ്യന് ലഭ്യമാകേണ്ട അലൌകികമായ ആനന്ദദർശനമത്രേ. മതവും, കലയും, ഒത്തിണങ്ങിയാലുള്ള ചിൽപ്രകാശത്തിന്റെ പ്രതിഭാസമാണ്, അവ. ആത്മീയ ശുദ്ധീകരണത്തിന് ഉതകുന്നവയാണ് പ്രതിഭാജന്യമായ ഈ ഭിത്തിചിത്രങ്ങൾ. അവയിലെ സ്പഷ്ടതയും, ക്ലിപ്തതയും, വികാരവും, അനുഭൂതിയും, നവീനത്വവും, ഏററവും ശ്രദ്ധേയമത്രേ. "കലയിലെ സൌന്ദര്യവും, ഉദാത്തതയും, ഗാംഭീര്യവും, ദർശിക്കുന്നതിന് പ്രാപ്തിയില്ലാത്ത ഒരു മനുഷ്യന് ഒരിക്കലും ഒരു യഥാർത്ഥ മതഭക്തനാകാൻ സാധ്യമല്ല" എന്ന സ്വാമി വിവേകാനന്ദന്റെ വിചിന്തനത്തെ അനുസ്മരിപ്പിക്കുന്നവയാണ് വികാരപരവും, വിചാരപരവും ആയ ഈ ചുവർചിത്രങ്ങൾ.

മൌലികമായ പ്രമേയങ്ങളുടെ ആത്മീയ സത്തക്ക് കോട്ടംവരാതെ, അവയോടുള്ള സമീപനത്തിനും, അവയുടെ പ്രതിപാദനത്തിനും, ഉചിതമാണെന്നു തോന്നുന്ന അടിസ്ഥാനപരമായ

ചില വ്യതിയാനങ്ങൾ—സ്വർഗ്ഗശക്തിയുടെ ഭാവാത്മകപ്രധാനമായ പ്രകാശനത്തിന്ന സഹായകമാവുന്ന വിധത്തിൽ—ചെയ്യുന്നതിന്ന് കലാകാരന്ന് സ്വാതന്ത്ര്യം ഉണ്ട്. ഈ സ്വാതന്ത്ര്യത്തിൻെറ അവകാശപ്രഖ്യാപനമാണ് പുരോഗമനവാദികളായ അധുനാതന കലാകാരന്മാരുടെ മതപരമായ കലാസൃഷ്ടികളിലും കാണുന്നത്. ഏ. ഡി. തോമസ്, ജമിനി റോയി, ററി. കെ. എൻ. ത്രിവിക്രമൻ, ന്യൂട്ടൻസൂസാ, സതീശ് ഗുജ്റാൽ, കെ. സി. എസ്സ്. പണിക്കർ, സുധി ചാററർജി, ബദ്രി നാരായൻ, ഏ. എസ്സ്. ജഗന്നാഥൻ, എന്നീ അന്താരാഷ്ട്ര പ്രശസ്തി കരസ്ഥമാക്കിയ ഇന്ത്യൻ ചിത്രകാരന്മാർ ബൈബിളിലെ പ്രമേയങ്ങളെ നവീന കലാശൈലികളിൽ സ്വകീയ വ്യക്തിത്വത്തോടെ, വികാരനിർഭരമായി, ആവിഷ്കരിച്ചിട്ടുണ്ട്. ഒരു കേരളീയനായ ത്രിവിക്രമനാൽ രചിക്കപ്പെട്ട യേശുമിശിഹായുടെ ചിത്രം യൂറോപ്പിലും, അമേരിക്കയിലും, പ്രദർശിക്കപ്പെട്ടപ്പോൾ അമൂല്യ ബഹുമതികൾ നേടി. പണ്ഡിതാഗ്രണിയായ **Rev. Fr. Heras** ഈ ചിത്രം പാശ്ചാത്യ കലാകേന്ദ്രങ്ങളിലും, ക്രൈസ്തവ മതസങ്കേതങ്ങളിലും ആർജ്ജിച്ച അസാമാനമായ പ്രശംസയെപ്പററി വികാരനിർഭരമായി രേഖപ്പെടുത്തീട്ടുണ്ട്. പാശ്ചാത്യ പൌരസ്ത്യ കലാസിദ്ധാന്തങ്ങളുടെ ചിന്താദീപ്തമായ ഒരു വിശിഷ്ട അനുരഞ്ജനമാണ് ഈ അപൂർവ്വകലാസൃഷ്ടി. മരീ ബറാംഗ്ഷേ രചിച്ച ചുവർചിത്രങ്ങളിലും ഈ അനുരഞ്ജനത്തിൻെറ സ്ഫുരണങ്ങൾ ദൃശ്യമത്രേ.

സിറിയൻ മലങ്കര റീത്തിൻെറ തിരുവനന്തപുരം അതിരൂപതക്ക് എന്നെന്നും അഭിമാനിക്കാനും, ആഹ്ളാദിക്കാനും, പ്രചോദനം ഉൾക്കൊള്ളാനും, വേണ്ടത്ര വക നൽകുന്നതും, ആ വിഭാഗത്തിൽ പെടുന്ന ഒന്നരലക്ഷത്തോളം കേരളീയരായ സഭാംഗങ്ങളുടെ ആശയാഭിലാഷങ്ങളുടെ പൂർത്തീകരണവും, ആയ ഈ ഭദ്രാസന ദൈവാലയത്തിലെ ചുവരുകളെ, യാതൊരു പ്രതിഫലവും പററാതെ, നിഷ്ക്കാമകർമ്മമായി, കല ഒരു സാധനയാണെന്നുള്ള ബോധത്തോടെ, ആദർശശുദ്ധിയുള്ള ചിത്രങ്ങൾകൊണ്ട് അലങ്കരിച്ച അനുഗൃഹീതകലാകാരി മരീ ബറാംഗ്ഷേയോടും, അന്യാദൃശമായ ഈ കലാപ്രവർത്തനത്തിന് മധുരോദാരമായ സഹായ സഹകരണങ്ങൾ നൽകിയ അഭിവന്ദ്യനായ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയോടും, കലാഭക്തരായ ജനങ്ങൾക്കെല്ലാം അത്യധികമായ കടപ്പാടുണ്ട്. കേരളത്തിലെ മണ്ണിൻെറ മണവും, ഗുണവും, സംസ്കാരത്തിൻെറ അന്തസ്സത്തയും, ഭദ്രാസനപ്പള്ളിയിലെ ചുവർചിത്രങ്ങളിൽ മാത്രമല്ല ദൃശ്യമാകുന്നത്. സക്രാരി, അൾത്താരയിലെ വലിയ മെഴുകുതിരി പീഠങ്ങൾ, എന്നിവയുടെ സംവിധാനത്തിലും അവ പ്രതിഫലിക്കുന്നുണ്ട്. പതിമൂന്ന് ഓട്ടുനിലവിളക്കുകളാണ്, കേരളത്തിലെ ശില്പികൾ നിർമ്മിച്ചവ, മെഴുകുതിരി വഹിക്കുവാനുള്ള പീഠങ്ങൾ. താൻ ആലേഖനം ചെയ്തിട്ടുള്ള പള്ളി ചുവർചിത്രങ്ങളിൽ തനിക്ക് ഏററവും ആനന്ദവും, അനുഭൂതിയും, സംതൃപ്തിയും, നൽകിയത് തിരുവനന്തപുരം അതിരൂപതയിലെ സെൻറ് മേരീസ് പള്ളിയിലെ ഭിത്തിച്ചിത്രങ്ങളാണെന്ന് മരീ ബറാംഗ്ഷേ അഭിമാനസമന്വിതം, കൃതകൃത്യതയോടെ, ആർച്ച്ബിഷപ്പ് തിരുമേനിയോട് ഒരവസരത്തിൽ പറയുകയുണ്ടായി. "തൻെറ കഴിവുകൾ തൻെറ കൃതികളുടെ സ്തുതിഗീതത്തിനായി ഒരു കലാകാരൻ വിനിയോഗിക്കരുത്. വിനയം, ആർജ്ജവം, എന്നിവയോടെ അയാൾ തൻെറ കഴിവുകൾ അനുർക്ഷ വേണ്ടി സേവനം നിർവ്വഹിക്കുന്നതിനായി പ്രയോജനപ്പെടുത്തണം" എന്നത്രേ ഫ്രഞ്ചുകാരിയും, പ്രശസ്ത പ്രതിമാശില്പിയും, ആയ Andre Diesnis അഭിപ്രായപ്പെട്ടിട്ടുള്ളത്. ഫ്രഞ്ചുകാരിയും, പ്രഗത്ഭയായ ചിത്രകാരിയും ആയ Marie Barangar-ഉം, ഈ തത്വസംഹിതയിൽ വിശ്വസിക്കുന്ന ഒരു കലോപാസകയാണ്. സൌന്ദര്യാനുഭവം ദൈവികാനുഭൂതിയാണ് എന്ന പാശ്ചാത്യ ചിന്തകനായ പ്ലേറേറായുടെ സിദ്ധാന്തത്തിൻേറയും, സത്യം, ശിവം, സുന്ദരം, എന്ന ത്രിത്വത്തിൽ അടിയുറച്ചു നിൽക്കുന്ന ഭാരതീയ കലാസത്തയുടേയും, പൊരുൾ ശരിക്ക്

# 1964-ലെ മിഷ്യൻസൺഡേ പിരിവ്

## തിരുവനന്തപുരം അതിരൂപത

(തുടർച്ച)

| | | |
|---|---|---|
| മുൻവരവ് | 7791 | 25 |
| കായംകുളംമഠം & സ്കൂൾ | 120 | 00 |
| രാമഞ്ചിറ | 17 | 50 |
| തഴവാ | 5 | 00 |
| മഞ്ഞക്കാലാ | 55 | 00 |
| ഞാറയ്ക്കാട്ട് | 20 | 00 |
| പട്ടാഴി കിഴക്ക് | 25 | 00 |
| പട്ടാഴി പടിഞ്ഞാറ് | 18 | 00 |
| പിടവൂർ | 17 | 00 |
| പാണ്ടിത്തിട്ട | 15 | 00 |
| കറാണം | 75 | 00 |
| കോമല്ലൂർ | 14 | 20 |
| ഇടപ്പോൺ | 14 | 00 |
| വള്ളികുന്നം | 5 | 40 |
| കാപ്പിൽ | 5 | 00 |
| കണ്ണൂർവിള | 20 | 00 |
| അട്ടച്ചാക്കൽ (വീണ്ടും) | 7 | 00 |
| ഓമല്ലൂർ | 23 | 00 |
| കാരിയ്ക്കൽ | 10 | 00 |
| തേവലപ്പുറം | 10 | 62 |
| പത്തനാപുരം (വീണ്ടും) | 1 | 75 |
| ഏനാദിമംഗലം | 5 | 00 |
| കിഴവള്ളൂർ | 14 | 75 |
| വലഞ്ചുഴി | 14 | 75 |
| നെടുമങ്കാവ് | 10 | 00 |
| മൺവിള | 4 | 10 |
| കുളപ്പുറം | 35 | 00 |
| മെഴുകുമേൽ | 65 | 00 |
| ആകെ | 8418 | 32 |

## ലോകവാർത്തകൾ

സഭകളെക്കുറിച്ചു ഗവേഷണം നടത്തുന്നതിന വേണ്ടിയുള്ള ഒരു ലൂഥറൻ ഫൗണ്ടേഷൻ ഇക്കഴിഞ്ഞ ഫെബ്രുവരി ഒന്നാം തീയതി ഫ്രാൻസിലെ സ്റ്റ്രാസ്ബർഗിൽ ഔപചാരികമായി ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. കത്തോലിക്കാസഭയെക്കുറിച്ചാണ് ആദ്യം ഗവേഷണം നടത്തുക. രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി എക്യുമെനിസത്തെ ബാധിക്കുന്ന വിഷയങ്ങൾക്കു പ്രാമുഖ്യം നൽകപ്പെടുന്നതാണ്. ആരാധനക്രമം, പൗരോഹിത്യ ശുശ്രൂഷ, സഭയുടെ സ്വഭാവം, വേദപുസ്തകവും പാരമ്പര്യവും തമ്മിലുള്ള ബന്ധം — എന്നിവ പ്രത്യേകം ഗവേഷണവിധേയമാകുന്നതാണ്.

1967-ൽ കാനഡായിലെ മോൺട്രിയൽ നഗരത്തിൽവച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന അന്തർദ്ദേശീയ മേളയിൽ സംയുക്തമായി ഒരു ക്രിസ്ത്യൻപവിലിയൻ കാനഡായിലെ ഏഴു ക്രൈസ്തവവിഭാഗങ്ങൾ ചേർന്നു നിർമ്മിക്കുന്നതായിരിക്കും. 35 ലക്ഷം ഡോളറാണ് ഇതിനു ചിലവു കണക്കാക്കിയിരിക്കുന്നതു്. കത്തോലിക്കാസഭ, കാനഡായിലെ യുണൈറ്റഡ് ചർച്ച്, ആംഗ്ലിക്കൻ സഭ, പ്രസ്ബിറ്റേറിയൻ സഭ, ഒൺടാറിയോയിലെയും ക്യൂബക്കിലെയും ബാപ്റ്റിസ്റ്റ് കൺവെൻഷൻ, കാനഡായിലെ ലൂഥറൻ സഭ എന്നീ സഭകളാണ് ഇതിൽ ഒന്നിച്ചു സഹകരിക്കുന്നതു്. ഇതിനുവേണ്ടിയുള്ള ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കത്തോലിക്കാസഭയ്ക്കുവേണ്ടി മോൺട്രീലിലെ കാർഡിനൽ ലെജർ ആണ് ഒപ്പുവച്ചിരിക്കുന്നതു്. ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുന്നതിൽ ഒന്നിച്ചുചേരുകയാണ് ഇതുകൊണ്ടു തൽഭാരവാഹികൾ ഉദ്ദേശിക്കുന്നതു്.

---

ഗ്രഹിച്ച് ഈശ്വരചൈതന്യത്തെ സാക്ഷാത്കരിക്കുന്നതിനായി മതസംബന്ധിയായ പ്രമേയങ്ങളുടെ പ്രതിപാദനത്തിലൂടെ കലാസപര്യ അനുഷ്ഠിക്കുന്ന ഒരു ധന്യയാണ് ധാർമ്മികമൂല്യങ്ങളെ മാനിക്കുന്ന മരീ ബറാംഗ്ഷേ എന്ന വസ്തുത. തിരുവനന്തപുരം ഭദ്രാസനപ്പള്ളിയിൽ അവർ ആലേഖനം ചെയ്ത അന്തർമുഖ സമാരാധ്യമായ ചുവർചിത്രങ്ങൾ പ്രഖ്യാപനം ചെയ്യുന്നുണ്ട്. ഭക്തിയും, ജ്ഞാനവും, സമഗ്രാധിപത്യം വഹിക്കുന്ന, അനുഭൂതിയുടെ ആവിഷ്കാരത്തിൽ അനുമാനമായ, ഈ ചുവർചിത്രങ്ങൾ നിശ്ചയമായും ഭാവവിധേയത്വവും, സഹൃദയത്വവും, ഉള്ള പ്രേക്ഷകർക്ക് മതത്തിൽ വേരുറച്ചിരിക്കുന്ന ധർമ്മാനുഷ്ഠാനത്തിന് സുശക്തമായ പ്രചോദനം നൽകും.



# അതിരൂപതാവാർത്തകൾ

## തിരുവനന്തപുരം അതിരൂപത

തഴവായിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന ദൈവാലയത്തിൻെറ പ്രതിഷ്ഠാകർമ്മം ഫെബ്രുവരി 26-ന് അഭിവന്ദ്യതിരുമേനി നിർവ്വഹിച്ചിരിക്കുന്നു. പള്ളി കൂദാശയ്ക്കു സ്ഥലത്തെത്തിയ അഭിവന്ദ്യതിരുമേനിക്കു തഴവാ, ശൂരനാട്ട്, പോരുവഴി മുതലായ ഇടവകക്കാർ ഗ്രാൻറ് സ്വീകരണം നൽകി.

മാർച്ച് 6-ന് തിരുമേനി തിരുവനന്തപുരം കാർഷിക കോളേജിൻെറ വാർഷികച്ചടങ്ങുകളിൽ അദ്ധ്യക്ഷത വഹിച്ചു ഒരു രാജ്യത്തിൻെറ ധനപരമായ കാര്യങ്ങളിൽ ശാസ്ത്രീയമായ കൃഷിക്കുള്ള പ്രാധാന്യത്തെക്കുറിച്ചും കർഷകരാജ്യമായ നമ്മുടെ നാട്ട് അഭിവൃദ്ധിപ്പെടേണ്ട ആവശ്യകതയെക്കുറിച്ചും തിരുമേനി അദ്ധ്യക്ഷപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

മാർച്ച് 7-ന അഭിവന്ദ്യതിരുമേനി, വലഞ്ചുഴി, വള്ളിക്കോട്ട്—കോട്ടയം മുതലായ ഇടവകകൾ സന്ദർശിച്ചു.

ലാററിൻ അമേരിക്കയിലെ ഡോമിനിക്കൻ റിപ്പബ്ളിക്കിൽവച്ചു മാർച്ച് 18 മുതൽ 25 വരെ നടന്ന അന്തർദേശീയ മരിയൻ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിന്ന അഭിവന്ദ്യതിരുമേനി അഡ്വക്കേററ് ഏ എം. മാത്യുവുമൊന്നിച്ച് മാർച്ച് 13-ന തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു. മരിയൻ കോൺഗ്രസ്സിൻെറ സ്ഥിരം കമ്മിററിയിലേക്കു അഭിവന്ദ്യതിരുമേനിയെ മാർപ്പാപ്പാ തിരുമേനി നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം വിമാനത്താവളത്തിൽ വച്ച് അഭിവന്ദ്യതിരുമേനിക്കു ഹൃദ്യമായ ഒരു യാത്രയയപ്പു നൽകപ്പെട്ടു. വന്ദ്യതിരുമേനി ഇററലിയും ജർമ്മനിയും സന്ദർശിച്ച ശേഷം 19-ാം തീയതി ന്യൂയോക്കുവഴി ഡോമിനിക്കൻ റിപ്പബ്ലിക്കിലെ സാൻഡൊമിംഗോ എന്ന പട്ടണത്തിലെത്തി. സമ്മേളനചടങ്ങുകളിലെല്ലാം അഭിവന്ദ്യതിരുമേനി സംബന്ധിച്ചു. 'എക്യുമിനിസ'ത്തെക്കുറിച്ചു ചർച്ചചെയ്ത സമ്മേളനത്തിൽ തിരുമേനി അദ്ധ്യക്ഷതവഹിച്ചു.

## പുതിയ മിഷ്യനുകൾ

കോലിയക്കോട്ട് ഇരുപത്തഞ്ചോളം വീട്ടുകാർ സഭാംഗങ്ങളായിരിക്കുന്നു. അവിടെയുള്ള മിഷ്യൻെറ ഉൽഘാടനം മാർച്ച് 7-ന് വികാരി ജനറൽ റൈററ്. റവ മോൺ. കുരുവിള നിർവഹിച്ചു. പിറേറദിവസം റവ. ഫാ. ലോറൻസ് അവിടെ വി കുർബാന ചൊല്ലി.

വെള്ളായണിക്കടുത്ത് ഉദക്കോട്ട് എന്ന സ്ഥലത്ത് ഇരുപതു വീട്ടുകാർ മാർച്ച് 14-ന് സഭാംഗങ്ങളായി. മിഷ്യൻെറ ഉൽഘാടനം റൈററ്. റവ. മോൺ കുരുവിള നിർവഹിച്ചു. റവ. ഫാ. ലോറൻസിനാണു ഈ മിഷ്യൻെറയും ചുമതല.

## തിരുവല്ലാ രൂപത

ഫെബ്രുവരി 21-ാം ഞായറാഴ്ച നാലുമണിക്കു മാർ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു അയിരൂർ തെക്കുകര പുതുതായി സ്ഥാപിച്ച ദൈവാലയത്തിൻെറ കൂദാശ നിർവഹിച്ചിരിക്കുന്നു

നിരണത്തു ഒരു പുതിയ മിഷ്യൻ ആരംഭിക്കുകയും 30 വീട്ടുകാർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തിരിക്കുന്നു

മാർച്ച 4 മുതൽ 13 വരെ വന്ദ്യതിരുമേനി മലബാറിലെ വിവിധ മിഷ്യൻ കേന്ദ്രങ്ങൾ സന്ദർശിച്ചിരിക്കുന്നു വടക്കൻ മലബാറിൻ നടുവിൽ എന്ന സ്ഥലത്തു പുതുതായി പണിത പള്ളിയുടെ കൂദാശ 7-ാം ഞായറാഴ്ച നാലുമണിക്ക് വന്ദ്യതിരുമേനി നടത്തിയിരിക്കുന്നു.

14-ാം-ചുങ്കപ്പാറ പള്ളിയിൽ വച്ച് ആ ഇടവകയിൽ പെട്ട ബ. പുനമഠം മാത്യു ശെമ്മാശനു വന്ദ്യപിതാവ് കശ്ശീശാ പട്ടം നൽകി. അനവധി വൈദികരും വിശ്വാസികളും ശുശ്രൂഷയിലും മററും സംബന്ധിച്ചിരുന്നു.

**Registered No: K. 405.**

## സൺഡേസ്കൂൾ ഡിറക്ടർ അറിയിക്കുന്നത്

### 1 സൺഡേസ്കൂൾ വാർഷികപ്പരീക്ഷയും മത്സരപ്പരീക്ഷയും.

ഈ വർഷത്തെ സൺഡേസ്കൂൾ വാർഷികപ്പരീക്ഷ മേയ് മാസം 16-ാം തീയതിയും മത്സരപ്പരീക്ഷ 30-ാം തീയതിയും ഉച്ചകഴിഞ്ഞു് 2. 30 മുതൽ 5 മണിവരെ നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. മുൻകൊല്ലങ്ങളിലെപ്പോലെ മൂന്നു മുതൽ ഒൻപതു വരെയുള്ള ക്ലാസുകളിലേക്കു് ചോദ്യക്കടലാസുകൾ ഇവിടെനിന്നും അയച്ചുകൊടുക്കുന്നതായിരിക്കും. വാർഷികപ്പരീക്ഷ നമ്മുടെ എല്ലാ ഇടവകകളിലും കൃത്യസമയത്തു് നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചുമതലപ്പെട്ടവർ ചെയ്യേണ്ടതാണു്. ഓരോ ക്ലാസിലേക്കും വേണ്ട ചോദ്യക്കടലാസുകൾ എത്രയെന്നു് ഏപ്രിൽ 26-ാം തീയതിയ്ക്കകം അറിയിച്ചാൽ അത്രയും അയച്ചുകൊടുക്കുന്നതായിരിക്കും. എണ്ണം അറിയിക്കുന്നില്ലായെങ്കിൽ ഓരോ ക്ലാസിലേക്കും ഈ രണ്ടു ചോദ്യക്കടലാസുകൾ അയയ്ക്കുന്നതായിരിക്കും. പരീക്ഷ കഴിഞ്ഞു് ഒരാഴ്ചയ്ക്കകം ഉത്തരക്കടലാസുകൾ പരിശോധിച്ചു് അടുത്തു വരുന്ന ഞായറാഴ്ച ഫലപ്രഖ്യാപനം നടത്തേണ്ടതാണു്. മാർക്കുലിസ്റ്റു് സൺഡേസ്കൂൾ ആഫീസിലേക്കു അയച്ചുകൊടുക്കുകയും വേണം.

ഓരോ ക്ലാസിലും ഒന്നാമതും രണ്ടാമതും പാസ്സാകുന്ന വിദ്യാർത്ഥികൾക്കു് ഡിസ്ത്രിക്റ്റു് കേന്ദ്രത്തിൽ വച്ചോ പ്രോട്ടോപ്രസ്ബിററർ തന്റെ ഡിസ്ത്രിക്റ്റിലുള്ള വികാരിയച്ചന്മാരുമായി ആലോചിച്ചു് നിശ്ചയിക്കുന്ന മററു സ്ഥലങ്ങളിൽ വച്ചോ മുപ്പതാം തീയതി നടത്തുന്ന മത്സരപ്പരീക്ഷയിൽ പങ്കുകൊള്ളുന്നതിനു് വിദ്യാർത്ഥികളെ ബ. വികാരിമാർ പ്രോത്സാഹിപ്പിച്ചു് അയയ്ക്കണം. മത്സരപ്പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ ഇവിടെനിന്നും പ്രോട്ടോപ്രസ്ബിറേറഴ്സിനു അയച്ചുകൊടുക്കുന്നതാണു്. മത്സരപ്പരീക്ഷ പ്രോട്ടോപ്രസ്ബിറേറഴ്സ് തങ്ങളുടെ നേതൃത്വത്തിൽ നടത്തുകയും ഉത്തരക്കടലാസുകൾ പരിശോധിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുകയും വേണം. ഓരോ ക്ലാസിലും ഒന്നാമതും രണ്ടാമതും പാസ്സാകുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളും എല്ലാവരുടെയും മാർക്കുലിസ്റ്റും ജൂൺ 15-ാം തീയതിയ്ക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചുതരികയും വേണം.

### 2 സൺഡേസ്കൂൾ സമ്മർക്യാമ്പു്.

വർഷംതോറും സൺഡേസ്കൂൾ അദ്ധ്യാപകർക്കായി നടത്തിപ്പോരുന്ന സമ്മർക്യാമ്പു് ഈ വർഷവും ഏപ്രിൽ-മേയ് മാസങ്ങളിൽ നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ പ്രോട്ടോപ്രസ്ബിറേറഴ്സ് ചെയ്യേണ്ടതാണു്. ക്യാമ്പു് ഒരു ഡിസ്ത്രിക്റ്റു് തനിച്ചോ ചുററുമുള്ള പല ഡിസ്ത്രിക്റ്റുകൾ ചേർന്നോ നടത്താവുന്നതാണു്. ഭക്ഷണദൗർലഭ്യവും വിലക്കയററവും മൂലം ഈ വർഷത്തെ ക്യാമ്പു് നടത്തുന്നതു് വളരെ ക്ലേശകരമാണെങ്കിലും ക്രിസ്തീയ ജീവിതത്തിൽ മതബോധനത്തിന്റെ പ്രാധാന്യം പരിഗണിച്ചു് ക്യാമ്പു് നടത്തേണ്ടതു് ഏററവും ആവശ്യമായിരിക്കുന്നു. ഒരു ഡിസ്ത്രിക്റ്റു് തനിച്ചു് ക്യാമ്പു് നടത്തുന്നുവെങ്കിൽ ആ ഡിസ്ത്രിക്റ്റിലുള്ള വികാരിമാരുടെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗത്തിൽ വച്ചു് തീരുമാനങ്ങൾ എടുക്കാവുന്നതാണു്. പല ഡിസ്ത്രിക്റ്റുകൾ ചേർന്നു നടത്തുന്നുവെങ്കിൽ ആ ഡിസ്ത്രിക്റ്റുകളിലെ പ്രോട്ടോപ്രസ്ബിറേറഴ്സുമായി ആലോചിച്ചതിനുശേഷം ബ. വികാരിമാരുടെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും ഒരു കോൺഫറൻസു് വിളിച്ചുകൂട്ടി വേണ്ട തീരുമാനങ്ങൾ സ്വീകരിക്കാവുന്നതാണു്. ക്യാമ്പു് മൂന്നു ദിവസത്തേയ്ക്കെങ്കിലും നടത്തുന്നതു് ഉചിതമായിരിക്കും. മുൻകൊല്ലങ്ങളിലേപ്പോലെയുള്ള സാമ്പത്തികസഹായം ഈ ക്യാമ്പുകൾക്കു് നല്ലതായിരിക്കും.

ഈ മദ്ധ്യവേനൽക്കാലത്തു് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായും ക്യാമ്പുകൾ, പഠനക്കളരികൾ, ഉല്ലാസയാത്രകൾ മുതലായവ ഇടവകാടിസ്ഥാനത്തിലും ഡിസ്ത്രിക്റ്റു് അടിസ്ഥാനത്തിലും നടത്തുന്നതു് ഏററവും പ്രയോജനപ്രദമായിരിക്കും.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*